അയനം

എസ്.വിച്ച്.കോളേജ്

ഗോൾഡൻ ജൂബിലി മാഗസിൻ

STATEMENT OF OWNERSHIP
FORM IV
(See Rule 8)

1.	Place of Publication	:	S.H. College, Thevara
2.	Periodicity of publication	:	Annual
3.	Printer's Name	:	Rr. Dr. Varghese Pallamattam
	Whether citizen of India	:	Indian
	If foreigner, state the country of Origin		
	Address	:	Principal, S.H. College, Thevara
4.	Publishers Name	:	Principal, Rr. Dr. Varghese Pallamattam
	Address	:	S.H. College, Thevara, Cochin 13.
5.	Editor	:	Sachin Dev
	Nationality	:	Indian
	Address	:	Editor, S.H. College, Thevara



Patron of the College Union &
Chairman of the Editorial Board
Rr. Dr. Varghese Pallamattam

Staff Advisor
Prof. Cyriac P.J.

Editor
Sachin Dev

Editorial Board
Prof. M.P. Jose (Eng. Dept.)
Prof. T.T. Joseph (Eng. Dept.)
Prof. Tom Varghese (Hindi Dept.)
Prof. K.C. abraham (Eco. Dept.)
Prof. Naranan Nambootiri (Mal. Dept.)
Jaya Sivaraman
Roopini George
Rajesh K.
Sajeev K.P.
Bijeesh K.B.
Sigy Antony Joseph

Cover Layout
Prof. Jayaram C.S. (Dept. of Eng.)

DTP & Printing
Chithira Printers & Publishers, Cochin-16 Ph. 36400



അയനം

SACRED HEART COLLEGE
ANNUAL '93-94

GOLDEN JUBILEE YEAR
50
SACRED HEART COLLEGE

We the citizens of tomorrow are more alien to ourselves than w e are to our surroundings. In a few years each one of us w ill fall into focus. But, for the present we are trying to ident ify ourselves. Our thoughts and ideas may or may not revo lutionise the future. But the only way they can make an impact on life and morals is when they are put across to other people. And even if we are not very adept at putting our thoughts into appropriate words, our attempts at creative writing reflects our view of life as we see it.

Let me first of all thank my friends for giving me this opportunity to edit their college magazine. Bringing out the Magazine in a real good way and working for it was the only way in w hich I could repay the trust they have placed in me. I strongly believe that I've done the best I could. I am fully prepared to accept any/all of the blame(s) you esteemed readers find as you read on.

As Abraham Lincoln once said

'You can pleas e all the people some of the time

You can please some of the people all the time

But you cannot please all the people all the time'

Before concluding; a few things needs to be mentioned lest it go incomplete. First a note of sincere thanks to all the Editorial Board members and to all those well meaning friends, without whose priceless efforts, this endeavour would not hav e been a success.

Though we might all not become poets or writers we have tried to use the talents we possess in making the best of this magazine.

And I consider my task has been carried out sincerely to the best of my abilities.

SACHINDEV
Editor





from the principal

തേവര കോളേജ് സ്ഥാപിച്ചതിന്റെ സുവർണ ജൂബിലി വർഷമാണിത് (1994). പാരമ്പര്യത്തിൽ നിന്നു ശക്തിയാർജ്ജിച്ച്, ഇന്നിന്റെ വികാരങ്ങളേയും നാളെയുടെ സ്വപ്നങ്ങളേയും ഉൾക്കൊണ്ടുകൊണ്ടുള്ള കർമ്മ പദ്ധതികൾക്കു തുടക്കം കുറിക്കേണ്ട സമയമാണിത്. കോളേജ് യൂണിയൻ മാഗസിനിൽ ഈ വികാരങ്ങളും ആശയങ്ങളും ഉൾക്കൊള്ളിക്കാൻ മാഗസിൻ കമ്മിറ്റി ശ്രമിക്കുന്നത് സന്തോഷകരമാണ്.

പഠനത്തിലും പഠനേതര പ്രവർത്തിമണ്ഡലങ്ങളിലും തേവര കോളേജ് ഏറ്റവും മികച്ച നിലവാരം പുലർത്തുന്നു എന്നത് ചാരിതാർത്ഥ്യജനകമാണ്. എന്നിരുന്നാലും നാം ഒട്ടേറെ മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. നിറങ്ങളുടെ വെല്ലുവിളികളെ നേരിടാൻ തേവര തിരുഹൃദയകലാലയത്തിലൂടെ കടന്നുപോകുന്ന എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികളേയും ഒരുക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം കോളേജുമായി ബന്ധപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകാനദ്ധ്യാപകർക്കും മാതാപിതാക്കൾക്കും അഭ്യുദയകാംക്ഷികൾക്കും മാനേജ്മെൻറിനും ഉണ്ട്.

ഈ സംഘാതപ്രവർത്തനത്തിനുള്ള ഉത്തേജനം നമുക്കേവർക്കും സൗവർഷം ലഭിക്കട്ടെ എന്നാശംസിക്കുന്നു.

Rev. Dr. Varghese Palamattam

ആദരാഞ്ജലികൾ



റ. ഫാ. മലേഷ്യസ് പാലാട്ടി

രാജേഷ് എ.എം.

'ഇന്ന് സ്ട്രൈക്കാ!'

Jayalakshmi Venugopal
Ist P.D.C. IIIrd group

ഏതു നിമിഷവും ബസ്സിന്റെ ഇരമ്പത്തിന് കാതോർത്തുകൊണ്ട് ഞാൻ ബസ്സ്റ്റോപ്പിൽ നിൽക്കാൻ തുടങ്ങിയിട്ട് അരമണിക്കൂറായി. നിന്നുനിന്ന് കാലു കഴച്ചപ്പോൾ നേരേ മുന്നിൽ കാണാവുന്ന ദേവീക്ഷേത്രത്തിന്റെ തിരുനടയിലേക്ക് അറിയാതെ കണ്ണുകൾ പാഞ്ഞു. ആ വഴിയിലൂടെ ഒരു വൃദ്ധ നടന്നുവരുന്നുണ്ട്. ഞാൻ ഇവിടെ വന്ന നേരത്താണവർ ക്ഷേത്രത്തിലേക്ക് പോയത്. അവർ ദർശനവും കഴിഞ്ഞെത്തിയിട്ടും ബസ്സ് വന്നിട്ടില്ല. പതിവായി കണ്ടുള്ള പരിചയം വച്ചുകൊണ്ടായിരിക്കണം, അവരെന്നെ നോക്കി ചിരിച്ചുകൊണ്ട് ചോദിച്ചു.

'മോള് ബസ്സും നോക്കിയാണോ നിൽപ്?'

'അതേ'

'എന്തിനാ കൊച്ചേ വെറുതെ നേരം കളേന്നേ? നേരേ വടക്കേകോട്ടേലേയ്ക്ക് നടന്നോ അതാ നല്ലത്. അല്ലെങ്കീന്ന് പഠിക്കാമ്പോകൂല്ല..'

അവർ വീണ്ടും എന്തോ പറഞ്ഞുകൊണ്ട് നടന്നകന്നു. ഞാൻ വാച്ചിലേക്ക് നോക്കി. മണി എട്ടര. ഇപ്പോ നടന്നാൽ ഒമ്പതിനുള്ള ബസ്സെങ്കിലും കിട്ടും. (ഞങ്ങളുടെ ഓണം കേറാമൂലയിൽ ഓട്ടോറിക്ഷകൾക്കും ബസ്സുകൾക്കും വളരെ പഞ്ഞമാണ്. അതുകൊണ്ട് മിക്കപ്പോഴും അരമണിക്കൂർ നടന്ന് വടക്കേകോട്ടവാതിൽ എന്ന 'തൊട്ടടുത്ത' ബസ്സ്റ്റോപ്പിൽ നിന്നേ ബസ്സിൽ കയറാറുള്ളൂ) ഞാൻ പിന്നെ ചിന്തിച്ചുനിന്നില്ല. കഴിയുന്നത്ര വേഗത്തിൽ നടന്നു. വിജനമായ വഴി. ഈ വഴിയിലൂടെ ഞാനൊറ്റയ്ക്ക്...ഹൗ! ഓർത്തപ്പോൾ നെഞ്ചിനകത്തൊരു ഭൂകമ്പം. മുപ്പത്തിമുക്കോടി ദേവൻമാരേയും ഒറ്റ നിമിഷം കൊണ്ട് മനസ്സിൽ ധ്യാനിച്ച് മുന്നും പിന്നും നോക്കാതെ ഞാൻ വെച്ചടിച്ചു.

ഒരു വിധത്തിൽ നടന്നും ഓടിയും സ്റ്റോപ്പിലെത്തിയപ്പോൾ മണി കൃത്യം ഒമ്പത്. ഇനി ഒരു ഓട്ടമത്സരമായിരിക്കും. വരുന്ന എല്ലാ ബസ്സുകൾക്കും പുറകെ. ഏതായിരിക്കുമാവോ ഒന്നു നിർത്തുക! ഞാൻ വീണ്ടും 'നിൽപ് സത്യാഗ്രഹം' തുടങ്ങി. അവിടെ എന്നെപ്പോലുള്ള സത്യാഗ്രഹികൾ വേറെ പലരും ഉണ്ടായിരുന്നു. കാലിയടിച്ചു പോകുന്ന ബസ്സുകൾ പോലും നിർത്താതെ പോകുന്നു. നിർത്തുന്നവയാകട്ടെ, 'ഫുൾടിക്കറ്റു'കാരെ മാത്രം കയറ്റി, ഞങ്ങൾ 'പിള്ളാരുടെ നേരേ വാതിലും കൊട്ടിയടച്ച് ഒരു പഞ്ചാരച്ചിരിയും ചിരിച്ച് സ്ഥലം വിടുന്നു. ഹോ! അതു കാണുമ്പോൾ വരുന്ന കലി. നളനുപോലും അത്രയ്ക്കു കലിബാധയുണ്ടായിക്കാണില്ല.

അവസാനം ഒരു ബസ്സിൽ കയറിക്കൂടി. അതിലാണെങ്കിൽ സൂചികുത്താനിടമില്ല. ഈ പൊണ്ണൻ ബാഗും കുടയും എല്ലാം പിടിച്ചുകൊണ്ട് നിൽക്കാൻ സാധിക്കുന്നില്ല. ഞാൻ പതുക്കെ ഒരു സ്ത്രീയെ വിളിച്ചു. 'ശ് ശ്.' കേട്ടഭാവമില്ല. 'ശ്ശ്ശ്ശ്..' ങേഹേ! 'ചേച്ചീ,' ഭഗവാനേ! ദിവ്യകടാക്ഷം ഇപ്പോഴെങ്കിലും ലഭിച്ചല്ലോ എന്ന് ഞാൻ ശരിക്കും ആശ്വസിച്ചു, അവരൊന്നു തിരിഞ്ഞു നോക്കിയപ്പോൾ, 'ചേച്ചീ, ഈ ബാഗൊന്നു പിടിക്കോ?' അവരെന്നെ അടിമുടിയൊന്നു നോക്കി. ഞാൻ ഉരുകിപ്പോകാഞ്ഞത് ദൈവാനുഗ്രഹം! എന്നിട്ട് കഴുത്തു വെട്ടിച്ച് തിരിഞ്ഞൊരു ഇരുത്തവും. ഞാൻ പിന്നെ ഒന്നും മിണ്ടിയില്ല. കാരണം സംസാരശേഷി നഷ്ടപ്പെട്ടുപോയതുപോലെ തോന്നി.

ഒടുവിൽ ചമ്മന്തിപ്പരുവത്തിൽ പള്ളി മുക്കിലിറങ്ങിയപ്പോൾ മണി ഒമ്പതര. 'എടാ, എന്റെ കൈയും കാലുമെല്ലാം നേരെ ചൊവ്വേ ഉണ്ടല്ലോ, ഇല്ലേ?' ബസ്സിൽനിന്നും ഇറങ്ങിയ ആരോ ചോദിക്കുന്നതുകേട്ട് ചിരിയടക്കിക്കൊണ്ട് ഞാൻ റോഡ് മുറിച്ചു കടന്നു. ബസ്സ് നോക്കി നിൽക്കാൻ സമയമില്ല.

ഞാനൊരു ഓട്ടോ പിടിച്ചു. 'തേവരക്കോളേജ്'. ഓട്ടോറിക്ഷ നിരങ്ങിനീങ്ങുന്നു. മീറ്ററിന് നിരങ്ങൽപോയിട്ട് ഇഴയൽപോലുമില്ല! 'ഇതെന്താ മീറ്റർ വർക്ക് ചെയ്യുന്നില്ലേ?' ഞാൻ ഓട്ടോഡ്രൈവറോടു ചോദിച്ചു. 'അത് ചത്തിരിക്കുവാ', അയാളുടെ മറുപടി.

ഒടുവിൽ ചാർജു കൊടുക്കാൻ നേരത്താണ് ഞാൻ ശരിക്കും നക്ഷത്രമെണ്ണിയത്. പതിനൊന്നു രൂപ. ഉള്ള ചില്ലറ മുഴുവൻ എണ്ണിപ്പെറുക്കി കൊടുത്തുകഴിഞ്ഞപ്പോൾ പേഴ്സ് കാലി! ഇനിയിപ്പോ തിരിച്ചുപോണെങ്കിൽ ആരോടെങ്കിലും കടം ചോദിക്കണം.

സമയം വൈകുന്നു, ഞാൻ ക്ലാസ്സിലേക്കോടി. ആ പടികൾ മുഴുവൻ കയറുന്ന നേരം കൊണ്ട് ശബരിമല രണ്ടുപ്രാവശ്യം കയറിയിറങ്ങാമെന്നു തോന്നി, അണച്ചണച്ച് ക്ലാസ്സിലെത്തിയപ്പോൾ! ഭാഗ്യത്തിന് പ്രാർത്ഥന തുടങ്ങുന്നതേയുണ്ടായിരുന്നുള്ളു. ഒരു നിമിഷം ക്ലാസ്സിലാകെ പടർന്നു കയറിയ നിശ്ശബ്ദതയുടെ വള്ളികൾ മുറിഞ്ഞപ്പോൾ അടുത്തിരുന്ന ഷീബ ചോദിച്ചു:-

'എന്തിനാടോ വന്നേ?' ഞാൻ മിഴിച്ചു നിന്നു.

'അതെന്താ അങ്ങനെ ചോദിച്ചേ?'

'ഇന്ന് സ്ട്രൈക്കാ!'

എനിക്ക് തലകറങ്ങുന്നതുപോലെ തോന്നി.

'സത്യമാണോ താനീപ്പറയുന്നത്?'

'അതേന്നെ, ഇന്നലെ ആരാണ്ടാരാണ്ടെ തല്ലീന്ന്!'

ഞാൻ തലയിൽ കൈവച്ചുപോയി! എന്റെ പതിനൊന്നു രൂപ! എനിക്കെല്ലാവരേയും വെട്ടിക്കൊല്ലാനുള്ള ദേഷ്യം തോന്നി. ഇത്രേം കഷ്ടപ്പാടെല്ലാം സഹിച്ച് ഇവിടെ വന്നിട്ട്... ഇപ്പോ..ഇനി വീട്ടിൽ ചെന്നാൽ പതിനൊന്നു രൂപയ്ക്കെന്തു സംഭവിച്ചെന്നു പറയും ഞാൻ? പള്ളിമുക്കിൽ നിന്ന് ഞാനൊറ്റയ്ക്കൊരൊട്ടോയിൽ കോളേജിൽ പോയെന്നറിഞ്ഞാൽ പിന്നെ എന്നെ വച്ചേക്കില്ല.

എനിക്കെന്തൊക്കെയോ തോന്നുന്നുണ്ടായിരുന്നു. തോന്നിയിട്ടെന്തു ചെയ്യാൻ? അപ്പോഴേയ്ക്കും മൂദ്രാവാക്യങ്ങൾ അടുത്തെത്തിയിരുന്നു. ഞങ്ങളുടെ ക്ലാസ്സിന്റെ തൊട്ടുതാഴെ അടി വീണ്ടും തുടങ്ങിയിരുന്നു. കൂട്ടുകാരോടു കടം വാങ്ങിയ പൈസയുമായി ഞാൻ പതിയെ ഗോവണിയിറങ്ങി.



"ഒരു കുരിശിൽ കിടന്നു മനിഷ്യ ദ്യേശുവി നെന്നിനു പൊൻകുരിശ്"

ബഷീർ

ഇരുളിൽ ജ്വലിച്ചുനിന്ന തിരിനാളം

സംഘബലമോ നിരൂപകരുടെ പിന്തുണയോ ഇല്ലാതെ സ്വന്തം ഇച്ഛാശക്തികൊണ്ട് മാത്രം മികച്ച കഥയെഴുത്തുകാരനായി തീർന്ന പ്രതിഭാശാലിയായിരുന്നു വൈക്കം മുഹമ്മദ് ബഷീർ. സാഹസികനായ ഒറ്റയാൻ ആയിരുന്നു അദ്ദേഹം. അംഗീകാരം ലഭിച്ചപ്പോഴാണ് ബഷീറിനെ ഏറ്റെടുക്കാനും പൊക്കിപ്പറയാനും ആളുണ്ടായത്. എന്നാൽ അദ്ദേഹത്തെ കേരളത്തിലെ പ്രബലമായ സാഹിത്യക്ലിക്കുകളിൽ ഒന്നിന്റേയും ആളാക്കി മാറ്റാൻ ഒരിക്കലും ആർക്കും കഴിഞ്ഞില്ല.

പൊള്ളുന്ന ജീവിതാനുഭവങ്ങളുടെ ചൂളയിൽ കറതീർന്ന യോഗി മനസ്സായിരുന്നു കഥാനായകന്റേത്. അനുഭവങ്ങൾ മനുഷ്യനെ എന്തുമാത്രം എളിമയുള്ളവനും നിർമ്മലചിത്തനും ആക്കിത്തീർക്കും എന്നുകൂടി ബഷീർനമ്മെ പഠിപ്പിച്ചു.

സാഹിത്യത്തിലെ സവർണ്ണനേതൃത്വവും (പൊൻകുന്നം വർക്കിയെക്കുറിച്ച് 'നസറാണി പയ്യനും കഥയെഴുതുമോ' എന്ന് പുച്ഛിച്ച മഹാകവികൾ ജീവിച്ചിരുന്ന കാലം) അക്കാലത്ത് പ്രബലമായിരുന്ന ജീവൽ സാഹിത്യ

പ്രസ്ഥാനവും ഒരേ ശക്തിയോടെയാണ് ബഷീറിനെ എതിർത്തത്. ലാവണ്യനിയമങ്ങൾ കാറ്റിൽ പറത്തിയ 'ശബ്ദങ്ങൾ' പോലെയുള്ള സൃഷ്ടികൾ ഇരുവിഭാഗത്തിന്റെയും എതിർപ്പ് ഒരേ അളവിൽ നേടിയെടുത്തു.

വളയാത്ത നട്ടെല്ലും വിരിഞ്ഞ നെഞ്ചും ശിരസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള നടത്തവും ആരെയും കൂസാത്ത ഭാവവും പ്രമാണിമാർക്ക് ദഹിക്കാതിരുന്നതിൽ അൽഭുതമില്ല. ഇന്നത്തെപോലെ പണ്ടും സാഹിത്യ പ്രമാണിമാരെ കാണുമ്പോൾ കവാത്ത് മറക്കുന്നവരായിരുന്നു ഏറെയും. നിരൂപകരുടെയും ചെറുകിട-മധ്യ നിര എഴുത്തുകാരുടെയും കാര്യം പറയാനുമില്ല.

ഇവർക്കിടയിലൂടെയാണ് ബഷീർ എന്ന തുലുക്കൻ പയ്യൻ ജനമനസ്സുകളിലേക്ക് നടന്നുകയറിയത്. പദ സ്വാധീനമോ പ്രകടനവ്യഗ്രമായ പാണ്ഡിത്യമോ അല്ല, ഭാവനയും അനുഭവങ്ങളുമാണ് എഴുത്തുകാരന്റെ ശക്തിയെന്ന് അദ്ദേഹം തെളിയിച്ചു; നല്ല എഴുത്തുകാരൻ നല്ല മനുഷ്യൻ കൂടിയായിരിക്കുമെന്ന് സ്വജീവിതത്തിലൂടെ കാട്ടിത്തന്നു.

ചെറുപ്പത്തിൽ നേടിയ വിദ്യാഭ്യാസവും ചെറിയ തോതിലുള്ള ഗ്രന്ഥപരിചയവും കഴിഞ്ഞാൽ ബഷീറിനെ രൂപപ്പെടുത്തിയ ഏറ്റവും പ്രധാന ഘടകം യാത്രകളിലൂടെ അദ്ദേഹം നേടിയ അനുഭവങ്ങളാണെന്ന് കാണാം. മരുഭൂമിയും മഹാമേരുവും താണ്ടിയ ബഷീർ കപ്പൽ ജോലിക്കാരനായി കടലുകളുടെ സാന്ത്വനവചനങ്ങൾ ഏറ്റുവാങ്ങുകയും അനാദിയായ ജലത്തിന്റെ സംഗീതം ചെവിക്കൊള്ളുകയും ചെയ്തു. മരുഭൂമിയിലൂടെ യാത്രചെയ്യുമ്പോൾ ലഭിച്ച അതീന്ദ്രിയമായ അനുഭൂതി വിശേഷങ്ങൾ കൃതികളിൽ പലേടത്തായി ചിതറിക്കിടപ്പുണ്ട്. ഉത്തരേന്ത്യൻ ജനപദങ്ങളിൽ നിറഞ്ഞു നിന്ന നിസ്സഹായതയും മഞ്ഞുമല നിരകളിലെ മഹാ മൗനവും ആ സഞ്ചാരി സ്പർശിച്ചറിഞ്ഞു.

സംഗീതമായിരുന്നു ബഷീർ വ്യക്തിത്വത്തിന്റെ മറ്റൊരു തണൽ. ഉത്തമമായ സംഗീതം ഏത് മനസ്സിനെയാണ് പവിത്രീകരിക്കാത്തത്? ബഷീറിലെ കഥപറച്ചിലുകാരനെ ജീവിതത്തിന്റെ ശ്രുതിയുമായി അങ്ങേയറ്റം ഇണക്കിയത് ഈ സംഗീതബോധമാണ്. മലയാളത്തിലെ പല എഴുത്തുകാർക്കും ഇന്നും ഇല്ലാത്തതും ഇതുതന്നെ.

ഗസലുകൾ അദ്ദേഹത്തിന് ജീവനായിരുന്നു. മരത്തണലിൽ പാട്ട് കേട്ടിരുന്ന് മയങ്ങുന്ന സുൽത്താനെ കാണാൻ വരുന്ന യശഃപ്രാർത്ഥികളിൽ പലരും കള്ളനാണയങ്ങളായിരുന്നു. സംഗീതം ആസ്വദിക്കുന്നതായി നടിക്കുകയും തലയാട്ടുകയും ചെയ്തതല്ലാതെ യഥാർത്ഥത്തിൽ അവരെ അത് സ്പർശിച്ചിരുന്നില്ല. 'അഭിമുഖ'ങ്ങളായിരുന്നു അവർക്ക് പഥ്യം.

മലയാളത്തിൽ ഇത്രയേറെ ഇന്റർവ്യൂ ചെയ്യപ്പെട്ട മറ്റൊരു എഴുത്തുകാരനും ഉണ്ടെന്ന് തോന്നുന്നില്ല ഹാ! എത്രതിനാം ഇന്റർവ്യൂകളേയാണ് പാവം ഉസ്താദ് നേരിട്ടത്! അങ്ങേയറ്റത്തെ നർമ്മബോധം, സ്നേഹം, ക്ഷമ എന്നിവയായിരുന്നു ഇത്തരം പരീക്ഷണങ്ങളെ അതിജീവിക്കാൻ അദ്ദേഹത്തെ സഹായിച്ചിരുന്നത്. തലതിരിഞ്ഞ പല ഇന്റർവ്യൂകളും പത്രാധിപൻമാരുടെ വെട്ടും തിരുത്തും കഴിഞ്ഞ് വായനക്കാരന്റെ കയ്യിലെത്തുമ്പോൾ താരതമ്യേന അപകടരഹിതമായിരിക്കും. പത്രമായാലും വാരികയായാലും സ്വന്തം ലേഖകരുടെയും പാർട്ടിയെഴുത്തുകാരുടെയും പൂച്ച് പുറത്താകാതിരിക്കാൻ പത്രാധിപൻമാർ കിണഞ്ഞ് ശ്രമിക്കുമല്ലൊ.

മലയാള സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടിയ, ഭാഷാ നിരൂപകരിൽ പ്രമുഖ സ്ഥാനമുള്ള ഒരു സർവ്വകലാശാല അദ്ധ്യാപകൻ കഥാപുരുഷനുമായി നടത്തിയ ഇന്റർവ്യൂ മരണാനന്തരം ദൂരദർശൻ സംപ്രേഷണം ചെയ്യുകയുണ്ടായി. ജീവിച്ചിരുന്ന കാലത്ത് നിരൂപകരാലും 'സാഹിത്യകുതുകികളാലും'

('ജീർണ്ണലിസ്റ്റുകളുടെ' കാര്യം പറയാനില്ല) ഏത് വിധമാണ് അദ്ദേഹം പീഡിപ്പിക്കപ്പെട്ടിരുന്നത് എന്നതിന് മികച്ച ഉദാഹരണമായിരുന്നു ഈ പരിപാടി. കഥ പറച്ചിലുകാരുടെ സുൽത്താനെ സംസാരിക്കാൻ വിടാതെ വായിൽ കയറി വെടിപൊട്ടിച്ച് കൊണ്ടിരുന്ന പ്രസ്തുത വിമർശകൻ സമകാലീന മലയാള സാഹിത്യനിരൂപണ രംഗത്തെ അന്തസ്സാര ശൂന്യതയും അനൗചിത്യവുമാണ് പ്രതീകാത്മകമായി അവതരിപ്പിച്ചത്.

ആർജ്ജവവും ലാളിത്യവും മുഖമുദ്രയാക്കിയ ബഷീർ സാഹിത്യ പ്രേമികളെ മാത്രമല്ല സകലമാന ജീവികളെയും അഭിസംബോധന ചെയ്തുകൊണ്ടാണ് സംസാരിച്ചത്. ഈ വിശ്വമാനവ ബോധവും അന്തമില്ലാത്ത കാരുണ്യവും ജനങ്ങളെ അദ്ദേഹവുമായി അടുപ്പിച്ചു. എഴുത്തുകാരും നിരൂപകരുമായി, വലിയൊരു വിഭാഗം (രഹസ്യമായി) ബഷീറിന്റെ ശത്രുക്കളായി തീർന്നത് അസൂയമൂത്താണ്. തങ്ങൾക്ക് ആവാത്തത് അനായാസം നേടിയെടുത്ത ബഷീറിനെ അവർക്ക് ദഹിച്ചില്ല. അതുകൊണ്ടെന്ത്? നൻമയുടെ അവസാന ബിന്ദുവും പെയ്തുതീരുംവരെ ബഷീർ നമുക്കിടയിൽ ജീവിക്കും.

സി.കെ.ഹസ്സൻകോയ
ചന്ദ്രിക പത്രം
ജഡ്ജസ് അവന്യൂ, കലൂർ
കൊച്ചി-17

അറിവിന്റെ അനന്തമേഖലകളിലേയ്ക്ക് കടന്നുകയറിയ ആ ധിഷണാശാലിയും

കാലഗേഹേ മറഞ്ഞിരിയ്ക്കുന്നു

പൂർത്തീകരിക്കാത്ത ഒരുപാട് ആഗ്രഹങ്ങളുമായി സ്വയം ഒരു സ്വാതന്ത്ര്യ സമരസേനാനിയും

വിപ്ലവരാഷ്ട്രീയ പ്രവർത്തകനുമായിരിയ്ക്കെത്തന്നെ

ജാസ്‌വേർസ്, കിർക്കി ഗാർഹുസേർ, ഹൈഡഗർ, സാർത്ര്, തുടങ്ങിയവരുടെ

ആധുനികതയുടെ പാഠങ്ങൾ മലയാളിയ്ക്കെത്തിയ്ക്കാൻ

മാത്രം സൗന്ദര്യബോധമുള്ള മനസ്സിന്നുടമയായിരുന്നു

അദ്ദേഹം, ബാലരാമില്ലാതെ ഭാരതത്തിലെ ഇടതുപക്ഷപ്രസ്ഥാനചരിത്രം

പൂർത്തിയാവുകയില്ലതന്നെ

അദ്ദേഹത്തിന് ആദരാഞ്ജലികൾ.

"മനുഷ്യൻ പരസ്പരം സ്നേഹിക്കുകയും അപരന്റെ വാക്കുകൾ സംഗീതംപോലെ
അസ്വദിക്കുകയും ചെയ്യുന്ന ഒരു കാലംവരും...."

അന്നത്തെ സത്യത്തിനുവേണ്ടി ഇന്നു ഞാൻ മനുഷ്യനെ സെല്ലുലോയിഡിലാക്കട്ടെ.

ഈ നിഷേധി കാലത്തിനപ്പുറത്തേയ്ക്കുപോയി ഒപ്പം ഈ ലോകത്തിന്റെ മനസ്സിൽ ഒരു ചെറുസ്ഥാനവും നേടി

പി. എ. ബക്കർക്ക് ആദരാഞ്ജലികൾ

NAMRATA K.KHONA
BA Sociology

A poem to OUR TEACHER

What we are is what you made us
You made us wise and made us good!
You made us strong for the time of trial,
And taught us temperance, love and self denial

You taught us patience and perseverance
The much yearned success essence
You taught us more than expected
And wonder struck us all!

In sun or rain, or winter's chill,
Down the abysses and up the hill,
Your encouraging laughter ever chimes-
To bless us, to cheer us and to scold us at times.

You peeped into out childish faces,
And saw our willing hearts,
You only loved us, only lead us,
And we tried to do our parts

You made the pure light of your knowledge
Shine in our naughty hearts
And opened the eyes of our minds
And we tried to do our parts

Our Sincere tryst to heed you
Will prove more than words can tell
Dear teacher your words are always true, and
We'll answer to your every call.

AMAZING

It never ceases to amaze me
How joyously babies smile
how waves
Wash eternally ashore
These things make life worthwhile
And it never ceases to amaze me

How rainbows hang in the sky
Or how the wind
Knows his way home
The world is a web
Of intricate questions 'Why?'
And it never ceases to amaze me
How Butterflies
Glide on fragile wings
Or how night time eyes
Twinkle in the sky
For all this no wonder angels sing?
Yet it never ceases to amaze me
How many truly wonderful things
That can be
How people fought
To open their non-seeing eyes
Forget their petty wants
To look, to listen, to see

god's self image and man's outrage

Jose K.J.
II M.A.Lit.

The history of religious fanaticism, persecutions and wars.... the prophets, a Christ, a Joan of Arc, a Galileo, a Salman Rushdi, a Taslima Nasreen... a pleasing oblation to a Mighty Blood-Sucking God....peace, plenty and grace to His Thirsty Followers! A comprehensive enquiry into the nature of religious beliefs and practices, myths and legends, dreams and revelations could lead one to a reasonable conviction that the concept of God must have developed in the human consciousness through a long process of psychic, intellectual, spiritual and socio-cultural evolution. The primitive ancestors saw their fate and fortune being controlled by natural forces, and thence began to personify and propitiate them. Being conditioned by experiences of pain and pleasure, fears and fascinations, regrets and gratifications, they came to conceive of a punishing and rewarding God, blending the moral with the spiritual and a change in the one resulted in a change in the other. The Biblical account of God forbidding the sacrifice of Isaac signifies an evolutionary awakening in the spiritual and moral consciousness of Abraham. It marked the beginning of Judaism, indicating a transition from human sacrifice to animal sacrifice. The Christian church replaced the animal sacrifice with a vegetarian sacrifice, and later there were also groups with no sacrificial rituals. However, in the ultimate analysis, God is seen by most of his votaries as an embodiment of power, discernment and affections....in fact, a projection of one's own affections and aspirations, guilts and insecurities...a disguise for the elemental fear of the unknown, the unpredictable and the incomprehensible.

In the early stages of the basic human quest for knowledge and meaning, the notion of God provided a fundamental structural frame work, where all knowledge and experience could be located, transforming chaotic experience into cosmic knowledge, and providing a sense of certainty. For the early mystics, religion must have been an attempt to establish or demonstrate the relations between the inner natures and the manifest aspects of things and the universe, the relation between the permanent realities and transient aspects of life and existence. In a way,

the absolute and the relative, the immutable and the dynamic aspects were binary opposites and paradoxical necessity, to comprehend reality and represent knowledge. Thus religion may be seen as an archetypal model of any ideology.

In the beginning, religion was a unifying force, a distinguishing mark of ethnic identity, and the social structures and hierarchies were woven around religious notions, traditions and loyalties. But when all-round corruption, cruelty, fanatic ignorance and rigid ritualistic externality choked out the religious spirit, men of broad vision and human sympathy brought to the foreground the spiritual, moral and ideological aspects essential for a healthy human civilisation. Thus racial identity and ethnic loyalty were replaced by a larger human identity and ideological loyalty. Such were the origins of Buddhism and Christianity which broke away from their parent religions. The recent notable experiment in this direction was Marxism. Sympathising with the oppressed masses and denouncing the misuse of religion, Marxism upheld a purely materialistic cult and a socio-politico-economic ideology. But it could not worthily and meaningfully survive for long on a spiritual and metaphysical vacuum. Technocratic commercial and consumeristic identities, and national industrial and feudal loyalties, are now replacing the ideological phase. One may observe that all through these developments, the basis for a sense of belonging, the criterion for the social restrictions of inclusion and exclusion, and the mode of social interactions and relations, kept changing.

The conceptual differences between the Gods of different peoples and times, is partly due to the different methods and channels through which they are arrived at. The metaphysical, absolute, immutable, omniscient and all-powerful God is the end product of a speculative process. Sifting through the categories of a moral vision one sees God as a supreme law giver and judge, presiding over the code of conduct and the actions of men. The mythical Gods are derived from artistic perceptions. The myths of creation and destruction are human analogies. Considering the metaphoric parallelism between sleep and death, between the waking and resurrection, the myths of resurrection and after-life could be viewed as a wishful extension of the survival in-

stinct. The myths of incarnation and prophethood are disguises of wish fulfillment, a projection of the zeal for reform, and a manner of hero worship. The mission of a prophet is an artistic rendering of the promptings of the laws of his consciousness, an impersonation of an archetypal and mythical role, which for the main part may know only the circumstances and his/her reactions. The Gods that appear to a mystic, inspires a 'Guru', guide a reformer, preside over a temple or boil within a fanatic, are experienced in a cultic framework, transcrossing the border of the sub-conscious, either over-powering it or being over-powered by it. There one finds all the archetypal moods and dispositions, and the greatest of all submissions, rebellions and conciliations take place in that realm. But the variations in experience and response, depend on both the infrastructure and the superstructure, the pathos and the ethos, the whole of one's organic constitution and the total environment, their functions and interactions. The mental faculties like one's intuitive and evocative, cognitive and affective, instinctive and deliberative powers, and the social factors like the cultural codes, one's position and the actual circumstances, play a special role in the making of an experience. The concept of God that surfaces upon the consciousness of a people or an individual is relative to the total net-work of these interpenetrating and inter-dependent systems. And the temperament of their God at a particular moment or period is a disguised projection of their own dispositions. A healthy, dynamic and adaptable concept of God would be marked by its wholeness and harmony, trying to incorporate at all times the best of all relevant aspects, and there could be an infinite variety of these combinations. A mere lifeless God of speculations, or an idealised God of human wishes, or a frame-work of fixed categories and structures, presented in the form of an infallible arbitrary and authoritative dogma, is hardly of any help to the modern sensibility and conditions. The religious phenomenon is constantly controlled by a complex net-work of apparently non-religious factors, and clear-cut distinctions and classifications are not easily possible. In a broad sense, religion could be seen as a belief-system and a corresponding set of practices, with related structures and functions, obligations and benefits, restrictions and channels.

Any religious spirit caught up in an entrenched socio-cultural fabric becomes a dead corpse of anachronism in the even flow of historical changes. It simply resists change and refuses to grow because it is afraid of losing itself, hence arbitrary and absolute authority is attributed to scriptures, notions, customs and habits. It is a sign of determination and a prophesy of an impending calamity and strife. The extremity of the present conditions of Islam is comparable to the Christianity of the dark Middle Ages, or the Judaism of the early Christian era, or the Hinduism of the times of Brahminical tyranny. The hunt for Salman Rushdi and Taslima Nasreen, reminds one of the inquisition, witch-hunts, blasphemy laws and executions of the Middle Ages. In a subtle manner it is even a regression to the primitive practice of human sacrifices or even scape-goatism. History teaches that when the natural process of dynamic growth is resisted, there follows a period of stagnation and corruption, suspicion and superstition, false stability and sham security, which in course of time culminates in a violent revolutionary explosion. Perhaps, the God of Islam will not rest satisfied until he drinks a full draught of the blood of his own people. The way Quran is venerated, read and practiced today, reminds one of the way Mosaic Law was interpreted and enforced about the time of Christ, Bible during the Middle Ages, or the Vedas during the Dark Ages of Hinduism. In the Middle Ages there was no provision for the translation of the Bible, and it could be interpreted only by priests who were conditioned by their training to maintain the status-quo, perpetuating the Roman interpretation and their

vested interests, super-imposing their established conventions, structures and habits all over the world. The Christian spirit was caught up in the trappings and crusts of Roman culture and the spread of Christianity meant the expansion of Roman Supremacy. The people who claimed to be liberated by Christ were, in reality, enslaved by the Roman civilization. In India too, the Vedas were not accessible to the non-Aryans and the mixed races. Molten lead had to be poured into the ears of a low-caste who happened to overhear the Vedas. In fact, the Vedas contained the clues to the liberation of the oppressed and ill-treated people. Inspite of the tradition of enlightened sages and ancient liberal thoughts, Hinduism was plagued with unsympathetic fanaticism, rigid ritualism and stubborn ignorance. Similarly, the dynamic growth and adaptability of Islam has been crippled under the over-powering hands of theocratic priests and a close circle of fanatic organisations and supporters intoxicated with power and pretensions of divinity and devoid of any sympathetic understanding of the human condition. The spirit of Islam is choked by the mere externalities and superficial observances of an Arab culture of a by-gone Age, many of which have lost their meaning and relevance in the varied and changed situations and conditions of the present day life.

A Scripture stands for the spiritual and moral insights of a person or a people of a particular place and time and it presents a particular world view and value system in terms of which a people or a person has seen reality, has organised life and regulated the habits. But the human aspirations and anxieties, fears and affections, needs and circumstances, are constantly changing. What was true and right for a people need not be so for a different people, place and time, and a particular text or scripture cannot be literally applied to them. All ideals are situation-bound and every text that is re-read suffers re-interpretations, it is the reader who gives meaning to a text and no text is absolute and immutable. Its interpretation varies from person to person, place to place and time to time. And it is important to examine, who interprets a text, in whose interest, with what purpose, and how it is interpreted. A literal interpretation makes one a slave of letters, while a symbolic or analogic interpretation would yield the spirit of a text. The latter is more difficult since it involves a deeper study and understanding of the historical, social and authorial back-ground of a text, the audience to whom it is addressed, its purpose, relevance etc. A text, a belief, a tradition or a practice, that cannot be discussed, re-interpreted, revised or re-adapted to make it relevant and meaningful, is a dead thing, a useless idol for blind veneration. Deification of the speaker and the utterance is nonsensical, often born out of ignorance and infatuated hero-worship, or sometimes deliberately adopted for ulterior motives. The validity of a text is to be established by a two-way process. Often it is said, the truth of one's heart is to be tested against the truth of a text. But it is also essential that the truth of a text be tested against the vibrations of one's heart and such evidences as the varied and changing times and places, people and events, situations and conditions. Here arises a relevant question; whose opinions and interests should prevail, or who should decide what a text should mean to me? Be it the case of any people, the extremity of external controls and enforcements signify a very poor moral restraint and discernment from within; the unrelenting dogmas indicate a general lack of intellectual and spiritual awakening or enlightenment, a slavish, unreasonable adherence to the age-old culture of a restricted place and people is a sign of wanting in common sense.

Even if Taslima had said that Quran is to be thoroughly revised, it is no surprise that she should deny it. When one's life is threatened, no one can predict what one would do. To revise a text means, to re-interpret or to make it up-to-date, ie, to make it relevant to the times, situations and needs, or as the language keeps changing, to supplement the old idioms with new ones in order to make the text more understandable and accessible. An earnest, scientific and deep reading of a text is different from a dogmatic, propagandist and manipulative reading. And in a world that is fast becoming a global village, the question still remains, whose interest should prevail? Whatever the different Gods might have said or might say, I believe that human sympathy, clear understanding and general welfare should prevail. Be it the case of Taslima Nasreen or Salman Rushdi, no prophet is acceptable in his/her own country and to his/ her own people.

വേണം നമുക്കൊരു റെഡ്ഇന്ത്യൻസംസ്ക്കാരം

ഒരു പ്രശ്നത്തിന്റെ രൂക്ഷത അവിടെയൊഴുകുന്ന രക്തത്തിന്റെ കണക്കിൽ മാത്രം കൂട്ടിക്കിഴിക്കുന്നവരായോ നമ്മൾ, ഒഴുക്കപ്പെടുന്ന ചുടുരക്തത്തിന്റെ തീഷ്ണമായ ചൂരിലാണോ നമ്മൾ തീവ്രത കാണുന്നത്. അങ്ങനെയാണ് എന്നാണ് പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തകൾ നൽകുന്ന തെളിവ്, പരിസ്ഥിതി പ്രശ്നത്തിൽ ഏവരും രണ്ടു തട്ടിലാണ്. ഒരിടത്ത് ഗിരിപ്രഭാഷണങ്ങളിലൂടെ, മനംമയക്കുന്ന കവിതകളിലൂടെ തീവ്രമായ പോരാട്ടം മറുവശത്ത് വികസനമെന്നപേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും നമുക്കു താങ്ങാനാവുന്നതിലധികം അണക്കെട്ടുകൾകൊണ്ട് നാം നിറയുകയാണ്. അസന്തുലിതമായ വികസനത്തിൽപെട്ട് ഊർദ്ധശ്വാസം വലിക്കുകയാണ് നാം എന്താണ് ഒരു പരിഹാരം?

പരിസ്ഥിതി പ്രശ്നത്തെക്കുറിച്ചു സംസാരിക്കുന്ന സാധാരണക്കാരന്റെ മനസിലാദ്യമെത്തുന്നത് വന സംരക്ഷണമെന്നാണ്. ഇന്നത്തെ പത്രങ്ങളുടെയും വിമർശനകരുടേയും നോട്ടവും ആ ദിക്കിൽതന്നെ. വില്ലനായി ചിത്രീകരിക്കുന്നതോ പാവം കുടിയേറ്റകർഷകനേയും അഷ്ടിക്കു വകയില്ലാതെ, ജനിച്ച മണ്ണിൽ സ്ഥാനമില്ലാതെ, ഭൂമിയിൽ ജനിച്ചു എന്ന ഒറ്റക്കാരണത്താൽ മലമുകളിലേയ്ക്കു പറിച്ചു നടപ്പെട്ടു. മുങ്ങിച്ചത്ത പതിനായിരക്കണക്കിന് കാടുകളുടെ പ്രേതാത്മാക്കളുടെ നിശ്വാസങ്ങളുൾക്കൊണ്ട പ്ലൈവുഡ് വാതിലുകൾക്കകത്ത് വിദ്യുച്ഛക്തി പങ്കയ്ക്കു കീഴെ ഇരുന്നു നാം പാവം മലമുകളിലെ കർഷകനെപ്പഴിച്ചു. പാവം കുടിയേറ്റക്കാരന്റെ ദീനമായ രോദനം 'മ' പ്രസിദ്ധീകരണങ്ങളിലെ മന്തൻ നോവലുകളിൽ മാത്രമൊതുങ്ങി നിന്നു.

കൃഷി എന്നു പറയുമ്പോൾ ഇന്നും നമ്മുടെ മനസ്സിൽ നിറയുന്നത് ഇടനാട്ടിലും തീരപ്രദേശത്തുമുള്ള നെൽപാടങ്ങളും കൃഷിയിടങ്ങളുമാത്രം. മലനാട് നമുക്ക് പ്രകൃതി സൗന്ദര്യമായി, അന്നത്തെ മാത്രമായി അവഗണിക്കപ്പെട്ടു. കഷ്ടം അവ പരിസ്ഥിതിപോലുമായില്ല. ഈ പ്രകൃതി സൗന്ദര്യത്തിന്റെ പൂങ്കാവനത്തിൽ സ്വന്തം കുഞ്ഞിന് ഒരു നേരത്തെ ആഹാരം നൽകുവാൻ വയ്യാതെ കൂടിയേറ്റക്കാരൻ വിഷമിച്ചു. നമുക്കത് വിഷയമല്ലാതായിമാറി.

ഇവിടെ നമുക്കൽപം ഗതിമാറി നോക്കേണ്ടതുണ്ട്. എന്തേ, സംഘടിത ശക്തി മലനാട്ടിലെത്തിയില്ല? ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ഒരു കൂരക്കുവേണ്ടി പ്രയത്നിച്ച അവന് രാജ്യത്തെ ഏറ്റവും വലിയ കാട്ടുരാജാവിന്റെ മുന്നിൽ തെറ്റുകാരനാവേണ്ടിവന്നു. ഞാനുദ്ദേശിച്ചത് നമ്മുടെ ഭരണ വർഗ്ഗത്തെയാണ്. പ്ലൈവുഡ് ഫാക്ടറികളെ പ്പോറ്റാൻ, പേപ്പർമില്ലുനടത്താൻ, പട്ടണങ്ങളിൽ വിറകെത്തിയ്ക്കാൻ, കാട്ടുകള്ളൻമാരെ സഹായിക്കാൻ, വികസനം കൊണ്ടുവരാൻ വനഭൂമി പങ്കുവച്ചവർ കൃഷിക്കാരനു നേരെ മുഷ്ടികളുയർത്തി ഒരിയ്ക്കൽ കുടിയേറ്റത്തിനായി അവനെ പ്രോത്സാഹിപ്പിച്ചവർതന്നെ അവനെതിരെ വാളോങ്ങിനിന്നു. ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട്. അവനും വിപ്ലവം പ്രസംഗിച്ച് കൃഷിചെയ്യാൻ ഓവർടൈം ചോദിച്ചിരുന്നെങ്കിൽ ഈ ഗതിയുണ്ടാകുമായിരുന്നോ? പക്ഷെ ജീവിത സമരത്തിൽ അവനു സംഘടിക്കാനായില്ല.

ഭൂപരിഷ്കരണം നയമായി ഭരണപക്ഷവും പ്രതിപക്ഷവും സ്വീകരിച്ചപ്പോൾ ഇടനാട്ടിലും തീരപ്രദേശത്തേയും അടിച്ചമർത്തപ്പെട്ട കുടിയാൻ സ്വന്തമായി ഭൂമിയുള്ളവനായി. പതിയെ മദ്ധ്യവർഗ്ഗമായി. ഈ മധ്യവർഗം ഉദ്യോഗസ്ഥരായി,

ഉദ്യോഗസ്ഥർ സംഘടിതരായി (ജാതിയ്ക്കതീതമായി ജൻമി കുടിയാൻ ബന്ധത്തിനതീതമായി) പുതുതായി രൂപംകൊണ്ട ഈ മധ്യവർഗ ഉദ്യോഗസ്ഥ കർഷകന് നിലനിൽപ് മുഖ്യാവശ്യമായി. അവന്റെ വിപ്ലവം നിലനിൽപിന്റെ ശബ്ദമായി. മലയാളിയുടെ വിപ്ലവബോധത്തിന്റെ നിറംമാറി. കുടിയേറ്റക്കാരൻ മലയാളിയുടെ വിപ്ലവത്തിനു പുറത്തായി.

കാലാകാലങ്ങളിൽ ഭരണമേറ്റ രാഷ്ട്രീയപാർട്ടികൾ അവന് വാഗ്ദാനങ്ങളുടെ മനപ്പായസം നൽകി. പൂർത്തീകരിയ്ക്കാതെ ഒരു നൂറുമോഹങ്ങളുമായി അവൻ തളർന്നുനിന്നു. രാഷ്ട്രീയ കാപട്യങ്ങൾ അവരെക്കണ്ടില്ലെന്നു നടിച്ചു. എ. കെ. ഗോപാലൻ എന്ന മനുഷ്യസ്നേഹിയായ വിപ്ലവകാരിമാത്രം മറന്നില്ല. അവർക്കുവേണ്ടി അദ്ദേഹം സമരങ്ങൾ നയിച്ചു. അവരെ സംഘടിപ്പിച്ചു. 'അമരാവതി സമരം' അവിടെത്തീരുന്നു കുടിയേറ്റക്കാരന്റെ സംഘടിതശേഷി.

ഇന്ന് മലയോരകർഷകന്റെ പ്രശ്നം ഒരു ദീർഘിക പത്രത്തിന്റെയോ പി. ജെ. ജോസഫിന്റെയോ മാത്രമായി മാറുന്നില്ലെ? നമ്മുടെ സഹജീവികളെ ഇങ്ങനെ നമുക്കവഹേളിക്കാനാവുമോ? ജനിച്ചുവീണ മണ്ണിൽ തൊണ്ണൂറുകഴിഞ്ഞിട്ടും ഏതു നിമിഷവും കുടിയിറക്കപ്പെടാവുന്ന മനുഷ്യൻ രണ്ടും മൂന്നും തലമുറകൾക്കുശേഷവും ഡെമോക്ലിസിന്റെ വാൾപോലെ കുടിയിറക്കം ഭീഷണിയായി ജീവിക്കുന്നവർ. കൂട്ടത്തിൽ സൂചിപ്പിക്കട്ടെ മലനാട്ടിലെ ഏറ്റവും ജനസാന്ദ്രതയുള്ള, നിരവധി സർക്കാർ സ്ഥാപനങ്ങളുള്ള (ഒരു കോളേജടക്കം) 'കട്ടപ്പന' എന്ന സ്ഥലം എന്നും കേന്ദ്രപരിസ്ഥിതവകുപ്പിന്റെ കണക്കിൽ വനഭൂമിയാണ്. എന്താണ് പ്രശ്നത്തിനു പരിഹാരം. റെഡ് ഇന്ത്യൻ തലവനായിരുന്ന 'സിയാറ്റിൽ മൂപ്പൻ' അമേരിക്കൻ പ്രസിഡന്റ് ജോർജ്വാഷിംഗ്ടണിനു നൽകിയതുപോലെ ഇന്നത്തെ ഭരണവർഗത്തെ ഉപദേശിക്കാൻ ആർക്കുകഴിയും? നമ്മുടെ ചിന്താരീതി മാറ്റേണ്ടതല്ലെ? ചിന്തകൾ അഗ്നിസ്ഫുലിംഗങ്ങളാവണം.

ഒരു റെഡ് ഇന്ത്യൻ പ്രാർത്ഥന ഉദ്ധരിക്കാം. നായാടുവാനായി ഇറങ്ങുന്നതിനുമുമ്പ് അവർ പ്രാർത്ഥിക്കുന്നു. "വനൃതയിലെ എന്റെ സഹോദരങ്ങളെ എന്റെ കൊച്ചു സഹോദരങ്ങളെ, എന്റെ കൊറ്റി നിറയ്ക്കാനായി ഞാൻ നിങ്ങളെ കൊല്ലാൻപോകുന്നു. എന്റെ കുഞ്ഞുങ്ങൾക്കന്ന മുണ്ടാക്കുവാനായി നിങ്ങളെ ഇരയായി സൃഷ്ടിച്ച ദൈവം എത്രയും വേഗം നിങ്ങൾക്ക് ഒരു പുതിയ ഭവനം തരട്ടെ, അങ്ങനെ ഞാനും നിന്റെ ആത്മാവും തമ്മിൽ സമാധാനമുണ്ടായിത്തീരട്ടെ".

ഇത്തരമൊരു സമീപനമല്ലെ നമുക്കുവേണ്ടത്. ഇപ്രകാരമൊരു നയമല്ലെ നമുക്കുവേണ്ടത്. സഹവർത്തിത്വത്തിന്റെ ഈ പാഠം 'അപരിഷ്കൃതനായ'(നമ്മുടെ നോട്ടത്തിൽ) റെഡ് ഇന്ത്യാക്കാരിൽനിന്നു പഠിക്കുന്നതിൽ നാം ലജ്ജിക്കേണ്ടതുണ്ടോ? നമ്മൾ മലയാളികൾ മാറ്റങ്ങൾ ഉൾക്കൊള്ളുന്നവരല്ലെ?

മാഗസിൻ ഫീച്ചർ

BATTLE

RECHU.K
II DC MATHS.

Weather was dry and heat was high
Sun was in the sky
The field was calm, a little too warm
Yet to loose its charm.
It was green and very clean
Oh! What a beautiful scene.

War began while everyone sang
The sound of trumpets rang.
Warriors cried with lot of pride
Fighting for their side.
All knights stood where they could
Doing what they should.
Cannons fired at soldiers tired
But most of them inspired.
Armies fought as they thought
Victory could be sought.
Men were clad with wounds so bad
Fought as they were mad.
Weapons clashed as they dashed
Many got themselves slashed.
Lives were lost of the most
Men without any cost.

Sun was bright in next day light
Showed a terrible sight.
Men were slain on that plain
Their women cried in vain
A river did flow without any glow
Of tears; of sorrow.
There was flood of reddish blood
Of soldiers dead on mud.
Never they got from what they sought
A victory as they thought;
But shadows at windows
Of heart broken widows.
Field was calm and a little too warm
Had lost all its charm
Field was red and full of dead
No more tears to be shed.



സംവാദം

ഭാവനയ്ക്കു മൂക്കുകയറിടണമോ

സംസൺ ഡേവിസ്
സുവോളജി വിഭാഗം

"ആവിഷ്കാര സ്വാതന്ത്ര്യപ്രശ്നം ഒരിയ്ക്കൽക്കൂടി"

തസ്ലീമ പ്രശ്നത്തോടെ എഴുത്തുകാരന്റെ ആവിഷ്കാര സ്വാതന്ത്ര്യം ഒരിയ്ക്കൽക്കൂടി ചർച്ചാവിഷയമാവുകയാണ്. എഴുത്തുകാരന് അപരിമിതമായ സ്വാതന്ത്ര്യംവേണം എന്ന് ശഠിയ്ക്കുമ്പോൾ തങ്ങൾപെടുന്ന സമൂഹത്തിന്റെ ജീവധാരയിൽപ്പെടാതെ മാറിനിൽക്കുന്ന ഏതോപ്രത്യേക വർഗ്ഗമാണ് എഴുത്തുകാർ എന്നതോന്നലാണുളവാകുന്നത്. എന്നാൽ സമൂഹമാണ് എഴുത്തുകാരുടെ അസംസ്കൃതവസ്തുവും ഊർജ്ജസ്രോതസ്സുമായി വർത്തിയ്ക്കുന്നത്. സമൂഹത്തിൽനിന്നും കടം കൊള്ളേണ്ടിവരുന്നതിനാൽ സമൂഹത്തോട് ചില ബാദ്ധ്യതകൾ ഉണ്ടായിത്തീരുന്നു. (സങ്കുചിതമായ അർത്ഥത്തിലുള്ള 'സാമൂഹ്യപ്രതി ബദ്ധതയല്ല ഇവിടെ സൂചിപ്പിയ്ക്കുന്നത്). അപരിമിതമായ സ്വാതന്ത്ര്യം അതോടെ ഏതൊക്കെയോ അദൃശ്യമായ നിയന്ത്രണങ്ങൾക്ക് വിധേയമായിത്തീരുന്നു.

സമൂഹത്തിന്റേതായ യാതൊന്നും കടം കൊള്ളുകയില്ല എന്നു ശഠിച്ചാലോ, സൃഷ്ടികൾ ഹാൻറസികളുടെ തലത്തിലായിരിയ്ക്കും. അതെപ്പോഴും സാദ്ധ്യമായെന്നുവരില്ല; മാത്രവുമല്ല ആശാസ്യവുമായിരിയ്ക്കില്ല. സമൂഹത്തിൽനിന്ന് കടം കൊള്ളുമ്പോൾ തന്റേതുമാത്രമല്ലാത്ത, മറ്റുള്ളവർക്കുകൂടി തുല്യ അവകാശമുള്ള ഒരു പൊതുസ്വത്താണ് താനെടുത്തുപയോഗിയ്ക്കുന്നത് എന്ന ബോദ്ധ്യം എഴുത്തുകാരന് ഉണ്ടായേ മതിയാകൂ. ആ ബോദ്ധ്യം ഉണ്ടായാൽ 'ആവിഷ്കാര സ്വാതന്ത്ര്യ'ത്തിന്റെ പ്രശ്നം ഉണ്ടാകാനിടയില്ല.

തസ്ലീമ, റുഷ്ദി, കസാൻദ്സാക്കീസ്, തിരുമുറിവ് നാടകം മുതലായി 'ആവിഷ്കാരസ്വാതന്ത്ര്യം' ചർച്ചാവിഷയമായപ്പോഴെല്ലാം, വലിയൊരു ജനസമൂഹം ആരാധ്യപുരുഷൻമാരായി കരുതുന്നവരുടെ വേറിട്ടുള്ളൊരു ചിത്രീകരണമാണല്ലോ വിവാദവിഷയമായത്. ആരാധന യുക്തികൊണ്ട് അളക്കാവുന്നതല്ല. അതുകൊണ്ടുതന്നെ ആരാധ്യപുരുഷൻമാരും യുക്തിയെന്ന അളവുകോലിന് അതീതരാണ്. എഴുത്തുകാരൻ തന്റെ യുക്തിയുടെ കള്ളികളിൽ അവരെയൊതുക്കുമ്പോഴാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ഇവിടെ മുൻപൊന്ന ബോധ്യം എഴുത്തുകാരനുണ്ടായാൽ പ്രശ്നങ്ങൾക്കുപഴുതില്ല.

ഈ സന്ദർഭങ്ങളിലെല്ലാം മനുഷ്യത്വത്തിന്റെ പ്രതീകരണം അപകടവും അപലപനീയവുമായിരുന്നു. റുഷ്ദിയുടെയും തസ്ലീമയുടെയും പ്രശ്നത്തിൽ പ്രാകൃതവും, സമൂഹത്തിന്റെ പകുതിയായ സമീപനത്താൽ അൽപായുസ്സുകളായിപ്പോകുന്നവയായിരിക്കണം ഇത്തരം കൃതികൾ. അവയ്ക്ക് അമിതപ്രാധാന്യവും പ്രസിദ്ധിയും കൊടുക്കാതെ അപകടമായ പ്രതികരണങ്ങൾക്കാവൂ.

മനുഷ്യത്വവും മതാന്ധതയും

പ്രൊഫ: പി.ജെ.ഫിലിപ്പ്
ഇംഗ്ലീഷ് വിഭാഗം.

ആവിഷ്ക്കാര സ്വാതന്ത്ര്യം ഭരണഘടന ഉറപ്പു നൽകുന്ന അവകാശം മാത്രമല്ല, മനുഷ്യസത്തയുടെ മൗലികമായ അവസ്ഥാ വിശേഷമാണ്. പരിഷ്കൃത സമൂഹം പാവനമായി കരുതുന്ന അന്തർദാഹമാണ്. സംസ്ക്കാരത്തിന്റെ, പരിവർത്തനത്തിന്റെ ഊർജ്ജസ്രോതസ്സാണ്. തസ്ലീമാ നസ്രീനെതിരെ നടക്കുന്ന നായാട്ട് സാംസ്ക്കാരിക ലോകം അപലപിക്കേണ്ടതാണ്. അത് മനുഷ്യസംസ്ക്കാരത്തിനുമേലുള്ള മതാന്ധതയുടെ കടന്നുകയറ്റമായതുകൊണ്ടു തന്നെ.

സ്വതന്ത്രചിന്തയെ, രാഷ്ട്രീയവും, മതപരവും, സൈദ്ധാന്തികവുമായ എസ്റ്റാബ്ലിഷ്മെൻറുകൾ എന്നും ഭയന്നിരുന്നു. ഗളഹസ്തം ചെയ്യുവാൻ ഉദ്യമിച്ചിരുന്നു. സോക്രട്ടീസിനു നൽകിയ വിഷപാത്രം ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് കാലാകാലങ്ങളിൽ സമൂഹം നൽകിപോന്നിട്ടുള്ള പാനപാത്രമാണ്. ഗലീലിയോയും 'ശാസ്ത്രത്തിന്റെ രക്ത സാക്ഷി'യായ ബ്രൂണോയും ഇരുണ്ടയുഗത്തിലെ പ്രാകൃതമായ ധാരണകളെ ചോദ്യംചെയ്തു ശിക്ഷയേറ്റുവാങ്ങിയവരാണ്. ഒരു പക്ഷേ ഇവരൊക്കെ ചരിത്രത്തിലെ വ്യാകരണപിശകുകളായി ഇന്ന് പരിഷ്കൃതലോകം കണക്കാക്കുന്നുണ്ടാകാം. അവരുടെ മരണശിക്ഷയെ, സംസ്കാരത്തിന്റെ ജീവനമന്ത്രമായി കരുതുന്നുണ്ടാകാം.

പക്ഷേ ഇന്ന്, പ്രതിലോമചിന്തയുടെ കാളിമ നമ്മുടെ കാലഘട്ടത്തെ വീണ്ടും ഗ്രസിച്ചിരിക്കുകയാണ്. എന്ന ഭീകരയാഥാർത്ഥ്യം നാമറിയുന്നു, മതാന്ധതയുടെ ദുർഭൂതങ്ങൾ ഉറഞ്ഞാടുകയാണ്. ഒരു മുസ്ലീം രാഷ്ട്രത്തിൽ യുവറിബൽ കവിയെ അദ്ദേഹത്തിന്റെ വിവാഹമണ്ഡപത്തിൽനിന്ന് അജ്ഞാതർ തട്ടിക്കൊണ്ടുപോകുന്നു. ശേഷം ചിന്ത്യം. കാലഘട്ടത്തിന്റെ അന്തർനേത്രങ്ങളായ കലാകാരൻമാരും, കവികളും ഇല്ലാതെയാകുന്നു. ബർമ്മീസ് ജനതയുടെ മനസാക്ഷിയായ ആങ് സാങ് സൂകി ഫാസിസത്തിന്റെ കൽതുറുങ്കിലായിട്ട് 6 വർഷങ്ങളാകുന്നു. ഹഷ്മിക്കുശേഷം റുഷ്ദിമാരും ഇപ്പോഴിതാ തസ്ലീമായും ഉൻമൂലനത്തിന്റെ ഭീഷണമായ ആക്രോശങ്ങളിൽ വേട്ടയാടപ്പെടുന്നു.

തസ്ലീമ ഒരു സോക്രട്ടീസോ, റുഷ്ദിപോലുമോ അല്ലാതായിരിക്കാം 'ലജ്ജ' അമൂല്യമായ സാഹിത്യസൃഷ്ടിയുമല്ലായിരിക്കാം, എങ്കിലും തസ്ലീമ സംഭവത്തിന്റെ ബാക്കിപത്രത്തിൽ പ്രാകൃതമായ അധികാരക്കൊതിയുടെ മതപരമായ കപടപരിവേഷമാണ്. ഒരു ജനതയെ മുഴുവൻ അന്ധമായ അനുസരണത്തിന്റെ ഉരുക്കുമുഷ്ടിയിൽ തളച്ചിടുന്ന സ്വേച്ഛാതിപത്യമാണ്, പുരുഷമേധാവിത്വത്തിന്റെ വികൃതമുഖമാണ്, മതാന്ധതയുടെ ആപൽക്കരമായ ഭവിഷ്യത്തുകളാണ്.

ഇവിടെ പ്രസക്തമാകുന്ന ചില ചോദ്യങ്ങളുണ്ട്. സർഗ്ഗശക്തിക്ക് മൂക്കു കയറിടാൻ, മരണ ശിക്ഷ വിധിക്കാൻപോലും, നിക്ഷിപ്ത-സ്ഥാപിതതാൽപര്യങ്ങൾക്ക് അഹങ്കാരമുണ്ടോ? മതഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും കാലോചിതമായ മാറ്റങ്ങളുൾക്കൊള്ളണമെന്നു പറയുന്നത് ദൈവനിന്ദയും മതനിന്ദയുമാകുമോ? മനുഷ്യത്വത്തിലൂന്നിയ മതബോധം നമുക്ക് മരീചികയാവുകയാണോ?

സ്വാതന്ത്ര്യത്തിന്റെ അർത്ഥം

പി. നന്ദകുമാർ
മൂന്നാംവർഷ രസതന്ത്രം

ഒരു രാഷ്ട്രം പൂർണ്ണമായും സ്വതന്ത്രമാണെന്ന് അഭിമാനിക്കണമെങ്കിൽ ആ രാജ്യത്തിലെ ജനങ്ങൾക്ക് സ്വതന്ത്രമായി ചിന്തിക്കാനും അഭിപ്രായപ്രകടനം നടത്തുവാനും അവസരമുണ്ടായിരിക്കണം. ധാർമികത നഷ്ടപ്പെടുന്ന ഒരു ജനതയുടെ, ഭാവിതന്നെ അപകടത്തിലാണ്. മത കലഹങ്ങളാൽ സത്യം, അസത്യം, ധർമം, അധർമം എന്നീ ഭേദാഭേദങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തോടുള്ള പ്രതിഷേധമാണ് തസ്‌ലീമ നസ്‌റീന്റെ 'ലജ്ജ' അയോദ്ധ്യയിലെ തർക്കമന്ദിരം തകർത്തതിനെത്തുടർന്ന് ബംഗ്ലാദേശിൽ ന്യൂനപക്ഷമായ ഹിന്ദുക്കൾക്ക് നേരിടേണ്ടിവന്ന പീഢനങ്ങളെയാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. ഒരു മെഡിക്കൽ ശാസ്ത്രജ്ഞയുടെ മനുഷ്യ ജീവനോടുള്ള ബാധ്യതയായിരിക്കാം തസ്‌ലീമ നസ്‌റീനെ ഈ അക്രമങ്ങൾക്കെതിരെ തിരിയാൻ പ്രേരിപ്പിച്ചത്.

1993-ഫെബ്രുവരിയിൽ ബംഗ്ലാദേശിന്റെ തലസ്ഥാനമായ 'ധാക്കാ'യിൽ നടന്ന വൻ പുസ്കമേളയിൽ ഏറ്റവും അധികം വിറ്റഴിഞ്ഞതും ശ്രദ്ധയാകർഷിക്കപ്പെട്ടതുമായ പുസ്തകം 'ലജ്ജ'യായിരുന്നു. ജനങ്ങളിൽ അന്യമതവിശ്വാസികൾ അനുഭവിക്കേണ്ടിവന്ന കഷ്ടതകളോടുള്ള സഹതാപമാണ് ലജ്ജയുടെ പ്രശസ്തികാണിക്കുന്നത്. അതോടൊപ്പം മതമൗലികവാദികൾക്കെതിരെ ജനവികാരം ഉണർന്നപ്പോഴാണ് തസ്‌ലീമ നസ്‌റീനിനെതിരെ 'ഫത്‌വാ' പുറപ്പെടുവിച്ചത്. ലോകരാഷ്ട്രങ്ങളുടെ മുന്നിൽ അഭിമാനം രക്ഷിക്കാനായി ഭൂരിപക്ഷസമുദായങ്ങൾ തെറ്റിദ്ധാരണ ഉണ്ടാക്കുന്നു എന്ന കുറ്റം ചുമത്തി ബംഗ്ലാദേശ് സർക്കാർ 'ലജ്ജ' നിരോധിച്ചു. ആരാധനാലയങ്ങളിൽ മതവിരുദ്ധമായി ആയുധങ്ങൾ സൂക്ഷിക്കുന്ന ഒരുപറ്റം മതഭ്രാന്തൻമാരാണ് ഒരു ലേഖികയുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്തിരിക്കുന്നത് സൽമാൻ റുഷ്ദിക്കും, ശബാന അസ്മിക്കും നേരിടേണ്ടിവന്നതും ഇതേ മതഭ്രാന്തൻമാരുടെ വൈരാഗ്യമാണ്. പ്രാചീനഭാരതീയ തത്വ ചിന്തകരും ക്രീസ്തുദേവനും ഒരോ വ്യക്തിയും പദാർത്ഥമയമായ ഈ ലോകത്തെക്കാൾ വിലയുള്ളവനാണ് എന്ന് കണ്ടെത്തിയിരുന്നു. അതിനാൽ ഒരോവ്യക്തിയുടെ സ്വാതന്ത്ര്യവും മാനിക്കപ്പെടണം. രാജ്യത്തോടുള്ള കടമകൾക്കും വിധേയമായി വ്യക്തിയുടെ അവകാശങ്ങൾ മാനിക്കപ്പെടുകയും പ്രകടിപ്പിക്കുവാൻ അനുവദിക്കുകയും അതിന്റെ മഹത്വം ഉയർത്തിപ്പിടിക്കുവാൻ ശ്രമിക്കുകയും വേണം.

സത്യത്തെ മറച്ചുകൊണ്ട് നമ്മുടെ രാജ്യത്ത് നടക്കുന്ന മതസൗഹാർദ്ദ സമ്മേളനങ്ങളുടെ പ്രയോഗികതയും ഈയവസരത്തിൽ ആലോചിക്കേണ്ടതാണ്. ജനങ്ങൾക്ക് സത്യത്തെക്കുറിച്ച് ഒരു ധാരണയുണ്ടാക്കുവാനും, കപടമതേതരത്വത്തെക്കാൾ ആയിരം മതസൗഹാർദ്ദ പ്രകടനങ്ങളെക്കാൾ, പ്രസംഗങ്ങളെക്കാൾ സഹായകമാണ് തസ്‌ലീമ നസ്‌റീന്റെ ലജ്ജ.

JUBILANT *without* JUBILEE

P. Nandakumar
Final B.Sc. Chemistry

Are you waiting for any Jubilee to rejoice yourself? Be cautious - the day might never come, perhaps it won't be as jubilant as you expect it to be or the great expectations that you have on the day may not last long. This has nothing to do with the Jubilee celebrations of our college. But it is the right time to think about the jubilees, birthdays, anniversaries, etc. that we expect in our life: the anticipation and projects that we plan once the day has come. The Jubilee celebrations of our college includes construction activities and starting new courses - if we have enough funds this is not going to be a big problem.

Suppose the jubilee project aimed at creating an ideal generation of students with good moral background and social responsibility or at securing a hundred per cent pass in the University Examinations. I don't know what action the management or Jubilee Committee will take if we set such goals to commemorate our jubilee celebrations. There are two important requirements :

I) The committee must include all the students, members of the staff and parents.

II) Whether anyone can induce it or not the spirit to achieve success must come from within the minds of all these people.

The latter is not easy as we are not used to such motivations from within, we are only accustomed to dreams. Thus the success of jubilee celebrations of our college will become a personal challenge for every individual. We have to set the goal and construct concrete steps towards it. This cannot be done in a day as it involves a change in the attitude of our mind. As Robert Lynd rightly points out in his essay on good resolutions, "nature has not made us sufficiently accommodating for rapid changes." So instead of waiting for an occasion to pursue a goal why don't we start it now itself. When we advance towards the goals with small but strong steps we can enjoy a satisfaction all along our way. Perhaps those moments are more jubilant than the golden moments we often dream about. Even after the college jubilee celebrations are over we have our lives to celebrate. Here we take the role of planner/constructor. If we want to be the benefactor we must have a proper goal and proper path. Lack of the above two is the reason

why many people who aimed at creating money did not get the satisfaction they expected in their lives.

You want to eat rice. Suppose you sit down somewhere and say 'wood contains fire and fire cooks rice'. Saying this will not cook rice. It needs work. Realisation of any goal needs work and planning, we cannot hire workers to do all this. We have to train our mind and understand it from the spiritual level. We make plans, they don't always work and we change or modify them. This is a waste of time and energy. As students, this happens to all of us during the study holidays when we plan our studies with the efficiency of town planners - plans that are never put to practice. Everyday passes by with new plans and three or four days before the exam we realise that nothing worthwhile has been done. Then we have a final plan and marathon study and we assimilate the maximum we can, during these three or four days. Earlier we had only dreams and later we had plans and it is the attitude and seriousness of the mind that creates these two.

No one denies that we must look forward, but how forward? We must have a worthwhile goal ahead but how much ahead? Sometimes we look so much forward that we become blind to what is immediately before us. There are students who pass the Engineering/Medical Entrance Tests but fail in the Pre-Degree Examination, that is the basic qualification to get admission to these professional courses. Often our aspirations are high but the efforts to reach the goal lacks planning, direction and motivation. Our dreams and goals are mostly the same and we must distinguish between the two by their efforts. When we dream of the things to come we wake up empty handed. Castles in the air are pleasant and inexpensive as long as the construction is on, but after that we are again in the harsh world of realists. Goals make us act and though slowly we make castles on the ground and after the completion of each stage we feel satisfied. If we have a goal we must define it clearly, have a specific plan for completing it and must be doing something concrete in that direction.

Recently men in the Indian Army performed a World record feat on motor-cycles by balancing more than sixty men on eight motor cycles (figures are not exact). If we watch this feat on Video from the end to beginning we can have a more clear idea of how to pursue a goal in stages - by backward planning. It calls for an intelligent breaking of a goal to manageable stages. So at a time we have two goals the ultimate goal and the immediate goal. This principle is used by students in our college to initiate love affairs. Look at her, smile, ask her name, start an acquaintance and achieve the girl and the goal. The spiritual line tells us that when you 'fall' in love with anyone or any material object you are actually falling down but when you pursue truth you rise in love. The goals that give us pleasure are limited but there is no limit to the happiness that a proper goal can give us. The ultimate goal always remains in our mind but our energy is directed wholly in achieving the immediate goal, a good reason why every stu-

dent must study. Let us remember the Chinese saying 'the journey of a thousand miles begins with the first step'. Every step is an indispensable part of the journey and each step is a success, however small it is.

A good friend of mine was sure of success in the Engineering Entrance Examination not once but twice. But success eluded him in both his attempts and he was very disappointed. We must always be ready to face the unexpected when we pursue a goal. 'God laughs on two occasions' said Sri.Ramakrishna; first when the doctor says that he will cure a patient who is sure of death (often a patient has more insight to his fate than the doctor) and second as a property is divided among people when the whole universe belongs to God. He has a perfect calendar and the dates in it need not tally with those in our imperfect calendar. What we can do is to be prepared to encounter the unexpected as it crops up every so often in our lives. In case of my friend I always remind him of his failure to get the entrance, not to demoralise him but to make him aware that when he expects success in future he must also be prepared for the worst. He accepts his failure in good humour though sometimes with a deep lost feeling inside. Considering his eagerness to be an Engineer this is the best state of mind he can have instead of brooding over what has been passed whenever he thinks about future plans and give him a motivation to convert the failure to stepping stones in success.

It is often seen that the less we expect from life the better off we are. We are often taken by surprise when we find ourselves in situations we never expected. We plan something in one way and it eventually works out quite the other way. When we plan the ultimate goal we must bear in mind the Murphy's law that "anything that can go wrong will go wrong". So we must be prepared to deal with the situation if things go in some other way and thus take the wind out of its sails. Let us remember the following verse from the Holy Gita.

"Your right is to work only, but never to the fruit thereof. Let not the fruit of action be your object, nor let your attachment to be in action". The achievement of the goal gives us more satisfaction than the results of the achievement, it is not personal pleasure that prompted scientists of the past to invent contrivances that we enjoy now.

The famous sculptor Rodin was once approached by a lady who had seen many of his masterpieces and had developed an admiration for his art. "O! Mr. Rodin!" she flustered "Is it very difficult to sculpt?" Rodin smiled and said, "No, not at all, madam. You just buy a block of marble and chisel away what is unwanted."

There can be no better and simple explanation of the secret of true creativity. Most of us see a lump of calcium carbonate in marble, but the artist's X-Ray eyes see into the marble the exquisite form latent in it and he removes whatever is superfluous and veiling in that block of marble. The block of life has to be handled similarly. We have to chip away from it all the excrescences and non-essentials so that the peace and bliss innate in it may shine forth. Let this be our ultimate goal and duty to the nation and society as a student be our immediate goal.

Reference : The Vedanta Kesari

'കണ്ണുനീർത്തുള്ളികൾ'

Sajeev Jacob
IInd M Com

കുട്ടി
എത്രനേരമായി നീയിങ്ങനെ കരയുന്നു?
തിമിർത്ത് പെയ്യുന്ന മഴയെ ഓർമ്മിപ്പിക്കുന്ന
നിന്റെ വിളർത്ത കവിളിലൂടെ
ഒലിച്ചിറങ്ങുന്ന കണ്ണീർത്തുള്ളികൾ
കരയരുത് എന്ന് പറയാൻ എനിക്കർഹതയില്ല.
എങ്കിലും നീ ഒന്നോർമ്മിക്കുക:
നിന്റെ കണ്ണിൽ നിന്നടർന്നുവീഴുന്ന മുത്തുകൾ
എന്റെ കരളിലാണ് പതിക്കുന്നത്
എന്റെ ഹൃദയം പറഞ്ഞറിയിക്കാനാവാത്ത
ഏതോ വിചിത്ര ദുഃഖങ്ങളിൽ നിറയുകയാണ്.
ഈ വർഷക്കാല രാത്രികളിൽ
ചോർന്നൊലിക്കുന്ന കൊച്ചുവീട്ടിലെ
നനഞ്ഞു കുതിർന്ന ചാണകത്തറയിൽ
ഒരു കീറപ്പുതപ്പ് മാത്രം ചുറ്റി
നീ വിറച്ചുറങ്ങുമ്പോൾ
തുറന്നിട്ടജാലകത്തിലൂടെ
പുറത്ത് പെയ്യുന്ന മഴയെ
വെളുത്ത കടലാസ്സിലെ
ജീവനറ്റ വാക്കുകളാക്കാൻ ശ്രമിക്കുന്ന
എന്റെ മൗഢ്യം എത്രകഷ്ടമാണ്.
മുൻപൊരിക്കൽ
മൂന്ന് പെൺകുട്ടികളെ പ്രസവിച്ചു എന്നതിന്
അമ്മയുടെ ഒട്ടിയ ഉദരത്തിൽ
അച്ഛൻ
കാൽ മടക്കിത്തൊഴിച്ചപ്പോൾ
തടസ്സം നിന്ന് കരഞ്ഞ് നീ തളർന്നതും
ഞാനോർമ്മിക്കുകയാണ്.
ഇന്ന്
അരിസ്വരൂപിക്കുന്ന അമ്മയുടെ
മെലിഞ്ഞ കരങ്ങൾക്ക് തുണയായി
നീ അയൽവീട് അടിച്ചുവാരുമ്പോൾ
അഞ്ചാറ് വറ്റ് ചോറിന്റെ സമൃദ്ധിയിൽ
നീ വിശപ്പകറ്റുമ്പോൾ
ജീവിതത്തിനും മരണത്തിനുമിടയിലുള്ള
നേർത്ത നൂൽപ്പാലത്തിൽ നീ ജീവിക്കുമ്പോൾ
നിന്നെ സഹായിക്കാനാകാത്ത ഞാൻ
എത്ര നിസ്സാരനാണ് കുട്ടി....

കവിതയുടെ വഴി

രാജേഷ് വി.
I DC Economic

കവിതയുടെ വഴിയിൽ വിളക്കുകൾ വല്ലപ്പോഴും മാത്രമേ തെളിയാറുള്ളൂ. എഴുതാൻ ശ്രമിക്കുന്തോറും, വരിയറിയാനാവാതെ ഈ കനത്ത അന്ധകാരത്തിന്റെ മൗനത്തിൽ എന്നെങ്കിലും തെളിയാനിടയുള്ള ഒരു ഗുരുപൂർണ്ണിമ കാത്ത് ഇവിടെ ഞാൻ.

ശരിയാണ് ഒരുവരിപോലും എഴുതാനാവുന്നില്ല. ഒരു പുതിയ ഗംഗയ്ക്ക് വറ്റിവരണ്ട മണൽത്തിട്ട ചാലു കീറുന്നില്ല. പൊട്ടിനുറുങ്ങിയ കുപ്പിവളകളും, പടികളിറങ്ങിയോടുന്ന, തീപ്പെട്ടിക്കൊള്ളിത്തുമ്പിന്റെ നാവുള്ള പെൺകുട്ടിയും, ഒടിറൻ പീലിയുടെ നേരിയ നനവിൽ ഉപ്പും തണുപ്പുമറിഞ്ഞ് എന്നേ അലിഞ്ഞുപോയിരിക്കുന്നു.

നക്ഷത്രങ്ങളുടെ രാജധാനിയിൽ, ഇരുട്ടിന്റെ കാവൽക്കാരനായി തെന്നിമറയുന്ന മേഘങ്ങളോട് നുണപറഞ്ഞിരിക്കുമ്പോഴും, ഉഷ്ണത്തിന്റെ കാരാഗൃഹത്തിൽ നിന്നും ശീതത്തിന്റെ ശാന്തിയിലേക്കുള്ള ഈ വഴി സുന്ദരം തന്നെ. ഇടവഴിയിലെ മൺകൂനയ്ക്കുമേൽ തുമ്പച്ചെടി പൂവിട്ടിരുന്നു. തുലിന്റെ കൊമ്പത്ത് ഇത്തിരി നേരമിരിക്കാനെത്തിയ കുഞ്ഞിക്കാറ്റിന് പാരിജാതത്തിന്റെ മണമായിരുന്നു. തുടുത്ത പുലരികളും, വിഷാദ സന്ധ്യകളും പോലെ, താനാനികിലെന്നോർത്ത ഇടനാഴികളിൽ നിറയെ ജീവിതമായിരുന്നു.

ഇന്നത്തെ രാക്കാറ്റിനെ ഞാൻ മണത്തു. ഒരു പുതുമഴയുടെ ഗന്ധം പോലുമില്ല. പിന്നെ, മഹാനഗരത്തിന്റെ ചേരികളിൽ ഞാനിന്നു വിശക്കുന്ന കുത്തുങ്ങളെക്കണ്ടു.

നാളെയെ എന്തു സ്വാർത്ഥരാണ്?

TRUE LOVE

NIGHTINGALE'S SACRIFICE

Ajayan.P.Mambetta.
Final Maths.

1.
The night, ever so elegant,
The wind, ever so fragrant,
The moon gloried her subjects
Hiding behind her silver veil.

2.
Happy, white, and gay
She nodded at the wind and
Danced with the surfs.
The summer dream was being cherished.

3.
Her friend, the nightingale
He called coo, cooo ...
The silver voice, the dreamy trees
The breezy wind and careless whispers.

4.
A figure, tall and grand, walked;
Down the garden path by the bushes,
The white flower, she smiled
For he was her friend.

5.
Sweet lips kissed her,
Murmured softness into her ears.
Grand voices hurled her heart
And proud gestures stiffled her.

6.
The nightingale sang; A melody;
Ever so beautiful and ever so sweet
But the gallant, he sat down
Clouds of sadness crossed those eyebrows
And shadow of gloom on the countenance.

7.
The nightingale, he flew down
Perched on his shoulder, a friendly peck.
Sire, Oh! sir your eyes
They tell me, dreams shattered.

8.
The nightingale whistled, beat his wings
Cooed and cooed, but the young man
He sat, dreamy and tired
Moody and upset, down and haggard.

9.
She, the one who is fair; as
White feather in the fair sky
As pure as a dew drop
Glistening in the golden sun
Won't accept me, won't accept me.

10.
Oh! grand one, why did the fair one
Refuse you;
Oh! my friend she asks the impossible
Change thy white flower to red.
Oh! here she comes.

11.
Patter of feet, rustle of a skirt
A lovely face, sapphire eyes
Ah! my white flower, white as you are
Beautiful you glow, but reddish
Then more beautiful and vibrant you shall be.

12.
"Anne marry me, marry me",
The gallant cried, on his knees
The queen tilted her head;
And said with pride.

13.
"Change, change sir, that one
One ever so white to
One ever so red, red and beautiful"
With haughty steps she walked into the dark.

14.
The young man, he cried, for the poor fool
He was in love.
The nightingale whistled,
A tune ever so sad, ever so sweet.

15.
"Oh! my friend what shall I do?
She asks the impossible"
But my gay friend, I love her
Oh! what shall I do?

16.
The nightingale whistled, a tune
Ever so sad and gloomy.
But then his heart filled
Voice gayed and eyes sparkled.

17.
I will grant your wish, but you
You must go sir, go.
Come tomorrow, call your lady
Wish yours shall be granted.

18.
The nightingale, he beat his wings
Pecked him, lovingly, sadly.
"Go sir, go, I beseech".
The young man, he too trudged down the garden path.

19.
The nightingale whistled and looked.
The nearby surfs, they were merry
Bathing in lovely moon's honey
Splashing around as the wind kissed them.
The flowers they were dancing,
The trees whispering and crickets in symphony.

PART - II
THE NEXT NIGHT

20.
Two figures loomed in horizon
A man and a woman.
They came near, eagerness on their face.
Oh my! the flower it was red.

21.
In place one ever so white,
Was one ever so red, red and vibrant
Joy knew no bounds in his heart
Proud and gallant, he held out
His arms ever so wide and into them
Stepped she, the fair one.

22.
"Oh! my sire, my nightingale,
Where are you? Where are you?
Oh! sir see, see the impossible
Sir where are you? Where are you?

23.
The young man looked around and about
There by the rose, his heart pierced
By the cruel thorns, was his friend
The poor nightingale dead and cold.

24.
To save his friend, for his love
The poor creature had jumped
Into the waiting thorns, thirsty for blood
The thorns pierced that tender heart
blood flew, the flowers reddened.

25.
The fair one and the grand one
They cried, cried and cried.
She wailed, sir I wanted to be proud
A little, then accept you,
But not at this cost, Oh! my nightingale.

26.
But the supreme sacrifice had been done
For a friend, for love
And in the Gods Court, he was hailed
By all, by the angels and by God himself.

Nostalgia

പ്രണയത്തിന്റെ അഞ്ചുവർഷങ്ങൾ

അപരാധങ്ങളുടെയും സംതൃപ്തിയിൽ
ഞങ്ങൾ യാത്രചോദിക്കുകയാണ്
ജീവിതവ്യഥകളുടെ നടുമുറ്റത്തേയ്ക്ക്,
അങ്കം വെട്ടുന്നവരുടെയും,
വിജയികളുടെയും
പരാജിതരുടേയും
നടുവിലേക്ക്.

* * * *

കാത്തിരിപ്പന്നവസാനം പയ്യൻ
നിന്നിലേയ്ക്ക് കാൽ കുത്തുമ്പോൾ
അവന്റെ വിടർന്ന കണ്ണുകളിലും
നീലിച്ച പീലികളിലും
അത്ഭുതമായിരുന്നു.
ആദ്യമായിക്കണ്ടത്
നിന്റെ കവാടത്തിലെ
നിറം മങ്ങിയ കൊടികളും
ഓഡിറ്റോറിയത്തിനുമേൽ

അടുത്തിരുന്നവനെ തോണ്ടിവിളിച്ചു
'എന്താ പേര്?'
'രജീബ്' ഉത്തരം ഒറ്റവാക്കിൽ
'മുമ്പെവിടെയാ പഠിച്ചിരുന്നേ?'
'സ്കൂളിൽ'
'കുട്ട്യെവിടെയാ താമസിക്കണെ?'
'....ശ്ശേരി'
അവനിടയ്ക്കിടെ ചെവിക്കുമുകളിലൂടെ
കയ്യോടിച്ച് മുടിയൊതുക്കുന്നതും,
ചുണ്ടിനുമുകളിൽ മുളച്ചുതുടങ്ങിയ
അൽപം നീലിച്ചുകറുത്ത
രോമങ്ങളെ നാക്കുപയോഗിച്ച്
മാടിവെയ്ക്കുന്നതും കൗതുകത്തോ
നോക്കിയിരുന്നു.
സമയത്തിന്റെ വളർച്ച
എവിടെ നിന്നോ ഒരു മ
വിളിച്ചറിയിച്ചു.
പിന്നീട് മണിക്കൂ

ചിരിച്ചുനിൽക്കുന്ന നക്ഷത്രങ്ങളുമായിരുന്നു.
പ്രിൻസിപ്പലച്ഛന്റെ മുറിയിൽ
കാർപ്പെറ്റുവിരിച്ചനിലത്ത്
അൽപം വിറച്ചും വിയർത്തും
ചോദ്യങ്ങൾക്കൊക്കെ ചിരിയിൽ മറുപടിയൊതുക്കി
നിന്നവൻ...
'നന്നായി പഠിക്കണം ട്ടോ'...
'ഉം...' മൂളലിന് ദീർഘം കൂടിയിരുന്നോ?'

* * * *

ആദ്യത്തെ കലാലയദിനം
നൂറോളം വരുന്ന അപരിചിതമുഖങ്ങൾ
കാണാനും പരിചയപ്പെടാനും
അൽപം വിഷമിപ്പിക്കാനും വന്ന
മുതിർന്നവരുടെ മുഖത്തേയ്ക്ക്
അന്ധാളിപ്പോടെ
പകപ്പോടെ
നോക്കിയിരുന്നവൻ

എവിടെനിന്നൊക്കെയോവന്ന്
ഒന്നുചേർന്നവർപിരിയുകയാണ്
അവരിലൊന്നായി നമ്മളും
കൂട്ടുകാരീ
പങ്കുവെയ്ക്കപ്പെട്ടതിന് അതിരുകളില്ലായിരുന്നു
പറഞ്ഞുപോയവാക്കുകളിലുണ്ടായിരുന്ന ദാർഢ്യം
പക്ഷേ,
തീരുമാനങ്ങൾക്കില്ലാതെപോയപ്പോൾ
കൺകോണുകളിൽ ഊറിക്കൂടിയ
നീരിന് ഉപ്പുരസം എറിയിരുന്നു.
പോകുന്നതിനുമുമ്പ്
നമ്മളെ നമ്മളാക്കിയ കലാലയത്തിന്
ഒരന്ത്യചുംബനം....

* * * *

നിറഞ്ഞ പകൽ ഒഴിയുകയാണ്
നിബിഢമായ മൗനം ഹൃദയത്തിൽ
അശ്രുക്കളായ് പെയ്യുമ്പോൾ
ചെയ്തുപോയ പിഴകളുടെയും

* * * *

ദിവസങ്ങൾക്ക് വേഗം കൂടുതലായിരുന്നു.
ആഴ്ചകൾക്കും
അപരിചിതമായിരുന്ന മുഖങ്ങൾ
പരിചിതമായിത്തുടങ്ങി
അൽപം കോന്ത്രമ്പല്ലുണ്ടായിട്ട്
എപ്പോഴും ചിരിച്ചുകൊണ്ടുനടക്കുന്ന
സഞ്ചിക്കാരൻ മുരുകേശൻ
നാഴികയ്ക്കുനാൽപതുവട്ടം
മൂക്കിനുമേൽനിന്ന് കണ്ണാടിയെടുത്ത്
തുടയ്ക്കുന്നവൻ ജോസ്,
ദിവസവും നെറ്റിയിൽ ചന്ദനവും
തൊട്ടുവരുന്ന വെളുത്തുമെലിഞ്ഞ
പെൺകുട്ടി ലേഖ,
അറ്റൻറൻസ് റോളുനോക്കി
സാറൊരുദിവസം പേരുവിളിച്ചപ്പോൾ
'എന്തോ' എന്ന് വിളികേട്ടവൻ
'എൽദോ' അങ്ങനെ പലരും പലരും

* * * *

'ഗുഡ്മോണിംഗി'ൽ തുടങ്ങി
'ബൈ'യിലവസാനിക്കുന്ന ദിനങ്ങൾ
അവയ്ക്ക് കുസൃതിയുടെ പ്രസരിപ്പും
അർത്ഥഗരിമയുടെ സംപുഷ്ടതയും
കൂട്ടത്തിലുശിരുള്ള ഒരുത്തൻ
'ഇന്ന് ലാസ്റ്റവർ'.....സാറിൻറെ
ഇംഗ്ലീഷല്ലേ കട്ടുചെയ്യാം'
വേണോ?
വേണ്ടയോ
മനസ്സിൻറെ ബാക്ക് ഗ്രൗണ്ടിൽ
വീട്ടിൽനിന്നുള്ള ഉപദേശങ്ങൾ
'ഒരൊറ്റ അവറ് കട്ടുചെയ്യരുത്'
'ക്ലാസ്സു വിട്ടാൽ നേരേ വീട്ടിൽ വരണം'
'അലഞ്ഞുതിരിഞ്ഞുനടക്കരുത്'
ധർമ്മ സംഘട്ടനത്തിനൊടുവിൽ
പ്രലോഭനം ജയിച്ചു
ബസ്റ്റോപ്പിലെ വലിയ
മരത്തിന്നു കീഴേ
മൂകളിൽ ബോംബിടാൻ
കാക്കയിരുപ്പില്ല
എന്നുറപ്പുവരുത്തി
ബസ്സുകാത്തുനിൽക്കുമ്പോൾ
ഒരു വെളിപാട്.
'എടാ അങ്ങേര് നാളെ
ലീവ്ലെറ്ററ് ചോദിക്ക്യോ?
'ഹേയ് ഇനി അഥവാ
ചോദിച്ചാൽത്തന്നെ
എൻറെച്ചരൻറൊപ്പ്
അച്ചരനേക്കാൾ നന്നായി ഞാനിടും'
വീരശൂരപരാക്രമിക്കു കുലുക്കമില്ല

* * * *

സ്വാതന്ത്രത്തിൻറെ ഗന്ധം
മത്തുപിടിപ്പിക്കുന്നതാണല്ലേ.....
ലൈബ്രറിയിൽ
നിശബ്ദതപാലിക്കുക
എന്നെഴുതിവെച്ച ബോർഡിനുനേരേ
ബഞ്ചിലിരുന്ന് അടക്കം പറഞ്ഞപ്പോൾ
തുറിച്ചുനോക്കിയലൈബ്രേറിയനോട്
കയർത്തു
പുറത്തേയ്ക്കിറങ്ങിയപ്പോൾ അന്യോന്യം
'ഇയാളാരെടാ സദ്ദാമോ....

****

ഇടയ്ക്കെപ്പോഴോ
അത്താണിയായി നീ
കണ്ടെത്തപ്പെട്ടുകഴിഞ്ഞിരുന്നു
കെമിസ്ട്രിലാബിൻറെ പുറത്ത്
തൊട്ടാൽ മേലാവുന്ന വെളുത്ത കുമ്മായം
പേറുന്ന തൂണിനെ ചുറ്റിപ്പിടിച്ച്
നിന്ന കറുത്തവളകളിട്ടപെൺകുട്ടി
അവൾ അവന് 'പ്രകാശം പരത്തുന്ന പെൺകുട്ടി'യായി
നിൻറെ പേരെന്താണ്
സ്വപ്ന, രാഖി, രേഖ, രാധ, ഇന്ദിര.....
അറിയില്ല
പറയാൻ മുളച്ചമോഹം

ഉള്ളിലടക്കി. അല്ല അതുനാമെപ്പോഴോ
പരസ്പരം പറഞ്ഞിരുന്നില്ലെ?
തിരുഹൃദയത്തിന്റെ ധമനികളിൽ
നീളുന്ന നിഴലുകളുമായി
അലഞ്ഞുനടന്നപ്പോൾ
കൂട്ടിമുട്ടിയകണ്ണുകൾ
പറഞ്ഞത് അതായിരുന്നോ?
പോർട്ടിക്കോയിലെ
ഉരുണ്ടതൂണുകളിലൊന്നിൽ
ചാരിനിന്ന്
നിന്റെ കറുത്ത കണ്ണുകളിലൂടെ
ലോകം കാണുകയായിരുന്നോ?
അറിയില്ല
അതേ,
നാമെല്ലാം അപരിചിതമുഖങ്ങളായിരുന്നു
ഇനിയും അങ്ങനെയായിരിയ്ക്കും
ഓർമ്മക്കുറിപ്പുകൾ,
അവ്യക്തസത്യത്തിന്റെ നിറം പുണ്ട്
ഓട്ടോഗ്രാഫിന്റെ പേജുകളിൽ
മരിച്ചുകിടക്കും.
••••
അനേക തലമുറകളുടെ
സല്ലാപങ്ങളുടെയും ചാപല്യങ്ങളുടെയും
സ്മാരകംപോലെ
'ലെക്ച്വർ'യിലെ തണുത്ത
സിമന്റു ബഞ്ചുകൾ
നമ്മളും...
ഇവിടെയിരുന്ന്
അകലെ ഒരൊറ്റ 'എൻജിൻ'വലിച്ചു
കൊണ്ടുപോകുന്ന
അനേകം 'ബോഗി'കളെ
നോക്കിയിരുന്നിട്ടുണ്ട്.
ചുവന്ന തീപ്പെട്ടിക്കൂടുകളിൽ
ഞെരിഞ്ഞിരുങ്ങുന്നവരുടെ
നെടുവീർപ്പുകളോർത്തിട്ടുണ്ട്
ഇവിടെ
ഈ കൽത്തറയിലടിച്ച്
തിരിച്ചുപോയ തിര
ഒരിക്കലും തിരിച്ചുവന്നിട്ടില്ല.
ചിതറിത്തെറിച്ച ഒന്നോരണ്ടോ
ജലത്തുള്ളികൾ
തന്റെ ഓർമ്മയ്ക്കായവശേഷിപ്പിച്ച്
അനന്തതയിലേയ്ക്ക് നടന്നുപോയവർ
നമ്മളും പെൺകുട്ടീ...
മറവിയുടെ നിലങ്ങളിൽ
കതിരു കൊയ്തെടുക്കപ്പെട്ട
നെൽച്ചെടിപോലെ
വരണ്ടുവിജനനിലങ്ങളിൽ
ജലം തേടി നടക്കും
നമ്മൾ പരസ്പരം
കാതിൽതൊഴിഞ്ഞ വാക്കുകൾ
അർത്ഥം നഷ്ടപ്പെട്ട്
ഈ അന്തരീക്ഷത്തിൽ
അലഞ്ഞുനടക്കും.
കാലത്തിന്റെ പുകമ
കൊഴിഞ്ഞവഴികളിലെവിടെയോ
നിന്നെയും കൈവിടേണ്ടിവരുന്നതിന്റെ
വേദന
പെൺകുട്ടീ
നമ്മൾ വേർപിരിയണം
എന്നറിഞ്ഞുകൊണ്ടുതന്നെ
സ്നേഹിച്ചവർ
• • • •
കായലോരത്ത്
തിക്കിത്തിരക്കികായ്ച്ചുനിൽക്കുന്ന
കൽപകവൃക്ഷങ്ങൾ
പ്രലോഭനത്തിന്റെ ഉച്ചിയിൽ
ഉച്ചനേരങ്ങളിൽ...
ഇളനീരുകളുടെ എണ്ണം കുറഞ്ഞുവന്നു.
ഒരു ചൊവ്വാഴ്ചദിവസം
ഉച്ചകഴിഞ്ഞ് ഫിസിക്സ് പ്രാക്ടിക്കൽസ്.
പതിവിൻപടി കാര്യപരിപാടികൾ
പൂരോഗമിക്കെ
പ്രിൻസിപ്പലച്ചന്റെ
'കിങ്കരൻമാർ' പിടികൂടി
ആദ്യം വിസമ്മതിച്ചു.
തിരിച്ചറിയൽ കാർഡുകൾ പിടിച്ചുവാങ്ങപ്പെട്ടു.
സമയം 2.10
പ്രാക്ടിക്കൽസിനു കയറി
പലർക്കും ഭയം, ചിലർക്കു ധൈര്യമില്ലായ്മ
പൊട്ടൻഷ്യോ മീറ്ററിൽമേൽ കെട്ടിയവയർ
പലവട്ടം അഴിഞ്ഞുപോയി
ഇടയ്ക്കാരൊക്കെയോ
'സസ്പെൻറ് ചെയ്താൽ ഞാൻ
സയനൈഡ് കഴിയ്ക്കും'
'എൻറച്ഛനു രണ്ടു ഹാർട്ടറ്റാക്കു
കഴിഞ്ഞതാ, ഇതറിഞ്ഞാൽ...'

സമയം 4.10
പ്രതിഷേധത്തിന്റെ വിസമ്മതം
സമ്മതത്തിന്റെ കീഴടങ്ങലായപ്പോൾ
'അച്ഛനു ക്ഷമിച്ചുഎന്നു പറയാതെ
ഞങ്ങൾ പോവില്ല' എന്നായി
മാനസാന്തരത്തിന്റെ ഒന്നാംവാർഷികം

ക്ലാസ്സിൽ തെറ്റെയടിച്ചാഘോഷിച്ചു
അപ്പോഴും ഒരുപദേശം
മനസ്സിൽ തങ്ങിനിന്നിരുന്നു
'നിങ്ങളിതൊക്കെ ചെയ്യണം
പക്ഷേ പിടികൊടുക്കരുത്' എന്ന്...

* * * *

നിർവചനങ്ങൾ

ക്ലാസ്സും. അദ്ധ്യാപകനും വിദ്യാർത്ഥിയും പരസ്പരം മതിൽകെട്ടിത്തിരിച്ചിരിയ്ക്കുന്നു. വാക്കുകളും അർത്ഥങ്ങളും മാത്രം ഉരുക്കഴിക്കപ്പെടുന്നു. മനസ്സുതുറന്നിവിടെ ഇരിയ്ക്കുന്നത് അപൂർവ്വം ദിവസങ്ങളിൽ മാത്രം.

ലൈബ്രറി. ആശയസംഘട്ടനങ്ങൾക്ക് വിലക്കപ്പെട്ട പ്രദേശം. അടിച്ചേൽപ്പിക്കപ്പെടുന്ന അച്ചടക്കത്തിനെതിരെയുള്ള മൂവുമൂറുപ്പുകൾ. ഇവിടുത്തെ അന്തരീക്ഷത്തിൽ സ്നേഹാംശം തീരെയില്ല.

പോർട്ടിക്കോ. സമരങ്ങളും സൗഹൃദങ്ങളും ഇവിടെ ആരംഭിക്കുന്നു. സൂര്യന് നേരിട്ട് പ്രവേശനം അൽപംമാത്രം. പല മർമ്മരങ്ങൾ ഒന്നുചേർന്ന് ഒരു ലയം ഇവിടെ ജനിക്കുന്നു. അതിന് വിദ്യാർത്ഥിഐക്യത്തിന്റെ മണം.

വരാന്തകൾ. അസ്തമിക്കാത്ത വർണ്ണങ്ങൾ ഒഴുകിനടക്കുന്നു. പറയാൻ വെമ്പുന്ന മോഹങ്ങളും. ഇവതിരുഹൃദയത്തിന്റെ ധമനികളാണ്. പല പ്രണയങ്ങളും മൊട്ടിട്ടുകൊഴിഞ്ഞതിന്റെ സ്മാരകം.

കാൻറീൻ. സ്വാതന്ത്ര്യത്തിന്റെ ഇരുട്ടറ. എഴുതിവെയ്ക്കപ്പെട്ട നിയമത്തിനു താഴെയിരുന്ന് നിർബാധം പുകതിന്ന് ഇറങ്ങുന്നതും ഇറങ്ങാനിരിക്കുന്നതുമായ സിനിമകളെക്കുറിച്ചും സാമൂഹ്യസാംസ്കാരിക രംഗങ്ങളെക്കുറിച്ചും, 'ആർനോൾഡ് ശിവശങ്കരന്റെ' പേരിനെക്കുറിച്ചും ചൂടുള്ള ചർച്ചകൾ. പുരുഷമേധാവിത്വത്തെ വെല്ലുവിളിച്ചുകൊണ്ട് സ്ത്രീകളുടെ കാബിനുമുകളിൽ നിർബാധം കറങ്ങുന്ന പങ്ക.

ഓഡിറ്റോറിയം. കല കലാപത്തിന്റെ വഴിതേടുന്ന രംഗം. ഓർമ്മകളുടെ ചവിട്ടുപടിപോലെ ഒരുപാടു പുഞ്ചിരികൾ പൊഴിഞ്ഞ സ്ഥലം. സംഘഗാനങ്ങൾക്കൊടുവിൽ റോക്കറ്റുകൾ പറക്കുന്നു. പൊടിയും വിയർപ്പും മണക്കുന്നു.

സോഷ്യൽ. അയഥാർത്ഥ്യങ്ങളുടെ ദ്രാവകം നുരയുന്നു. അതിൽവേർപിരിയുന്നതിന്റെ സങ്കടം ഒഴുക്കിത്തീർത്തവർ ആദിനിഷ്ക്കളങ്കതയുടെ വർത്തമാനങ്ങൾ മൊഴിയുന്നു. പിന്നീട്, മറൈൻ ഡ്രൈവിന്റെ നിയോൺ സന്ധ്യയിൽ തങ്ങളുടെ കൂട്ടായ ജീവിതത്തിന് സ്വരോദകമർപ്പിച്ച് തെരുവിന്റെ പേരെഴുതിയ രക്തബീജങ്ങളിൽ കരേറി പരസ്പരം അകന്നുപോകുന്നു.

* * * *

അദ്ധ്യാപകർ

വാഗർത്ഥം സാക്ഷാത്കരിക്കുന്നവർ ഒരുപിടിയുണ്ട്. അതിൽവർണ്ണങ്ങളുടെയും വാക്കുകളുടെയും കൂട്ടുകാരനായ ആരാധ്യനായ അദ്ധ്യാപകൻ ജയറാം സാറ്. അത്യുച്ചിതേടുന്ന കഴിവുകളുടെ നിറവിൽ വിനയത്തിന്റെ പ്രശോഭിതമായ മൗനത്തോടുകൂടിശിരസ്സൽപം ചരിച്ചു കുനിഞ്ഞ് ഈ ഹൃദയത്തിന്റെ ഇടനാഴിയിൽകൂടി നടന്നുപോകുന്നു. വിഷയങ്ങൾക്ക് പുതിയ അർത്ഥതലങ്ങൾ കണ്ടെത്തുന്നു സജീവമായ ക്ലാസ്സുകൾ. എല്ലാറ്റിനുമുപരി വിദ്യാർത്ഥികളുടെ സ്നേഹിതൻ.

നീണ്ടമൂക്കിൽ മൂൻശുണ്ഠിയും ഗണിതശാസ്ത്രവും, ക്ലാസ്സുമുറികളിലെ കാർക്കശ്യം പുറത്തെ സൗഹൃദമാക്കുന്ന സ്നേഹാദരാർഹനായ അദ്ധ്യാപകൻ, പോൾസാറ്. വിദ്യാർത്ഥികളുടെ മനസ്സറിഞ്ഞ് പഠിപ്പിക്കുവാൻ കഴിവ്, അപൂർവ്വം വാക്കുകളിൽ സൗഹൃദത്തിന് പുതിയ മാനങ്ങൾ, അൽപം ചരിഞ്ഞ് അനൽപമായ വേഗതയോടെ

ഈ ധമനികളിൽ എന്നും കാണേണ്ട അദ്ധ്യാപകൻ.

തീഷ്ണമായ നർമ്മബോധത്തെയും വിമർശനബുദ്ധിയെയും മൂടിനിൽക്കുന്ന മൗനം. വാചാലനാകുന്ന നിമിഷങ്ങളിൽ അനുവാചകനിലേയ്ക്കാഴ്ന്നിറങ്ങുന്ന ധിക്ഷണാശക്തി. സൂഷ്മമായ വർണ്ണഭംഗികളെ തിരിച്ചറിയുന്ന കലാകാരൻ. പല നിലയ്ക്കും വിദ്യാർത്ഥിയെ അവന്റെ നിലയിൽ മനസ്സിലാക്കുന്ന അദ്ധ്യാപകൻ സാംസൺ ഡേവിഡ്. സൗമ്യതയുടെയും സ്നേഹത്തിന്റെയും പ്രതീകം പോലെ എം.പി. ജോസ് സാറ്. ഒരു വിദ്യാർത്ഥിയുടെ മനസ്സു സൂക്ഷിക്കുന്ന അദ്ധ്യാപകൻ **'Drama'** ക്ലാസ്സുകളെ സജീവമാക്കുവാൻ പ്രത്യേക കഴിവ്. പുഞ്ചിരി വറ്റാത്ത ഹൃദയവുമായി ഈ ധമനികളിൽ എന്നും ചരിയ്ക്കേണ്ട അദ്ധ്യാപകൻ.

അങ്ങനെ പലരും പലരും പക്ഷേ ഇവർ, മനസ്സറിയാതെ അതിനുള്ളിൽ കയറിപ്പറ്റിയവർ. നൻമവറ്റാത്ത ഹൃദയത്തിൽവീണ കണ്ണുനീർപ്പൂവുകൾ നിങ്ങൾക്കായി...

* * * *

ക്ലാസ്സ്

ഞങ്ങൾ 161 1/2 ആൺകുട്ടികൾ...
പലവ്യക്തിത്വങ്ങൾ ഒന്നുചേർന്ന്
ഒരു കൂട്ടായ വ്യക്തിത്വമായി
തെറ്റുകുറ്റങ്ങൾക്കെല്ലാം ഒരുമിച്ചുനിന്നവർ,
ഇടവേളകളിൽ ജീവിതവ്യഥയുടെ
കയ്പും പുളിപ്പും
പങ്കുവെച്ചവർ
അന്യോന്യമത്താണിയാകാൻ
കൊതിച്ചവർ
നൻമതിൻമകൾക്കിടയ്ക്കുള്ള
നൂൽപാലത്തിലൂടെ



സ്വപ്നവർണ്ണാങ്കിതചിത്രവടി
ഊന്നി ഊന്നിനടന്നവർ
അവർ ഡിപ്പാർട്ടുമെൻറിനോട്
അറിഞ്ഞുമറിയാതെയും
പിഴകൾ പലതുചെയ്തുപോയി
'ഞങ്ങൾ'
ക്ഷമയാതുകയാണിന്നു
കൈഹൃദയത്തിനുമേലമർത്തി
ഗുരുവാക്യമനുസരിപ്പാനായില്ല
പലപ്പോഴും
ഗുരുനിന്ദകൾ ചെയ്തുപോയതും
'നിയോഗം'
നിധിയാണിതുകൈവിടുന്നതെ
ന്നോർത്തു വിങ്ങിപ്പിളരുകയാണീ ഹൃദയം
പക്ഷേ
വിധിയാണിതുതടയുവതിനാർക്കാകും...

* * * *

അവതാരങ്ങൾ

ക്രോമസോമുകളിൽ ഇങ്കുലാബിൻെറ ജീനുകൾ അധികരിച്ചിട്ടുള്ള അജയ്. മുഖ്യവിഷയം ഇക്കണോമിക്സ് സബ്സിഡിയറി പൊളിറ്റിക്സ് (with Practicals) അവന് എന്നും ഉത്സാഹത്തിൻെറ ദിനങ്ങൾ മാത്രം. വെളിച്ചവും വെള്ളവും പുകയുമായി അവൻെറ മനസ്സിനുള്ളിൽ....വലിയ ശരീരത്തിനുള്ളിൽ നിഷ്ക്കളങ്കമായ മനസ്സുമായി ചെയർമാൻ വർമ്മ. പരതിനടക്കുന്ന കണ്ണുകൾ കണ്ണടയ്ക്കുള്ളിൽ തിളങ്ങുന്നു. പതുങ്ങിനടക്കുന്ന വ്യക്തിത്വം ആരും പ്രതീക്ഷിക്കാതെ പൊട്ടിത്തെറിക്കുന്നു.

നിഷ്കളങ്കതയുടെ പര്യായമായ പാരിജാതം, പ്രീതി, ശാസിയ്ക്കാനും സ്നേഹിക്കുവാനും അലിഖിതമായ അവകാശം മനസ്സറിഞ്ഞുനൽകിയ ചേച്ചി.
ജീവിതം ആസ്വദിക്കാനുള്ളതാണ്.
ഇത് മത്തായിയുടെ സുവിശേഷം. സുപ്രസിദ്ധമായ പഞ്ചസാരഫാക്ടറിയുടെ M.D.എങ്കിലും
പച്ചവെള്ളം ചവച്ചു കുടിക്കുന്നവൻ. കോളജിൻെറ
വരാന്തകളിൽ എല്ലാരുമറിയുമെങ്കിലും
ആരുമറിയാത്ത മാത്യുകുരിയാക്കോസ്
മൂക്കുമുട്ടെ 'വെള്ളം' പൊങ്ങിയാൽ
അതിനുമീതെ തോണിയുമായി
അങ്കമാലിക്കാരൻ സോജൻ
ആലുവ-തേവരഫെറിബസ്സുകളുടെ
നിത്യകാമുകൻ - ഇരട്ടപ്പേരു
കളുടെ ബാഹുല്യം മൂലം സ്വന്തം
പേരുമറന്നുപോയ - സുധീർ
വയസ്സിനൊന്നു മൂത്തതെങ്കിലും

ഒരേ ക്ലാസ്സിൽ പഠിക്കാൻ ഭാഗ്യം ലഭിച്ച
അപൂർവ്വസഹോദരങ്ങൾ
ബിജുവും ബിനുവും,
വാക്കിൽ ശൗര്യം
നോക്കിൽ ശൗര്യം
പക്ഷേ പ്രവർത്തിയിൽ ശൂന്യം
ഇതു പുലിരാജേഷ്
'ഹായ് നല്ല പാറ്റ്'
മലയാളം 'കുരച്ചു കുരച്ചു' പറയാം
എങ്കിലോ സൗന്ദര്യബോധം ജാസ്തി
ഇവൻ ടോം സെബാസ്റ്റ്യൻ
ഒരുയമഹകയ്യിലുള്ളതിനാൽ
ഓസിനും പെട്രോളടിപ്പിച്ചും
ഞങ്ങളെ എറണാകുളം കാണിച്ചുതരുന്ന സജീവ്
മുളച്ചുതുടങ്ങിയെങ്കിലും
വളർച്ചപോരാത്ത തൻെറ
മീശയെക്കുറിച്ചു വേവലാതിപ്പെടുന്ന ജോബി
എന്നോ ഒരു കാലത്ത് ആരോ തീവണ്ടി
യെന്ന് പേരിട്ടതുകാരണം
തുടർച്ചയായ അഞ്ചാംകൊല്ലവും
അതേ പേരിലറിയപ്പെടാൻ
വിധിയ്ക്കപ്പെട്ട ഹതഭാഗ്യയായ
അനിയത്തി സെറീന
ജനറൽ സെക്രട്ടറിയുടെ വലിയ കസേരയിൽ
വളഞ്ഞുകുത്തിയിരുന്ന ചെറിയ മനുഷ്യൻ
അനിൽകുമാർ, പ്രസംഗപീഠങ്ങളെ
പിടിച്ചു കുലുക്കിത്താഴെയിടുന്ന
വാക്പാടവത്തിനുടമ. ആർക്കെതിരെയും
യുദ്ധം പ്രഖ്യാപിക്കുന്ന മനസ്ഥൈര്യത്തിൻ
പിന്നിൽ ശൂന്യത.
ഇവർ അപൂർവ്വം ചിലരാണ്

* * * *

ഇലക്ഷൻ
പരിചയമില്ലാതിരുന്നവരെയെല്ലാം നോക്കിച്ചിരിച്ചു.
പരിചയക്കാരോടെല്ലാം പതം പറഞ്ഞു
ഉടുതുപരിചയമില്ലാത്തതുമുണ്ട്
അരയിൽക്കിടന്നിഴഞ്ഞപ്പോൾ
കാൽവീണിൽ സാധനങ്ങൾ പൊതിഞ്ഞു
കൊണ്ടുവരുന്ന ചാക്കുവള്ളിയ്ക്കുചിലവേറി.
മീറ്റ് ദികാൻഡിഡേറ്റ് തൊണ്ടതുറന്ന് മൈക്കിനു മുന്നിൽ
വെച്ചപ്പോൾ കൈയ്യടിക്കാൻ മാത്രമറിയുന്ന കൂട്ടുകാർ
അഭിനന്ദിച്ചു.
വിജയപീഠത്തിൽ നഗ്നശിരസ്കനായിനിന്ന്
'ചിലവിന്' പോക്കറ്റിന് വലുപ്പം പോരെന്നു
പൊഴിഞ്ഞു കൃതാർത്ഥനായി.
ജനറൽ സീറ്റെന്ന വലിയ കുപ്പായം
വിയർപ്പൊഴുക്കിശരീരത്തോടൊട്ടിച്ചേർന്നപ്പോൾ
ഞങ്ങൾ വീണ്ടും പഴയ ഞങ്ങളായി

• • • •

ഒടുവിൽ മാർക്കിസ്റ്റ്
ചെയ്തുപോയ 'കുരുത്തക്കേടുകളു'ടെയും
'താനെന്താന്നിത്തരങ്ങളു'ടേയും
'തോന്ന്യാക്ഷരങ്ങളു'ടെയും മാപ്പുസാക്ഷി

• • • •

നീയും ഞാനും നമ്മളും
മെയിൻ ഗേറ്റിനു പുറത്തെത്തിക്കഴിഞ്ഞു
കർത്താവിന്റെ ശിരസ്സിനുചുറ്റും
നാമവസാനമായി ഒരു പ്രകാശ വലയം
കാണുന്നു.
നമുക്കുള്ള പ്രകാശം
ഇനി വഴികൾ മുന്നോട്ടേയ്ക്കാണ്
പ്രകാശം കുറഞ്ഞുകുറഞ്ഞുവരുന്ന
വഴികൾ
നമ്മുടെ ഇടയിൽ നിന്നും
ഒരു 'കുന്ദൻ'
കർത്തവ്യവും ആവശ്യവും
ഒന്നല്ലാതിരിക്കെ, തീരുമാനമെടുക്കേണ്ട
ചുമതലപൂർണ്ണമായും
അവനിൽത്തന്നെ നിക്ഷിപ്തമായ
ധർമ്മ സംഘട്ടനത്തിൽ
ഉരുകിത്തീരാം;
ഒരു 'രവി' സ്വന്തം
അസ്തിത്വദുഃഖങ്ങളും പേറി
നടന്നു പോകാം,
ഒരു 'രമേശൻ' അകാരണമായി
ദുഃഖങ്ങളും, വ്യഥകളും
മാരകരോഗങ്ങളും മോഹിച്ച്

'ഹരിവാറിലെമണി' നാദത്തിനായി
കാതോർക്കാം,
ഒരു 'അർജ്ജുനൻ' സമതയുടെ
മോഹങ്ങൾ ഉൻമൂലനത്തിലൂടെ
സാധിതമാക്കുവാൻ
മുൻപേ പറന്നേക്കാം
ഒരു 'കുഞ്ഞുണ്ണി'സ്വന്തം നദിക്കരയിലേക്ക്
വന്ന് സ്വയം തിരിച്ചറിവു
നടത്തിയേക്കാം,
എല്ലാം സംഭവ്യതകൾ നിറഞ്ഞ സത്യങ്ങളാണ്
ഈ സംഭവ്യതകൾക്കിടയ്ക്ക്
നമ്മുടെ ഓർമ്മകൾക്ക്
പൊടിയും കറയും പിടിയ്ക്കും
അതിനുമേൽ
പുതിയകഥാപാത്രങ്ങൾ
രംഗപ്രവേശം ചെയ്യും,
എങ്കിലും
എവിടെങ്കിലും വച്ച് നമ്മുടേതു മാത്രമായ വ്യഥകൾ
ഘനീഭവിച്ച്
മനസ്സിൽ കാർമേഘങ്ങളുണ്ടാകും
അന്ന്
കണ്ണീരിന്റെ മഴ പെയ്യും.
ആ കണ്ണുനീർത്തുള്ളികൾ
പൊടിയും കറയും കഴുകിക്കളയും
അപ്പോൾ നാം വീണ്ടും
പഴയ ചിത്രങ്ങളുടെ നേർത്ത
രേഖകൾ ദർശിക്കും
നാം തീർത്ത മരുഭൂമികളിൽ
നേർത്ത പച്ചപ്പുപൊടിയ്ക്കും
നമ്മുടെ വരണ്ട ചുണ്ടുകളിൽ
ഒരു മാർച്ചിന്റെ കിനാവുപോലെ,
ആദ്യാനുരാഗത്തിന്റെ ലഹരിപോലെ,
സന്തോഷത്തിന്റെയും വിരഹത്തിന്റെയും
നോവുപോലെ,
ഒരു പുഞ്ചിരിനിഴലിട്ടുനിൽക്കും
പണ്ടത്തെ
ഇരുണ്ടുകനത്ത ഒരു പകലിൽ
ജീവിത പുസ്തകത്തിലെ
അഞ്ചുതാളുകൾ കീറിയെടുക്കുമ്പോൾ
അതിനറ്റത്ത് പൊടിഞ്ഞ
ചോരത്തുള്ളികൾ മന്ത്രിച്ചത്
വീണ്ടും നാം പറയും
'വസന്തം കഴിഞ്ഞിരിക്കുന്നു'

രാജീവ് എ
മൂന്നാം വർഷ ഗണിതശാസ്ത്ര

പറയുന്നു
ആഗസ്റ്റ് പതിനഞ്ച്.

Bijesh. K.B
III DC Physics

ഞാൻ ആഗസ്റ്റ് പതിനഞ്ച്
ഇന്ന് എന്റെ 47-മത്തെ ജൻമനാളാണ്
സാധാരണ കുട്ടികളെപ്പോലെയായിരുന്നില്ല ഞാൻ
ജനിച്ചു വീണതു മുതലുള്ള കാര്യങ്ങൾ ഓർമ്മയുണ്ട്
അന്നെന്തുൽസവമായിരുന്നു
കാത്തുകാത്തിരുന്ന സന്തതി.
എന്നെ വരവേൽക്കാനായി ഉപജീവനമാർഗ്ഗത്തിന്റെ
ഓരോ മൂക്കും മൂലയും അണിഞ്ഞൊരുങ്ങിയിരുന്നു
എല്ലായിടത്തും ത്രിവർണ്ണ പതാക മാത്രമേ
ഉണ്ടായിരുന്നുള്ളൂ.
എന്റെ പിറവിയുടെ തലേന്നർദ്ധരാത്രിയ്ക്ക്
മാനത്തുദിച്ച ത്രിവർണ്ണ നക്ഷത്രം.

ഞാൻ വളരെ ബന്ധവസ്സിലാണ്
താമസിച്ചിരുന്നത്
എല്ലാക്കൊല്ലവും എന്റെ ജൻമദിനം
വളരെക്കാര്യമായാഘോഷിച്ചിരുന്നു.
അന്ന് അവരെന്നെ പൊതുജനമദ്ധ്യത്തിൽ
കൊണ്ടുവരും.
ഒരു പാടു വാഗ്ദാനങ്ങൾ
എന്നെ സാക്ഷിയാക്കി പലരും
നിങ്ങൾക്കൊക്കെതന്നു അല്ലേ....?
ഞാനൊക്കെ കണ്ണുമടച്ചു
വിശ്വസിച്ചിരിയ്ക്കുകയായിരുന്നു.
ഇന്നലെവരെ.
ഇന്നലെക്കാലത്തും എന്നെ സാക്ഷിയാക്കി
ഒരുപാടു വാഗ്ദാനങ്ങൾ നൽകുന്നതു ഞാൻ കേട്ടു.
സന്തോഷം തോന്നീട്ടോ....
കാരണം പഴയ വാഗ്ദാനങ്ങളൊന്നുംതന്നെ
ആവർത്തിച്ചിരുന്നില്ല
സ്വാഭാവികമായും
ഞാനെന്താ വിചാരിയ്ക്കുക
കഴിഞ്ഞതൊക്കെ പറഞ്ഞതെല്ലാം
ഓർത്തുകാണില്ല
എന്നാലും ഉറപ്പല
ഞാൻ പെങ്കൊടുക്കുമോളിലൊരു
കസാലയിലിരിയ്ക്കുകയായിരുന്നു
എന്റെ തൊട്ടു മുന്നിൽ ഒരു 'കഷണ്ടിക്കാരൻ'
ചില്ലുകൂട്ടിൽനിന്നു പ്രസംഗിയ്ക്കുന്നുണ്ടായിരുന്നു
കൂട്ടത്തിലൊരു രസമുള്ള കാര്യം ഇടവേളയ്ക്ക്
പ്രസംഗിച്ചവരിൽ മുതിർന്നവരും കഷണ്ടിക്കാരായിരുന്നു
പിന്നൊരു 'സ്ത്രീ'യുണ്ടായിരുന്നു
പ്രസംഗം പതിവുപോലെ വാഗ്ദാനങ്ങൾ തന്നെ...
പക്ഷേ ഇതിനിടയ്ക്ക് ഞാൻ കാണാനാഗ്രഹിച്ചതത് കണ്ടു
ഈ കോട്ടയുടെ മുന്നിൽ പ്രസംഗം കേൾക്കാൻ
വന്നവരുടെ മുൻ നിരയിലൂടെ നടന്ന് അഞ്ചുവയസ്സുള്ള
പോലുമാകാത്ത ഒരു കുട്ടി ഭിക്ഷയാചിയ്ക്കുന്നു.
ഞാൻ കണ്ണടച്ചുതുറന്നു തിരുമ്മിനോക്കി.
അതെ, അവൾ ഭിക്ഷയാചിയ്ക്കുകതന്നെയാണ്,
അവൾക്ക് ആരും ഒന്നും കൊടുക്കുന്നുമില്ല.
അപ്പൊഴാണ് എനിയ്ക്കു ഭയങ്കര സംശയങ്ങളുണ്ടായത്
ഞാനവിടെനിന്നറങ്ങി നടന്നു.
തടയാൻ പലരും ശ്രമിച്ചുട്ടോ
പക്ഷെ ഞാൻ നിന്നില്ല.
അപ്പൊ മുതൽ അലഞ്ഞുതിരിയുകയാണ്
എന്തൊക്കെ കണ്ടു....
മനസ്സ് ശരിയ്ക്കും മരവിച്ചുപോയീട്ടോ...
എവിടെയോ നടുറോട്ടിലിട്ട് ഒരു മനുഷ്യനെ
കൂടെപ്പേർന്ന് വെട്ടിക്കൊല്ലുന്നു.
അപ്പുറത്ത് ഒരു കാക്കിക്കുപ്പായക്കാരൻ
നിന്നു സിഗരറ്റ് വലിയ്ക്കുന്നു.
കണ്ട ഭാവം പ്ലു...
വേറൊരിടത്ത് ഒരു സ്ത്രീയെ നഗ്നയാക്കി
തെരുവിലൂടെ നടത്തുന്നു.
ആളൊരു പാടുകൂടിട്ടുണ്ട്
നിയ്ക്കു മരിച്ചാ മതീന്നുതോന്നിപ്പോയി

ഒരു പാടുക്ഷിണിച്ചപ്പോ
ചായകുടിയ്ക്കാൻ ഒരു ഹോട്ടലിൽക്കയറി
കുടികഴിഞ്ഞിറങ്ങിയപ്പോ
ഒരു കൊച്ചുകുട്ടി
അവനുകഷ്ടിയൊരേഴുവയസ്സായിട്ടുണ്ടാവും
ഞാൻ കുടിച്ച പാത്രെടുക്കാൻ വിന്നിരിയ്ക്കിണു
അവന്റെറ കണ്ണിനു ചുറ്റും
വല്ലാത്ത കറുത്ത നിറം
അത് ഇപ്പഴും പേടിപ്പിയ്ക്കണു
ഏതോ ഒരു ജനുവരിമുപ്പതിന്
ഒരു തടിച്ച പുസ്തകം ഇവരെന്റെറ
കയ്യിൽ കൊണ്ടുവന്നു തന്നിരുന്നു.
ഭരണഘടനയാത്രെ...
അതിലെവിടെയോ ഞാൻ വായിച്ചിരുന്നു
പതിന്നാലു വയസ്സുവരെ കുട്ട്യോൾക്ക്
ഇവര് നിർബന്ധിത വിദ്യാഭ്യാസം നൽകുന്ന്
ന്ന്ട്ട്....
ഞാൻ രണ്ടു വട പൊതിഞ്ഞു വാങ്ങീരുന്നെ
പിന്നീടതു തിന്നു കഴിഞ്ഞ്
ആപൊതിഞ്ഞ പേപ്പറിൽ
ഒരുവാർത്ത വായിച്ചപ്പോ
സത്യായിട്ടും സങ്കടം വന്നൂട്ടോ
എന്താന്നോ
എനിയ്ക്കുവേണ്ടി
ഒരു പാടുകഷ്ടപ്പെട്ട ഒരു വലിയ മനുഷ്യനുണ്ട്
അങ്ങേരുടെ പേരിലുള്ള സർവ്വകലാശാല
ഡോക്ടറേറ്റ് കൊടുക്ക്ണു
ഒരു മുഖ്യമന്ത്രിയ്ക്ക്
രാഷ്ട്രീയ സാമൂഹ്യമേഖലയിലെ
മികച്ച പ്രവർത്തനത്തിനേ
പുള്ളിക്കാരന്
ഭീഷ്മാചാര്യ അവാർഡ് ഈ അവാർഡ്,
ആ അവാർഡ്, അങ്ങനെയൊരുപാട് കിട്ടീട്ട്ണ്ടത്രേ.
ആ എച്ചിലെടുക്കണ കുട്ടിയ്ക്കൊരു
ഡോക്ടറേറ്റു കൊടുത്തൂടെ,
അല്ലെങ്കിലൊരവാർഡു കൊടുത്തൂടെ,
ഒന്നൂല്ല്യങ്കിലും അവനവന്റെറ
സുഖല്യാത്ത അമ്മയ്ക്കും
ഇളയപെങ്ങൾക്കും ചോറുകൊടുക്ക്ണില്ല്യേ
ഹൊ ! കഷ്ടം ല്ലേ
പിന്നെനിയ്ക്കറിയാത്തൊരു
വാക്കു ഞാൻ പഠിച്ചൂട്ടോ, എന്താന്നോ 'അഴിമതി'
കുറെ സാധാരണക്കരൊരുമിച്ചു
വർത്താനം പറേണേന്റെടയ്ക്ക്
അവരു പറഞ്ഞുകേട്ടതാ
നിയ്ക്കാദ്യം മനസ്സിലായില്ല.
ഞാനവരോടു ചോദിയ്ക്ക്യേ
എന്താണീ അഴിമതീന്ന്
അവരൊരുപാടു പറഞ്ഞുതന്നു
ഏതാണ്ടൊരു സ്യൂട്കേസ്ന്നോ,
പാമൊലീൻ ന്നോ, പഞ്ചസാരാന്നോ
ഓഹരീന്നോ, തോട്ടണ്ടീന്നോ, മുളക്ന്നോ ഒക്കെ
പിന്നീം ഒരു പാടുപറഞ്ഞൂട്ടോ
മുഴോനും ഓർമ്മേലുനിന്നില്ല്യ
ഞാനിദൊക്കെ വേറേ ഏതോ
രാജ്യത്തെകാര്യായിരിയ്ക്കുംന്നാ നിരിച്ചെ.
പിന്നെയാണവരുപറേണേ
ഒക്കെ നമ്മുടെ രാജ്യത്തു തന്നെള്ളതാണത്രെ!
ഗാട്ട്-ഡങ്കൽന്നൊക്കെ ഞാൻ കേട്ടു
ഗാട്ട്ന്ന് കേട്ടപ്പോളാദ്യം വിചാരിച്ചത്
ആവലിയമനുഷ്യന്റെറ സമാധിസ്ഥലാന്നാ
പക്ഷെ അതല്ല ത്രെ
അതെന്തോ ഈ രാജ്യത്തെ പ്പിന്നീം
അടിമയാക്കാനുള്ള വഴിയാത്രെ.
ദൊക്കെ അൽപം വിവരള്ളൊരു
പറഞ്ഞോതാണ് ട്ടോ, നിയ്ക്കറീല്ല്യ
വേറെ ചിലര്ണ്ട് ത്രെ
അവർക്കു് ദൊന്നല്ല കാര്യം
ഓര്ക്ക് വേണ്ടത്
അയോദ്ധ്യയിലെങ്ങാണ്ടൊരു രാമക്ഷേത്രാണ്.
അതായാലെല്ലായിന്ന്
അത്ങ്ങട് വന്നാപ്പിന്നെ
ഈ നട്ടീപ്പട്ടിണിണ്ടാവില്ല്യ!
തൊഴിലില്ലായ്മേണ്ടാവില്ല്യ!
ഒന്നുണ്ടാവില്ല്യ!
ഈ രാജ്യണ്ടാവോ?
സത്യം പറയട്ടെ നിയ്ക്കുസംശയംണ്ട്ട്ടോ
പിന്നീം ഒരുപാടു കാര്യങ്ങൾ
ഞാൻ കേൾക്കേണ്ടായി
പക്ഷെ, പറയാൻ മനസ്സുസമ്മതിയ്ക്കണില്ല്യ
എന്നെന്തിനാ അവര്ത്രനാളും
അടച്ചിരുത്തിയതെന്ന് നിയ്ക്കിപ്പഴാ മനസ്സിലായേ
ന്നാലും അവര്ങ്ങനെ.....
ഞാൻ പൂവ്വാ.
അതേ ചേങ്കോട്ടേല്യ്ക്ക് തന്നെ
അനി ആരു വിളിച്ചാലും
ഞാൻ പൂറത്തിറങ്ങ്യേല്ല്യ
നിയ്ക്കിതൊന്നും കാണാൻ വയ്യേ
നിങ്ങളെ, അതായത് ജനങ്ങള്
നിങ്ങളെന്നെങ്കിലും ഒരുമിച്ചുവന്നെന്നെവിളിയ്ക്കും
അന്ന്
അന്നുമാത്രമേ
ഞാൻ പുറത്തുവരുള്ളൂട്ടോ.

ലോകരാഷ്ട്രങ്ങളിലൂടെ...

ലോകത്തിന്റെ ഉൽപത്തിയേയും വികാസത്തേയും സംബന്ധിക്കുന്ന അനേകം ഐതിഹ്യങ്ങളും മറ്റും നിലനിൽക്കുന്നുണ്ടെങ്കിലും, ശാസ്ത്രത്തിന്റെതായ ഈ യുഗത്തിൽ, ശാസ്ത്രീയമായ ഗവേഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ള സത്യങ്ങൾക്കാണ് നാം മുൻതൂക്കം നൽകേണ്ടത്. ഭൂമിശാസ്ത്രപരമായി, ആദ്യം പ്രകൃതിയാൽതന്നെ വേർതിരിക്കപ്പെട്ടതും, പിന്നീട്, ജാതി-മത-വർഗ്ഗ-ഭാഷാടിസ്ഥാനത്തിൽ മനുഷ്യർ തന്നെ വേർപെടുത്തിയതുമായ ഈ ലോകത്തിൽ ഇന്ന് ഏഴു ഭൂഖണ്ഡങ്ങളും അവയിൽ അനേകം രാജ്യങ്ങളുമുണ്ട്. ശാസ്ത്രത്തിന്റെ വളർച്ചയിലൂടെ കൈവരിച്ച നേട്ടങ്ങൾകൊണ്ട് ലോകത്തിലെ എല്ലാ മേഖലകളും വികാസ പരിണാമങ്ങൾക്കു വിധേയമായി. ഈ വികാസ പരിണാമങ്ങൾക്കനുസൃതമായി തന്നെ മനുഷ്യനും വികാസം പ്രാപിച്ച് പ്രാകൃതത്തിൽ നിന്ന് അത്യാധുനികയുഗത്തിലാണ് ജീവിക്കുന്നത്. ആ ആധുനികതയുടേതായ പല പ്രശ്നങ്ങളും അവനഭിമുഖീകരിയ്ക്കുന്നുമുണ്ട്. ലോകരാഷ്ട്രങ്ങളെക്കുറിച്ചുള്ള പൊതുവായൊരവലോകനത്തിലൂടെ അവന്റെ വളർച്ചയുടെ പ്രശ്നങ്ങളിലേയ്ക്ക് ഒരെത്തിനോട്ടം നടത്തുകയാണ് ഈ ലേഖകന്റെ ഉദ്ദേശം.

പൊതുവിൽ ആഫ്രിക്കൻ വൻകരയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്താണ് എന്നുള്ളത് ചിന്തിക്കപ്പെടേണ്ട ഒരു വിഷയം തന്നെയാണ്. ആഭ്യന്തരകലാപങ്ങളിൽ ലക്ഷക്കണക്കിനാളുകളാണ് നിത്യേനയെന്നോണം മരിച്ചുകൊണ്ടിരിക്കുന്നത്. അൾജീരിയ മുതൽ തെക്കേ ആഫ്രിക്കവരെയുള്ള പ്രദേശങ്ങളിൽ സാധാരണയായി ഏറ്റവും മൂല്യമുള്ളതായി കരുതപ്പെട്ടിട്ടുള്ള മനുഷ്യജീവൻ എത്രമേൽ വിലകുറഞ്ഞ വസ്തുവായി തീർന്നിരിക്കുന്നു.

സുഡാനിൽ, മതത്തിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്ന ആഭ്യന്തരയുദ്ധത്തിന്റെ പരിണത ഫലമെന്നോണം, ചുരുങ്ങിയത് അഞ്ചുലക്ഷം ജനങ്ങളെങ്കിലും മരിച്ചിട്ടുണ്ടാവാമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഔദ്യോഗികമായ ഈ കണക്കുകൾ യഥാർത്ഥ്യത്തിൽ നിന്നും വളരെയകലെയാവാം. അംഗോളയിലും ഉയർന്ന മരണ നിരക്കിനു കാരണം ആഭ്യന്തര യുദ്ധം തന്നെ. ഇവിടെ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ (ഔദ്യോഗിക കണക്കു പ്രകാരം) ചുരുങ്ങിയത് ഒരു ലക്ഷം ജനങ്ങളെങ്കിലും കൊല്ലപ്പെട്ടിട്ടുണ്ട്. മൊസാമ്പിക്, സൈരേ തുടങ്ങിയ പല രാജ്യങ്ങളിലേയും സ്ഥിതി തഥൈവ.

വിവിധ രാജ്യങ്ങളിലേ ആയുധശേഖരങ്ങളിൽ ലക്ഷങ്ങളും കോടികളും വിലമതിക്കുന്ന മനുഷ്യവിധ്വംസകമായ അത്യാധുനിക ആയുധങ്ങൾ കൂമിഞ്ഞുകൂടുമ്പോൾ, ദാരിദ്ര്യം വളരുകയാണ്. മനുഷ്യർ ജീവൻ നിലനിർത്തുവാനുള്ള പോരാട്ടം നടത്തുന്നു. പട്ടിണി മരണങ്ങളുടെ കണക്കിന്റെ പട്ടികയിൽ എത്യോപ്യയും സോമാലിയയും മുന്നിട്ടുനിൽക്കുന്നു. മനുഷ്യത്വത്തിന്റെ ലാഞ്ചന പോലുമില്ലാതെ ആയുധങ്ങൾ സുലഭമായി വാങ്ങിക്കൂട്ടുമ്പോൾ, ഈ പട്ടിണി പാവങ്ങൾക്കു വേണ്ടി എന്തെങ്കിലും ചെയ്യുവാൻ ആരും തയ്യാറെടുക്കുന്നില്ലെന്നുള്ളത് ഒരു ദുഃഖ സത്യം മാത്രം! മനുഷ്യ ഭക്ഷ്യവസ്തുക്കൾക്കു പകരം എങ്ങും സുലഭമായി ഉള്ളത് അത്യാധുനിക ആയുധങ്ങൾ മാത്രം!

കമ്പോഡിയയും ഖമേർ റൂഷുകളും:-

ലോകത്തിലെ ഏറ്റവും ദരിദ്രമായ രാജ്യങ്ങളിലൊന്നാണ് കമ്പോഡിയ. അവിടെ വിയറ്റ്നാം യുദ്ധത്തിന്റെ പരിണിത ഫലമായി, പോൾപോട്ടിന്റെ നേതൃത്വത്തിൽ 'ഖമേർ റൂഷ്' എന്നറിയപ്പെടുന്ന കമ്മ്യൂണിസ്റ്റ് ഒളിപ്പോരാളികൾ അധികാരത്തിലേറി. അവരുടെ നീചമായ രീതിയിലുള്ള സമത്വം സ്ഥാപിക്കൽ പക്ഷേ, അധികകാലം നീണ്ടില്ല. ഒരു ഇടതുപക്ഷ ഗവൺമെൻറ് അധികാരത്തിലേറിയപ്പോൾ പോൾപോട്ടും അനുയായികളും വീണ്ടും ഒളിപ്പോരാളികളായി തുടരുകയും ചെയ്തു. റഷ്യൻ പക്ഷമായിരുന്ന അധികാരികൾക്കെതിരെ ആഞ്ഞടിക്കുവാൻ വേണ്ട എല്ലാ ഒത്താശയും സഹായവും അനുഗ്രഹവും അമേരിക്കയും അവരുടെ സഖ്യകക്ഷികളും തായ്ലണ്ടും ഒക്കെക്കൂടി ഖമേർ റൂഷുകൾക്ക് ചെയ്തു കൊടുത്തു. ഇത് അവരുടെ ശക്തി വർദ്ധിപ്പിയ്ക്കുവാൻ കാരണമായി. പിന്നീട്, ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ അവിടെ പൊതുതിരഞ്ഞെടുപ്പിലൂടെ ഒരു ജനാധിപത്യഗവൺമെൻറ് അധികാരത്തിൽ വരുകയും ചെയ്തതോടെ അമേരിക്കയുടെയും മറ്റും കൈയ്യയഞ്ഞ സഹായം ഖമേർ റൂഷുകൾക്ക് നഷ്ടപ്പെട്ടുവെങ്കിലും, എല്ലാ വിഭാഗങ്ങളിലുമുള്ള സാമൂഹിക വിരുദ്ധരുടെയും പിന്തുണ ഇപ്പോഴും അവർക്ക് ലഭിച്ചുവരുന്നു.

ദക്ഷിണാഫ്രിക്കയും ജനാധിപത്യവും

കാൽനൂറ്റാണ്ടിലേറെക്കാലം ജയിൽവാസമനുഭവിച്ചു, കറുത്ത വർഗ്ഗക്കാരുടെ ഉന്നമനത്തിനും ഭരണപങ്കാളിത്തത്തിനും അതോടൊപ്പം തന്നെ വർണ്ണവിവേചനത്തിനുമെതിരെ അക്ഷീണനായി യത്നിച്ച് യുഗപുരുഷനായി മാറിയ നെൽസൺ മണ്ടേലയുടെ നേതൃത്വത്തിൽ ഇന്ന് ദക്ഷിണാഫ്രിക്കൻ ജനത ജനാധിപത്യ വ്യവസ്ഥിതിയിലേക്ക് നീങ്ങിയിരിക്കുകയാണ്. അവിടുത്തെ ഭൂരിപക്ഷം വരുന്ന കറുത്ത വർഗ്ഗക്കാർ മറക്കുവാൻ ആഗ്രഹിക്കുന്ന വർണ്ണവിവേചനത്തിന്റേതായ കറുത്ത നാളുകൾക്ക് ഇനി വിട!

ദക്ഷിണാഫ്രിക്ക ജനാധിപത്യരാഷ്ട്രമായിക്കഴിഞ്ഞിട്ടും വർണ്ണവിവേചനത്തെ അനുകൂലിക്കുന്നവർ ഇന്നുമവിടെയുണ്ട്. അവരിൽ കൂടുതലും ഡച്ച് വംശജരാണ്. അവരുടേതുമാത്രമായ ഒരു പുതിയ റിപ്പബ്ലിക്ക് അവർ സ്വപ്നം കാണുന്നു. അത് യാഥാർത്ഥ്യമാക്കാൻ വേണ്ടി അവരിപ്പോൾ തീവ്രവാദത്തിന്റെ പാതയിലാണ്. നിരവധി മനുഷ്യവിധ്വംസക പ്രവർത്തനങ്ങളിലൂടെ തങ്ങളുടെ മാർഗ്ഗമെന്തെന്നു തെളിയിച്ചു കഴിഞ്ഞിട്ടുള്ള ആഫ്രിക്കൻ പ്രതിരോധ മുന്നണിയാണ് ഇതിൽ മുന്നിട്ടുനിൽക്കുന്നത്. അതിന്റെ ആദ്യപടിയായിരുന്നു, ദക്ഷിണാഫ്രിക്ക ജനാധിപത്യ രാഷ്ട്രമാകുന്നത് തടയുന്നതിനുവേണ്ടി അവർ നടത്തിയ സ്ഫോടന പരമ്പരകൾ.

ഭരണത്തിലേറിയ മണ്ടേലക്ക് ഇത് അഗ്നിപരീക്ഷണങ്ങളുടെ ഘട്ടമാണ്. എന്നു മാത്രമല്ല, ഇതിലൂടെ അദ്ദേഹം നേരിടേണ്ട പ്രശ്നങ്ങൾ അവസാനിക്കുന്നുമില്ല. കറുത്തവർഗ്ഗക്കാർക്കിടയിൽതന്നെ ഉടലെടുത്തിട്ടുള്ള ഗോത്രാടിസ്ഥാനത്തിലുള്ള കലഹങ്ങളാണ് പുതുതായി അദ്ദേഹത്തിനു നേരിടേണ്ടതായി വന്നിട്ടുള്ള പ്രശ്നം. ഗാന്ധിയൻ ചിന്താഗതികളുടെ പ്രവാചകനായ അദ്ദേഹത്തിന്, അതേ പാതയിലൂടെതന്നെ ഇവയ്ക്കെതിരെ ശക്തമായി പൊരുതുവാൻ കരുത്തുണ്ടാകുമാറാകട്ടെ.

മരിച്ചുകൊണ്ടിരിക്കുന്ന റുവാണ്ട:-

ലോകത്തിൽ പലതും സംഭവിക്കുന്നുണ്ടെങ്കിലും മനസ്സിൽ നിന്നും വിട്ടുപോകുവാൻ മടിക്കുന്ന, മനുഷ്യമനസ്സുകളെ മഥിക്കുന്ന, അല്ലെങ്കിൽ മനുഷ്യരിൽ അസ്വാസ്ഥ്യം ജനിപ്പിക്കുന്ന ഒന്നാണ് റുവാണ്ടയിൽ നടന്നുകൊണ്ടിരിക്കുന്ന. സംഭവവികാസങ്ങൾ.

അറുപതുകളുടെ തുടക്കത്തിൽ സ്വാതന്ത്ര്യം സിദ്ധിച്ച രാജ്യങ്ങളിലൊന്നാണ് മുൻ ബെൽജിയം കോളനിയായ റുവാണ്ട. ആഫ്രിക്കൻ രാജ്യങ്ങളിൽ ജനസാന്ദ്രതയേറിയതെങ്കിലും കേവലം 75 ലക്ഷം ജനങ്ങളും കേരളത്തിലെ മൂന്നിൽ രണ്ടു ഭാഗം മാത്രം വലുപ്പമുള്ള ഈ രാജ്യത്ത് നടന്നത് ഭീതിദായകമായ മനുഷ്യക്കുരുതിയാണ്. മറ്റു പല രാജ്യങ്ങളിലേയും പോലെ ഇവിടെയും 5 ലക്ഷം പേർ ആഭ്യന്തരകലാപത്തിലും അതിലുമെത്രയോപേർ പട്ടിണിയിലും മരണപ്പെട്ടിരിയ്ക്കുന്നു. മനുഷ്യമൃതദേഹങ്ങൾ കുഴിച്ചു മൂടുവാൻ പോലും ആളില്ലാതെ അതിദുഃഖകരവും ദാരുണവും ഭയാനകവുമായ ഒരു പരിതസ്ഥിതിയെയാണ് ഈ രാജ്യം അഭിമുഖീകരിക്കുന്നത്.

ഹുടുകളും ടുട്സികളും:

റുവാണ്ടയിലെ രണ്ടു പ്രധാന ഗോത്രങ്ങളായ ഹുടുകളും ടുട്സികളും തമ്മിൽ ബെൽജിയത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യലബ്ധിക്കുശേഷം തന്നെ സംഘട്ടനങ്ങൾ നടന്നു

വരുകയായിരുന്നു. 1994 ഏപ്രിൽ മാസം പൊട്ടിപ്പുറപ്പെട്ട ആഭ്യന്തര കലഹത്തിന്റെ യഥാർത്ഥ കാരണമെന്താണ്? ഭൂരിപക്ഷമായ ജനങ്ങളുടെ ഭരണമാണ് ജനാധിപത്യമെങ്കിലും, റ്വാണ്ടയിലാകട്ടെ, ഭൂരിപക്ഷം ഒരു വർഗ്ഗക്കാരായ അധഃസ്ഥിതരും, മേലാളൻമാരായി വർത്തിക്കുന്നത് ന്യൂന പക്ഷമായ ഒരു വർഗ്ഗവുമാണ്. ഈയൊരു സ്ഥിതി വിശേഷമാണ് ആ രാജ്യത്തിന് ശാപമായി തീർന്നത്.

റ്വാണ്ടയുടെ അയൽരാജ്യമായ ബറൂണ്ടിയിൽ പട്ടാളാധിപത്യമുള്ള ടുട്സികൾ, അതുപയോഗിച്ച് ഹുടുകളെ അമർച്ച ചെയ്തിരുന്നുവെങ്കിലും അതവർക്ക് ഏറെക്കാലം തുടരാനാവാതെ വരികയും കാടുകളിലേയ്ക്ക് പാലായനം ചെയ്ത് 'റ്വാണ്ട പാട്രിയോട്ടിക് ഫ്രണ്ട്' എന്ന സംഘടനയിലൂടെ ഒളിപ്പോരാളികളായി മാറുകയുമാണുണ്ടായത്. റ്വാണ്ടയുടെ തലസ്ഥാനമായ കിഗാലി പിടിച്ചടക്കുവാനുള്ള അവരുടെ ശ്രമമാണ് രക്തരൂക്ഷിതമായ ഈ അഭ്യന്തര കലാപത്തിന് വഴിമരുന്നിട്ടത്.

ടുട്സികൾ ആഭ്യന്തരയുദ്ധം ജയിച്ച് അധികാരത്തിലേറി. എന്നാൽ, ഒരസാധാരണ സംവിധാനമാണ് അവിടെയുള്ളത്. ജയിച്ച വർഗ്ഗക്കാരല്ല അവിടുത്തെ ഉന്നതാധികാരകസേരകൾ അലങ്കരിക്കുന്നത്. ഇതിനു പ്രധാനകാരണം, ഭൂരിപക്ഷമായ ഹുടുകളെ മാറ്റിനിർത്തിക്കൊണ്ട് ടുട്സികൾക്ക് ഭരണം നടത്തുക അസാധ്യമാണ്.

ഇതിനിടെ, ആഭ്യന്തര യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ സമാധാന പുനഃസ്ഥാപനത്തിന്റെ പേരിലുണ്ടായ ഫ്രഞ്ച് ഇടപെടൽ ടുട്സികളെ ചൊടിപ്പിക്കുയാണുണ്ടായത്. ഈ മനുഷ്യത്വപരമായ നടപടിയുടെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്യപ്പെടുന്നു. കാരണം, മുൻകാലങ്ങളിൽ ഫ്രഞ്ചുകാർ ഹുടുകൾക്കു മാത്രമനുകൂലമായി ചെയ്തിരുന്ന പലതും ടുട്സികൾ ആരോപിക്കുമ്പോൾ ഫ്രഞ്ച് ഗവൺമെന്റിന് അതിനു നീതീകരണമില്ല. കൂടാതെ, അധികാരം നഷ്ടപ്പെട്ടു കഴിഞ്ഞ ഹുട്ടുകൾ, ഫ്രഞ്ച് അധീനതയിലുള്ള പ്രദേശങ്ങളിലെ ടുട്സികളെ നിഷ്കരുണം കൂട്ടക്കൊല ചെയ്തുവരുന്നത് ഫ്രഞ്ച് സൈന്യം നിശ്ചലരായി നോക്കി നിൽക്കുകയും ചെയ്തത് ഇതിന് ഉപോൽബലകമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

അഭയാർത്ഥി ക്യാമ്പുകളിൽ: ആഭ്യന്തരയുദ്ധം രൂക്ഷമായതോടെ സയറിലേക്കും മറ്റുമായി ഇരുപതുലക്ഷത്തിലേറെ അഭയാർത്ഥികളെത്തുകയുണ്ടായി. എന്നാൽ, ഇവർക്കൊക്കെ ഭക്ഷണവും സംരക്ഷണവുമൊക്കെ നൽകുവാനുള്ള കഴിവ് സയറിനുണ്ടായിരുന്നില്ല. ഇവിടെ, ഗോമയിലുള്ള അഭയാർത്ഥിക്യാമ്പിൽ പട്ടിണിയിലും അസുഖത്തിലും പെട്ട് മരിച്ചവരുടെ എണ്ണം തിട്ടപ്പെടുത്തുവാനായിട്ടില്ല. അഭയാർത്ഥിക്യാമ്പുകളിലേക്ക് കുടിവെള്ളവും ഭക്ഷണവും മരുന്നുകളുമൊക്കെ എത്തിക്കുവാൻ അമേരിക്കയും മറ്റും ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

യുദ്ധം നിലച്ചു?

റ്വാണ്ടയിൽ യുദ്ധം അവസാനിച്ചു. അഭയാർത്ഥിക്യാമ്പുകളിലേറെയും ഹുടുക്കളാണ്. ഉന്നതതലങ്ങളിൽ ഹുടുകൾക്ക് പങ്കാളിത്തമുണ്ടെങ്കിലും, യുദ്ധം അവസാനിച്ച സ്ഥിതിക്ക്, ഭരണം കൈയാളുന്ന ടുട്സിവർഗ്ഗക്കാർ, റ്വാണ്ടയിലേക്ക് തിരികെ ചെല്ലുന്ന ഹുടുകളെ എങ്ങനെയായിരിക്കും സ്വീകരിക്കുക? അഭയാർത്ഥിക്യാമ്പുകളിലുള്ള ഹുടുകൾ റ്വാണ്ടയിലേക്ക് തിരിച്ചു പോകുവാൻ വൈമനസ്യം കാണിക്കുന്നതായുള്ള വാർത്തകൾ ഈ ചോദ്യത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

മനുഷ്യാവകാശം ലംഘിക്കപ്പെടുന്ന ഹെയ്തി.

കൊളമ്പസ്സിന്റെ യാത്രയിൽ 'ജൻമം കൊണ്ട' ഒരു രാജ്യമാണ് ഹെയ്തി. നൂറ്റാണ്ടുകളോളം ഫ്രഞ്ചു കോളനിയായിരുന്ന ഹെയ്തി ഇന്ന് കറുത്ത വർഗ്ഗക്കാരുടെ നാടാണ്.

ഇന്ന് അമേരിക്കയും ഹെയ്തിയും തമ്മിൽ നടന്നുവരുന്ന ശീത സമരത്തിന്റെ ചരിത്രം എറെക്കുറെ ഇനി പറയുവിധമാണ്. ഫ്രഞ്ചാധിപത്യം തകർന്നപ്പോൾ, സ്വേഛാധിപതിമാരായിരുന്ന ഡുവാലിയേഴ്സിന്റെയും അദ്ദേഹത്തിന്റെ പുത്രന്റെയും കിരാതഭരണമാണ് ഹെയ്തി കണ്ടത്. അതു കഴിഞ്ഞ് നടന്ന പൊതു തിരഞ്ഞെടുപ്പിൽ കത്തോലിക്ക പുരോഹിതനായ അരിസ്റ്റൈഡാണ് . ഭരണത്തിലേറിയത്. എന്നാൽ, പട്ടാളം അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയാണുണ്ടായത്. ഇതാണ് അമേരിക്കൻ വിരോധം തുടങ്ങിവച്ചത്. അരിസ്റ്റൈഡിനെയും ജനാധിപത്യവും തിരികെ അധികാരത്തിൽ പുനഃസ്ഥാപിക്കണമെന്നാണ് അമേരിക്കയുടെ ആവശ്യം. മനുഷ്യാവകാശം ജനാധിപത്യത്തിലൂടെ മാത്രമേ പുനഃസ്ഥാപിക്കപ്പെടൂ എന്നാണവരുടെ വാദം. പട്ടാളഭരണത്തിനെതിരെ അമേരിക്ക സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു.

പക്ഷേ, ഉപരോധം ഏർപ്പെടുത്തിയതിലൂടെ അമേരിക്ക പ്രതീക്ഷിച്ചതൊന്നും നടന്നില്ല എന്നുമാത്രമല്ല, അത് വലച്ചത് സാധാരണക്കാരായ അവിടുത്തെ പാവപ്പെട്ട ജനങ്ങളെയാണ്. പശ്ചിമാർദ്ധഗോളത്തിലെ എറ്റവും ദരിദ്രമായ രാഷ്ട്രമാണിത്. എല്ലാ കാര്യങ്ങളിലും പിന്നോക്കം നിൽക്കുന്ന അവിടുത്തെ ജനങ്ങൾ എന്നും ഭരണാധികാരിവർഗ്ഗത്തിന്റെ നിർദ്ദയങ്ങളായ മർദ്ദനങ്ങൾക്കും പീഢനങ്ങൾക്കും ഇരയായിരുന്നു. ഹെയ്തിയിലെ ഭരണാധികാരികൾക്കു സുഹൃത്തുക്കളായി അന്യരാജ്യങ്ങളില്ലാത്തതും, അതുവഴി സഹായം ലഭ്യമാക്കുവാൻ സാധിക്കാത്തതും, ആഭ്യന്തരമായി ധന-വ്യാവസായിക ശക്തിയില്ലാത്തതും ജനങ്ങളെ ശാശ്വത പട്ടിണിയിലാഴ്ത്തി. ഇതിൽ നിന്നും രക്ഷ നേടുന്നതിനുവേണ്ടി അവിടുത്തെ ജനങ്ങൾ അന്യരാജ്യങ്ങളിലേക്കു കുടിയേറി പാർക്കുവാൻ തുടങ്ങി. സാമ്പത്തിക ഉപരോധം അമേരിക്ക ഇനിയും തുടർന്നുപോയാൽ ഹെയ്തി മറ്റൊരു എത്യോപ്യയോ സോമാലിയയോ ആയിത്തീരും.

യെമൻ:-

ഒരു പ്രമുഖ തുറമുഖവും വ്യാപാരകേന്ദ്രവും ഐശ്വര്യഭൂമിയുമായ ഏഡന് വടക്കുമാറിയാണ് മരുഭൂമി പ്രദേശമായ യെമന്റെ കിടപ്പ്. ബ്രിട്ടീഷ് ഭരണസംവിധാനത്തിന്റെ ഭാഗമായിരുന്നു ഏഡനും, ബ്രിട്ടൻ ഏഡൻ വിട്ടുപോയതോടുകൂടി ഏഡൻ യെമന്റെ ഭാഗമായിത്തീരുകയും ചെയ്തു.

യെമൻ രണ്ടായിരുന്നു. സാനനഗരിയെ കേന്ദ്രീകരിച്ചുള്ള യാഥാസ്ഥിതിക ഭരണാധികാരികളുള്ള വടക്കൻ പ്രദേശവും, നാസറിസക്കാരുടെ ഏഡൻ കേന്ദ്രീകരിച്ചുള്ള തെക്കൻ പ്രദേശവും. ഇവർ തമ്മിൽ ഏറെക്കാലം യുദ്ധം ചെയ്യുകയുണ്ടായി.

രണ്ടു യെമൻകളും തമ്മിൽ നടത്തിയ യുദ്ധങ്ങളുടെ ഫലമായി തെക്കൻ യെമനിൽ ഇടതുപക്ഷക്കാർ ഭരണത്തിലേറുകയും എന്നാൽ അത് യെമന് സാമ്പത്തിക വ്യാവസായിക മേഖലകളിൽ യാതൊരു ഗുണവും ചെയ്തില്ല. അങ്ങിനെ വടക്കു തെക്കൻ യെമനുകൾ തമ്മിലുണ്ടായ യുദ്ധങ്ങൾ രണ്ടു പേർക്കും വിനയായി ഭവിക്കുകയാണുണ്ടായത്.

അയലത്തുള്ള പല അറബ് രാഷ്ട്രങ്ങളുടെയും ശ്രമഫലമായി രണ്ടു യെമനുകളും അഭിപ്രായൈക്യത്തിലെത്തുകയും പോരാട്ടം അവസാനിപ്പിച്ച് 1990 മേയ് 22-ാം തീയതി ഒരു ഏക ഗവൺമെൻറ് രൂപീകൃതമായിയെങ്കിലും സൈന്യങ്ങളുടെ അകൽച്ചയാണ് ഇപ്പോഴുണ്ടായിട്ടുള്ള യുദ്ധത്തിനു കാരണം.

തെ. യെമന്റെ ഭാഗമായ ഏഡൻ പിടിച്ചടക്കാൻ വടക്കൻ യെമൻ നടത്തിയ ശക്തമായ ആക്രമണമാണ് യുദ്ധം തുടങ്ങിവച്ചത്. ആദ്യം യുദ്ധം തുടങ്ങിയ വടക്കൻകാർക്ക് കുറച്ചു നേട്ടം കൈവരിക്കുവാൻ സാധിച്ചു. എങ്കിലും തെ. യെമൻ ശക്തമായ ചെറുത്തു നിൽപം നടത്തി. ഏഡൻ നഗരം രക്ഷിക്കുവാൻ വേണ്ട കോപ്പുകൾ തെ.യെമന് ഉണ്ടെന്നുള്ളതാണ് യുദ്ധത്തിന് ഭീകരത വർദ്ധിപ്പിക്കുന്നത്.

യുദ്ധം നിലയ്ക്കാത്ത കൊറിയ

ഒരേ ദേശവും ഒരേ സംസ്കാരവുമുള്ള രണ്ടു രാജ്യങ്ങൾ തമ്മിൽ അതിരൂക്ഷമായ പോരാട്ടം നടത്തുന്നു. തികച്ചും വൈരുദ്ധ്യങ്ങളായ രാഷ്ട്രീയ കാഴ്ചപ്പാടുകളുടെ അനന്തരഫലമായാണ് ആദ്യമായി കൊറിയകൾ - ഉത്തരവും ദക്ഷിണവും - തമ്മിലുള്ള പോരാട്ടമാരംഭിച്ചത്. പക്ഷേ, പിന്നീടത് ഒരിക്കലും നിലക്കാതെ അനന്തമായി നീളുന്ന ഒന്നായി മാറുമെന്ന് ആരും സ്വപ്നത്തിലെങ്കിലും പ്രതീക്ഷിച്ചു കാണില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ജപ്പാന്റെ കീഴിലായിരുന്ന കൊറിയ ജപ്പാന്റെ പിൻമാറ്റത്തോടെ വിഘടിക്കുകയാണുണ്ടായത്. റഷ്യയുടെ അധീനതയിലായ ഉത്തര കൊറിയ 'കമ്മ്യൂണിസ്റ്റ് കൊറിയ'യും അമേരിക്കയുടെ കീഴിലുള്ള ദക്ഷിണ കൊറിയ 'ക്യാപിറ്റലിസ്റ്റ് കൊറിയ'യുമായി അറിയപ്പെട്ടു. റഷ്യയുടെയും അമേരിക്കയുടെയും വിരുദ്ധങ്ങളായ നയങ്ങളാണ് ഒന്നായിരുന്ന കൊറിയൻ ജനതയെ ശാശ്വതമായ ഭിന്നിപ്പിലേക്കു നയിച്ചത്. എന്നാൽ അമ്പതുകളോടെ റഷ്യയും അമേരിക്കയും 'കൊറിയകളി'ൽ നിന്നും പിൻവാങ്ങുകയും ചെയ്തു.

അമ്പതുകളുടെ തുടക്കത്തിലാണ് ഭിന്നിച്ചുനിന്ന ഈ ജനതയെ ഒന്നിപ്പിക്കുവാൻ ഉത്തരകൊറിയയുടെ എക്കാലത്തെയും പ്രിയങ്കരനായ നേതാവ് കിം ഇൽസുങ്ങ് സാഹസികമായ ഒരു ശ്രമം നടത്തുകയുണ്ടായെങ്കിലും, ആ ശ്രമം ഫലപ്രാപ്തിയിലെത്തിയില്ലെന്നു മാത്രമല്ല, അതിനുശേഷം ഐക്യരാഷ്ട്രസഭയുടെയും സഹായത്തോടെ ദക്ഷിണ കൊറിയ, ഉത്തരകൊറിയ കൈക്കലാക്കുകയും ചെയ്തു. പിന്നീട്, ചൈനയുടെ ഇടപെടൽ മൂലം ദക്ഷിണ കൊറിയയ്ക്ക് ഉത്തര കൊറിയയിൽ നിന്നും പിൻമാറേണ്ടി വന്നു.

വർഷങ്ങളോളം പക്കേമുള്ള ഈ ശത്രുതയുടെ ഒരു രോഗമാണ് ഏറ്റവും പുതുതായി തുടങ്ങിയ യുദ്ധം. എന്നാൽ, ഈ യുദ്ധം തുടർന്നുപോവുന്നില്ലെങ്കിൽ അതിന്റെ ഫലം പ്രവചിക്കുവാൻ നമുക്ക് ഏറെ പണിപ്പെടേണ്ടതില്ല. കാരണം, റഷ്യയുടെ പരസ്യമായതോ ഉത്തരകൊറിയയ്ക്ക് യാതൊരു വിധത്തിലും പിൻബലമില്ലാതെയായ സ്ഥിതിയ്ക്ക്, അമേരിക്കയുടെയും മറ്റും സഹായത്തോടെ ദക്ഷിണ കൊറിയയ്ക്ക് അവരുടെ മേൽ അനായാസ വിജയം നേടാൻ സാധിച്ചേക്കും. അമേരിക്കയുടെ നിരന്തരമായ ഭീഷണിയുണ്ടായിട്ടും, എത്ര മേൽ ബന്ധിമുട്ടിയാലും ശരി, അമേരിക്കയുടെ മേൽക്കോയ്മ അംഗീകരിക്കുവാൻ വിസമ്മതിക്കുന്ന ഉത്തര കൊറിയയുടെ നയങ്ങളോടുള്ള വിരോധം മൂലം, അമേരിക്കയോട് കൂറുപുലർത്തുന്നതും, അവരുടെ ബലത്തിൽ മാത്രം നിലനിൽക്കുന്നതുമായ രാജ്യങ്ങൾ ഉത്തരകൊറിയക്ക് മാനസികമായ പിന്തുണപോലും നൽകുന്നില്ലെന്നുള്ളതും ദക്ഷിണകൊറിയയ്ക്ക് അനുകൂലമായ അന്തരീക്ഷമാണ് സൃഷ്ടിക്കുന്നത്. ചുരുക്കത്തിൽ, യുദ്ധം ഇനിയും (എന്നാണെങ്കിലും) തുടർന്നു പോവുകയാണെങ്കിൽ ഇരുകൂട്ടർക്കും തുല്യമായി നാശനഷ്ടങ്ങൾ സഹിക്കേണ്ടി വരുമെന്നുള്ളത് അവിതർക്കിതമായ ഒരു വസ്തുതയാണ്.

ഒരുപാടു തേർയുദ്ധങ്ങളും, നിഴൽയുദ്ധങ്ങളും നടക്കുന്നതിനിടയിൽ ആശ്വാസത്തിന്റെ പ്രദീപ്തമായ നാളം പോലെ 1993 സെപ്തംബർ മാസത്തിൽ നെടുനാളത്തെ ശത്രുത അവസാനിപ്പിച്ചുകൊണ്ട് ഇസ്രായേലും പാലസ്തീനും ചരിത്രപരമായ സന്ധിയിലേർപ്പെട്ടു. പരസ്പരമുള്ള അംഗീകരിക്കലിന്റെ ആദ്യപടിയാണ് ഇത്. ഈ നടപടിയിലൂടെ പശ്ചിമേഷ്യയിൽ സമാധാനത്തിന്റെ പുതുയുഗത്തിന് തുടക്കം കുറിക്കുകയുണ്ടായി.

പാലസ്തീൻ ചരിത്രത്തിലൂടെ:- എ.ഡി.ഒന്നും രണ്ടും നൂറ്റാണ്ടിൽ റോമാക്കാർ പാലസ്തീനിൽ നിന്നും തുരത്തിവിട്ട പുരാതന ഹീബ്രുകളുടെ പിൻഗാമികളായ ജൂതൻമാർ, 'സയോൺ' എന്ന് അവർ വിളിച്ച പാലസ്തീനിലേക്ക് മടങ്ങിവരിക എന്നത് ജൻമോദ്ദേശ്യമായി കണ്ടുനടന്നു.

പാലസ്തീനുവേണ്ടി ജൂതരും അറബികളും തമ്മിലുണ്ടായ ആഭ്യന്തരയുദ്ധത്തിന് വിരാമമിടാൻ ഐക്യരാഷ്ട്രസഭ വച്ച പരിഹാരമാർഗ്ഗം അറബികൾക്കു സ്വീകാര്യമാകാതിരുന്നതിനെ തുടർന്ന് 1948 മെയ് 14ന് ഇസ്രായേൽ ജൂതരാഷ്ട്രമായി പ്രഖ്യാപിക്കുകയുണ്ടായി. ഇതിനെ തുടർന്നാണ് അറബ്-ഇസ്രായേൽ യുദ്ധത്തിന്റെ തുടക്കം! ഇതിലൊന്നായ '67ലെ നാലാം യുദ്ധത്തിൽ ഗാസായും സീനായും '73ൽ ഗോലാൻ കുന്നുകളും ഇസ്രായേലിന്റെ കൈയിലായി. പാലസ്തീൻകാർക്ക് സ്വന്തം രാഷ്ട്രം നൽകണമെന്നുള്ള അറബ് രാഷ്ട്രങ്ങളോടുള്ള ഇസ്രായേലിന്റെ നിഷേധാത്മകമായ നിലപാടിനു കാരണം പി.എൽ.ഒ (പാലസ്തീൻ വിമോചന സംഘടന) യുടെ നേതൃത്വത്തിൽ നടന്ന ഭീകര

പ്രവർത്തനങ്ങളായിരുന്നു. ഇസ്രായേലിന്റെ ഈ തണുപ്പൻ നിലപാടിനോടുള്ള പ്രതിഷേധം പ്രകടിപ്പിക്കലായിരുന്നു പാലസ്തീനികൾ ലബനനിൽ നിന്ന് നിരന്തരം ഇസ്രായേലിനു നേരെ നടത്തിയ ആക്രമണങ്ങൾ. നെടുനാളത്തെ ഈ ശത്രുതയാണ് സെപ്തംബർ സമാധാന കരാറിലൂടെ അവസാനിപ്പിക്കുവാൻ തുടങ്ങിയത്.

തികച്ചും പരിമിതം:

സെപ്തംബർ കരാറിന്റെ പരിധിയിലൂടെ നടക്കുന്ന അധികാരക്കൈമാറ്റം തികച്ചും പരിമിതമാണ്. തങ്ങൾ കൈയടക്കിയ ഭൂരിഭാഗം പ്രദേശവും ഇസ്രായേൽ കൈമാറ്റം നടത്തുന്നില്ല. ജോർദ്ദാൻ നദിയോടു തൊട്ടുകിടക്കുന്ന ജെറീക്കോ എന്ന നഗരത്തിന് മാത്രമാണ് ഈ കരാറിലൂടെ പാലസ്തീനികൾക്ക് പൂർണ്ണമായും സ്വയം ഭരണാധികാരം നൽകുന്നത്.

എതിർപ്പുകൾ?

ഗാസയിലേയും ജോർദ്ദാൻ തീരത്തെയും ഭരണം കൈമാറുന്നതിലൂടെ പുതിയൊരു പ്രശ്നം ഉൽഭവിക്കുന്നു. പുറം രാജ്യങ്ങളിൽ നിന്നും വരുന്ന ജൂതൻമാരെ ഇസ്രായേൽ ഇവിടങ്ങളിലാണ് പാർപ്പിച്ചുവരുന്നത്. അധികാരം പൂർണ്ണമായും പാലസ്തീനികൾക്ക് കൈമാറുന്നതിലൂടെ ഇവരുടെ സ്ഥിതിയെന്താകും എന്നുള്ളത് ഇസ്രായേലിനെ വ്യാകുലപ്പെടുത്തുന്നു.

അതുപോലെ, പുതിയ അനുരജ്ജനത്തിന് എതിർപ്പുകളും ഏറെയുണ്ടായി. പാലസ്തീൻ വിമോചന സംഘടനയിൽ നിന്നും പല സമുന്നത നേതാക്കൻമാരും രാജിവയ്ക്കുകയുണ്ടായി. ഈ നടപടിയിലൂടെ അവർ തങ്ങളുടെ എതിർപ്പ് പ്രകടിപ്പിക്കുകയായിരുന്നു. പി.എൽ.ഒ.യ്ക്ക് പിന്തുണ നൽകി വന്നിരുന്ന ചില അറബ് രാഷ്ട്രങ്ങൾക്കും ഈ കരാറിനോട് എതിർപ്പുണ്ടായിരുന്നു. കരാറിന്റെ നല്ല വശങ്ങളെ മനസ്സിലാക്കാതെ, അല്ലെങ്കിൽ മനസ്സിലായില്ലെന്നു നടിച്ചുകൊണ്ട് നടത്തുന്ന, അന്ധമായ ഈ എതിർപ്പുകൾ സമാധാനത്തിന്റെ പാതയിലുള്ള വിലങ്ങു തടിയായിരിക്കും. സമാധാനക്കരാർ നടപ്പാക്കുന്നതു സംബന്ധിച്ച് ഇസ്രായേലും പി.എൽ.ഒ.യും തമ്മിൽ നടന്നുവന്നിരുന്ന ചർച്ചകൾ ഇതിനിടെ പലതവണ സ്തംഭിക്കുകയുണ്ടായി. ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ അന്യോന്യം ആക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതാണ് ഇതിന് പ്രധാന കാരണം.

ഇസ്രായേൽ, ഒരു സമാധാന ഉടമ്പടി സംബന്ധിച്ച ചർച്ചകൾ നടത്തുന്നതിനു, ജോർദ്ദാനുമായും കരാറിലേർപ്പെട്ടു. ഈജിപ്തിനുശേഷം, നിലവിലുള്ള ഒരു അറബി രാഷ്ട്രവുമായി ഇസ്രായേൽ ഉണ്ടാക്കിയ കരാർ മദ്ധ്യപൂർവ്വദേശത്തെ സമാധാനത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവെയ്പാണ്. സമീപ ഭാവിയിൽതന്നെ ഒരു പാലസ്തീൻ രാജ്യവും, ജോർദ്ദാനുമായി ഒരു ഐക്യരാഷ്ട്രം തന്നെ രൂപീകൃതമാക്കുവാൻ ഇത് സഹായകമാവും എന്ന് ഇത് ഒപ്പുവച്ച അവസരത്തിൽ P.L.O.യുടെ നേതാവ് യാസർ അരാഫത്ത് പ്രത്യാശ പ്രകടിപ്പിക്കുയുണ്ടായി.

സമാധാനത്തിലേക്കു ലാക്കാക്കികൊണ്ടുള്ള 'ഇസ്രായേൽ - പാലസ്തീൻ സമാധാന കരാർ' മനുഷ്യചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അന്യരാജ്യങ്ങളുടെ ഇടപെടലുകൾ ഉണ്ടായിരുന്നില്ലെങ്കിൽ ഒരുപക്ഷേ, ഈ സുപ്രധാന നേട്ടം ഇതിലും നേരത്തേ തന്നെ കൈവരിക്കാമായിരുന്നുവെന്നു തോന്നുന്നു.

വാർത്താ മാദ്ധ്യമങ്ങൾ ശ്രദ്ധിച്ചാൽ എങ്ങും നടന്നുകൊണ്ടിരിക്കുന്ന മനുഷ്യക്കുരുതികളുടെയും മനുഷ്യത്വരഹിതമായ പകപോക്കലുകളുടെയും വാർത്തകൾ നമ്മിൽ ഞെട്ടലുളവാക്കുന്നു. മനുഷ്യസഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും ശാന്തിമന്ത്രം ലോകത്തിൽ പ്രചരിപ്പിച്ച ക്രിസ്തുവിനും മുഹമ്മദ്നബിയ്ക്കും ധർമ്മത്തിലധിഷ്ഠിതമായിരിക്കണം എല്ലാമെന്ന് വിളിച്ചോതുന്ന മഹദ് ഗ്രന്ഥങ്ങൾക്കും അഹിംസയുടെ പ്രവാചകനായ ഗാന്ധിജിയ്ക്കുമൊക്കെ ഇന്നത്തെ കാലഘട്ടത്തിലെന്താണ് പ്രസക്തിയുള്ളത്. ഉൻമത്തമായ മതവും, അധികാരമോഹവും ഒക്കെത്തന്നെ ലോകത്തെയാകെ വിനാശത്തിലേക്ക് വലിച്ചിഴയ്ക്കുകയാണ്. ക്ഷുദ്രപ്രയോഗചതുരൻമാർ മനുഷ്യത്വത്തെ ചവിട്ടിമെതിച്ച് മാരകമായി അട്ടഹസിക്കുകയാണ്. കോപത്തിന്റെയും പ്രതികാരത്തിന്റെയും തീപ്പൊരികൾ പാറിപ്പറക്കുന്നു. കിരാതത്വം കാതടപ്പിക്കും വിധം ഭയാനകമായി അട്ടഹസിക്കുന്നു. നിസ്സാരങ്ങളായ അൽപലാഭത്തിനു വേണ്ടി അനേകായിരം ജീവനുകൾക്ക് യാതൊരു വിലയും കൽപ്പിക്കാതെ നിഷ്കരുണം അറുത്തു തള്ളുകയാണ്. അതോടൊപ്പം, ഭയവും ദുഃഖവും നൈരാശ്യവും തെരുങ്ങി വീർപ്പുമുട്ടുന്നു. മനുഷ്യത്വം പിടയുകയാണ് എല്ലായിടത്തും. ശുഷ്കിച്ച മനസ്സുകൾ ജീവന്റെ സ്പന്ദനം കേൾക്കുന്നില്ല. ക്രിസ്തുവിന്റെയോ നബിയുടെയോ ഗാന്ധിജിയുടെയോ ദൈവീക ചൈതന്യമുൾക്കൊള്ളുവാൻ ഈ ശുഷ്കിച്ച മനസ്സുകൾ വിസമ്മതിക്കുന്നു.

ഈ ലേഖനം അവസാനിപ്പിക്കുമ്പോൾ ഓർമ്മ വരുന്നത് പ്രസിദ്ധ ആംഗല കവിയായ ഷെല്ലിയുടെ വാക്കുകളാണ്, 'Peace is in the grave', ഇവിടെ, ഈ ഭൂമിയിൽ അത് തികച്ചും അന്വർത്ഥമാകുകയാണ്.

[കടപ്പാട്:- പ്രമുഖ ദിനപത്രങ്ങളോടും ആനുകാലിക പ്രസിദ്ധീകരണങ്ങളോടും]

തയ്യാറാക്കിയത്: ദിലീപ് യു
രണ്ടാം വർഷ രസതന്ത്രം

THE SORROW OF A TREE

SUBRAMANIAN
Ist DC (Physics)

In those days beyond the clock,
When the time moved to the rhythm of the moon,
A man whose soul was pure as the sky,
Planted a seed in some forgotten land.

Water and sunlight were served in plenty,
A pure sky gave a gracious shelter,
Days and nights knit the bonds stronger,
Into the beautiful world came out a seedling.

The hands of the clock rang many bells,
Days and weeks were now moved by the sun,
The shell of time shattered many powers,
Divinity and holiness were renamed by science.

The giant tree alone stayed on the land,
The trunk and roots were old and strong,
But the branches and fruits were weak a flower,
And still the giant nested a thousand souls.

One day the man came with an Axe,
A man whose soul was ugly as his hands,
The shadow of the tree was never again seen,
And the hands of clock fell dead in a small world.

A comparison between the times before man and after man came to earth. The 'Science' in man is what makes man so ugly. Nature is laid down at the foot of 'the axe of science'.

The beginning...

and

still the beginning

K. Mohan
IInd B.Sc. Chemistry

It was a typical January evening. The cool wind was blowing strong against my chest. I had just returned from my home. Far away from my parents. I stayed in a boarding provided by the educational institution in which I studied. I was very much lonely and the thought of home put me to the nadir of my moods. I was really moping. It was very common with a lot of them who stayed with me.

After some time, I decided to go to "The Daffodils", a cafeteria nearby. For this was the place where I used to sit and enjoy the environment. "The Daffodils" was situated on the top of a hillock. I got into the cafeteria and took my usual chair and placed myself in a comfortable position. Just in front of me I could see a few people arguing over very sweet and strong coffee, and beyond them, outside the boundaries of the cafeteria was a valley, a mountain - all green every where; but then I thought I noticed someone.

Just about ten yards from me, a young lady was sitting along with an elderly woman. The lady was all dressed in a black velveteen robe. Her face was round and her complexion could be compared to the creamy colour of the coverings of a fully grown corn. As for her nose, it was a not so pointed but still a pretty one. Her glistening hair was just flowing down to her shoulders; and deep dark eloquent eyes added to the attractiveness. On the whole, she, for my eyes, was beautiful. She was so much of an interest to me, that when she and the elderly woman went out of the cafeteria, I found myself out of my chair and following them to their car; only to realise that I hadn't paid my bill.

That evening I had her thoughts to fill my empty, moping mind. I who hated loneliness, now enjoyed it. The next day too, I was there in the cafeteria. To my surprise she too was there and was alone. Now, I could not control my curiosity, the forerunner of passion, as for who she could be? I got up from my place and took position opposite to her, and said "Hello, I am....." She was very much astonished at my dashing introduction I suppose, but did not reject my company. That was all I wanted; some time to spend with her. Because I...really adored her. I learnt from her that she was a newcomer to that place, along with her parents, and that she loved to spend her time in that cafeteria. I suppose she really loved my company. She promised to introduce me to her mother if I could meet her the following day. I was

put in to the zenith of happiness. The way was paved, I thought. If only I could become close to her mother then everything would be fine.

നമ്മുടെ രാജ്യത്തിലെ നൂറ്റി അറുപത്തിരണ്ട് സർവ്വകലാശാലകളിലായി ഏകദേശം നാൽപത് ലക്ഷത്തോളം യുവതീയുവാക്കൾ വിവിധ വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസം നേടുന്നു. ഇവരുടെ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി രാജ്യം കോടിക്കണക്കിനു രൂപ പൊതുഖജനാവിൽനിന്ന് ചെലവഴിക്കുന്നു. മൊത്തം ചെലവിന്റെ വളരെ ചെറിയ ഒരംശം മാത്രമേ വിദ്യാർത്ഥികൾ വഹിക്കുന്നുള്ളു. ഈ യാഥാർത്ഥ്യം മനസ്സിലാക്കി ചിന്തിക്കുന്ന ഓരോ വിദ്യാർത്ഥിക്കും ഈ രാജ്യത്തോടുള്ള കടപ്പാട്, ഇവിടുത്തെ പൗരൻമാരോടുള്ള കടമ, നിസ്സീമമാണെന്നു മനസ്സിലാക്കാം. എന്നാൽ ഈ യാഥാർത്ഥ്യത്തിനുനേരെ കണ്ണടയ്ക്കുന്ന ഒരു പറ്റം വിദ്യാർത്ഥികളെയാണ് അറുപതുകളിൽ ഈ രാജ്യത്തെ വിദ്യാഭ്യാസ വിചക്ഷണൻമാർ കണ്ടത്. ഇവരുടെ മനോഭാവം ശരിയല്ലെന്നും ഇത് രാജ്യതാത്പര്യത്തിനെതിരാണെന്നും മനസ്സിലാക്കിയ ചില രാഷ്ട്രശിൽപികൾ ഇക്കൂട്ടരെ രാജ്യത്തിന്റെ മുഖ്യധാരയിലേക്കുറപ്പിച്ചില്ലെങ്കിൽ അത് രാജ്യത്തിന്റെ ഭാവിക്കു തന്നെ ഭീഷണിയാവുമെന്ന് ചൂണ്ടിക്കാട്ടി. ഇതിനെതുടർന്ന് നടന്ന ധാരാളം ചർച്ചകളുടെയും പഠനങ്ങളുടെയും ഫലമാണ് 1969-ൽ ഉണ്ടായ നാഷണൽ സർവ്വീസ് സ്കീമിന്റെ ഉദയം. ഇന്ന് ഈ പ്രസ്ഥാനം കർമ്മനിരതമായ 25 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുകയാണ്. നാൽപതിനായിരം കലാലയവിദ്യാർത്ഥികളുമായി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാഭ്യാസ പദ്ധതി ഇന്ന് 15 ലക്ഷത്തോളം വിദ്യാർത്ഥീ വിദ്യാർത്ഥിനികളെ അതിന്റെ കുടക്കീഴിൽ അണിനിരത്തുന്നു.

ഒരു വികസ്വര രാജ്യമായ ഇൻഡ്യയിൽ ധാരാളം ജനങ്ങളും അതിനാൽ തന്നെ ധാരാളം പ്രശ്നങ്ങളുമുണ്ട്. വികസനത്തിലേക്കുള്ള നമ്മുടെ യാത്ര മന്ദഗതിയിലാണെന്നു തന്നെപറയാം. ഈ സാഹചര്യത്തിൽ രാജ്യസ്നേഹമുള്ള, സാമൂഹ്യബോധമുള്ള സേവനസന്നദ്ധരായ എല്ലാ ആളുകളുടേയും ഒരു സംയുക്ത മുന്നേറ്റം തന്നെയുണ്ടാവണം. അതിലൂടെ മാത്രമേ നമ്മുടെ രാജ്യത്തിന് അഭിവൃദ്ധിയിലേക്ക് കുതിക്കുവാൻ സാധിക്കൂ. അത് നിറവേറ്റുവാൻ കലാലയവിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള ഒരു സുവർണ്ണവേദിയാണ് നാഷണൽ സർവ്വീസ് സ്കീം.

യുവത്വം ആദർശധീരതയുടേയും കർമ്മനിരതയുടേയും ചുറുചുറുക്കിന്റേയും കാലഘട്ടമാണ്. സാമൂഹിക മാറ്റത്തിനു വേണ്ടി ശക്തമായ നിലപാട് എടുക്കുവാനും അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാനും യുവശക്തിക്കു കഴിയും; മുൻകാലങ്ങളിൽ അതിനു കഴിഞ്ഞിട്ടുമുണ്ട്. പക്ഷെ ദുഃഖകരമെന്നുപറയട്ടെ പലപ്പോഴും സ്വാർത്ഥതയുടേയും സാധാരണത്വത്തിന്റേയും ഒഴുക്കിൽപ്പെട്ട് ഒരു ശരാശരി ജീവിതവുമായി മുന്നോട്ടുപോവുകയാണ് നമ്മുടെ യുവാക്കൾ. ദേശീയ താൽപര്യങ്ങളോ സമൂഹത്തിന്റെ നിലനിൽപുതന്നെയോ ഇക്കൂട്ടർക്ക് ഒരു വിഷയമല്ല. ഇവിടെയാണ് നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രസക്തി. ഇവർക്കിടയിലാണ് എൻ.എസ്.എസ്. പ്രവർത്തിക്കേണ്ടത്. 'സാമൂഹ്യസേവനത്തിലൂടെ വ്യക്തിത്വവികസനം', 'യുവാക്കൾ രാഷ്ട്രപുനഃനിർമാണത്തിന്' തുടങ്ങിയ മുദ്രാവാക്യങ്ങളുമായി പ്രവർത്തിക്കുന്ന ഈ സംഘടനയിൽ ചേരുന്ന യുവതീയുവാക്കൾക്ക് തങ്ങളുടെ മാനസികവും കായികവുമായ ഊർജ്ജത്തെ ക്രിയാത്മകമായി ഉപയോഗിച്ച് മുന്നേറുവാൻ സാധിക്കുന്നു. ' അഞ്ചു വർഷത്തെ

കലാലയവിദ്യാഭ്യാസംകൊണ്ട് ഞാൻ നേടിയ കാര്യങ്ങൾ രണ്ടുവർഷത്തെ എം.എസ്സ്.എസ്സ് അനുഭവങ്ങളുമായി താര തമ്യപ്പെടുത്തുമ്പോൾ തുലോം തുച്ഛമാണ് എന്ന് അഭിമാനത്തോടെ പറയുന്ന സുഹൃത്തുക്കളെ നമുക്കു കാണാം.

കലാലയ വിദ്യാഭ്യാസം പാഠ്യവിഷയങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കേണ്ടതാണ് എന്നു ചിന്തിക്കുകയും അത് പര സ്യമായി പ്രകടിപ്പിക്കുകയും ചെയ്യുന്ന ധാരാളം വിദ്യാർത്ഥി കളേയും അദ്ധ്യാപകരേയും നമുക്കുകാണാൻ കഴിയും എന്നാൽ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള അവരുടെ കാഴ്ചപ്പാടി ലുള്ള വൈകൃതമാണ് ഇതിനുകാരണമെന്ന് ഡോ. രാധാ കൃഷ്ണൻ, ഡോ. ഡി.എസ്. കോത്താരി തുടങ്ങിയ പണ്ഡി തശ്രേഷ്ഠരുടെ വിദ്യാഭ്യാസരേഖകൾ പരിശോധിക്കുന്ന ഏതൊരാൾക്കും വ്യക്തമാകും. ഇവരുടെ പലരുടേയും വിദ്യാഭ്യാസകമ്മീഷൻ റിപ്പോർട്ടുകളിൽ പാഠ്യവിഷയങ്ങളോ ടൊപ്പം പാഠ്യേതരവിഷയങ്ങൾക്കും സാമൂഹിക പ്രവർത്ത നങ്ങൾക്കും പ്രാധാന്യം കൊടുക്കണമെന്ന് ശക്തമായ ഭാഷ യിൽ ആവശ്യപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ ആത്യന്തിക മായ ലക്ഷ്യപ്രാപ്തിക്കായി ഒരു വ്യക്തിയുടെ സമഗ്രവിക സനത്തെലാക്കാക്കിയുള്ള ഒരു പാഠ്യപാഠ്യേതരപദ്ധതിയാണ് കലാലയങ്ങളിൽ ആവിഷ്കരിക്കേണ്ടത്. ഇതിനായുള്ള പ്രവർത്തനങ്ങൾക്കും എൻ.എസ്.എസ്. നേതൃത്വം നൽകേ ണ്ടതാണ്.

കലാലയ ജീവിതം അന്വേഷണങ്ങളുടേയും കണ്ടെത്ത ലുകളുടേയും കാലമാണ്, ഉയർച്ചകളുടേയും തകർച്ചകളു ടേയും സമയമാണ്. എന്തുപഠിക്കണം, എന്തുനേടണം സർവ്വോപരി എന്റെ ജീവിതം കൊണ്ട് ഞാൻ എന്ത് ചെയ്യണം എന്നിങ്ങനെ ഒട്ടേറെ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം കണ്ടെത്തേണ്ട സമയമാണ്. വേണമെങ്കിൽ ജീവിതവിജയ ത്തിന് അടിത്തറ പാകാൻ ഈ ഘട്ടംപ്രയോജനപ്പെടുത്താം. അല്ലെങ്കിൽ ഒരു ശരാശരി മനുഷ്യനായി ഒതുങ്ങിക്കൂടാം. തീരുമാനിക്കേണ്ടത് വിദ്യാർത്ഥികളായ നിങ്ങൾ മാത്രമാണ് പക്ഷെ ഒന്ന് ഓർത്തുകൊള്ളുക ഈ ജീവിതം നിങ്ങളുടേ താണ് നിങ്ങളുടേതുമാത്രം. ഏതായാലും ഒരു കാര്യം തീർച്ച യാണ് ഇനിയൊരു ജീവിതത്തിനായി ആരും ഇതു വഴികട

സുഹൃത്തു അതിനാൽ ഉണരു ചിന്തിക്കു പ്രവർത്തനനി രതരാവു

Young India must discover,

It's own powers and possibilities,

The task of building up a New India,

A new nation develops upon them,

And them alone.

- Netaji Subash Chandra Bose

ലോകകപ്പിന്റെ ബാക്കിപത്രം

കാതടപ്പിക്കുന്ന ആരവം!

ഗാലറികൾ ഇളകി മറിയുന്നു.

മെക്സിക്കൻ വേവിന്റെ നിലയ്ക്കാത്ത അലകൾ!

കാണികളുടെ പ്രതികരണം ഏറ്റുവാങ്ങിക്കൊണ്ട് അടുത്ത ഇന്ദ്രജാലത്തിനായി ഫുട്ബാൾ മാന്ത്രികർ തങ്ങളുടെ പുതിയ 'നമ്പരുകൾ' ഇറക്കുന്നു.

വീണ്ടും അത്യാവേശത്താൽ ഗാലറി ഇളകുന്നു.!

സാംബനൃത്തത്തിന് ആവേശതാളം!

ഗാലറികളെ രോമാഞ്ചം കൊള്ളിച്ചുകൊണ്ട്, കളിക്കളത്തിലെ മധ്യനിരയെ പിന്നിലാക്കികൊണ്ട്, ഡിഫൻസിനെ കബളിപ്പിച്ചുകൊണ്ട് അനായാസേന ഗോൾ നേടുന്ന ബ്രസീലിന്റെ റൊമാരിയോ, അതിവേഗത്തിൽ വെട്ടിയൊഴിഞ്ഞ് ഗോൾ നേടാൻ മിടുക്കനായ ഇറ്റലിയുടെ പ്ലേമേക്കർ റോബർട്ടോ ബാജിയോ, കറുത്ത കുതിരകളായ കാമറൂണിനെ ഞെട്ടിച്ച റഷ്യയുടെ ഒലെഗ് സാലങ്കോ, ഫ്രീ കിക്കുകൾ സൃഷ്ടിച്ചുകൊണ്ട് എതിർവല തുടരെ തുടരെ ചലിപ്പിക്കുന്ന അർജൻറീനയുടെ സൂപ്പർസ്റ്റാർ ഡീഗോ മറഡോണ. ഏതു കനത്ത ഷോട്ടും കൺചിമ്മുംവേഗത്തിൽ കൈപ്പിടിയിലൊതുക്കുന്ന സ്വീഡന്റെ ഗോളി തോമസ് റവേലി. ഇവരെല്ലാം കാണികളുടെ മനസ്സിൽ എന്നെന്നേക്കുമായി സ്ഥാനം പിടിച്ചുകഴിഞ്ഞിരിക്കുന്നു. കാണികളുടെ പ്രതീക്ഷകളെ തകർത്തുകൊണ്ട്, മങ്ങലേൽപ്പിച്ചുകൊണ്ട്, പല അട്ടിമറി വിജയങ്ങളും നടന്നുകൊണ്ട് തീരാനഷ്ടങ്ങൾ. ഫുട്ബോൾ പ്രേമികൾക്കു സമ്മാനിച്ചുകൊണ്ട് കാണികൾ കാത്തിരുന്ന മാമാങ്കത്തിന് തിരശ്ശീല വീണു. വീണ്ടും അടുത്ത 4 വർഷത്തെ കാത്തിരിപ്പിനായി.

141 ഗോൾ നേടി ലോകകപ്പ് അവസാനിച്ചപ്പോൾ, ലോകകപ്പിന്റെ ബാക്കിപത്രം യൂൾറിമെ കപ്പ് മാറോടിണക്കികൊണ്ട് ബ്രസീൽ ആഹ്ലാദനൃത്തം ചവുട്ടിയ സുവർണ്ണ നിമിഷങ്ങളിലുപരി രണ്ടു പ്രശസ്ത താരങ്ങൾ ക്രൂശിക്കപ്പെട്ടു എന്നതാണ് ചരിത്രത്തിൽ രേഖപ്പെടുത്താവുന്ന ബാക്കിപത്രം

കളിയുടെ 34-ാം മിനിട്ടിൽ അമേരിക്കൻ താരങ്ങൾ ലോട്ടറി അടിച്ചതുപോലെ കിട്ടിയ ഒരു സെൽഫ് ഗോളിന്റെ സന്തോഷത്താൽ കളിക്കളത്തിൽ തുള്ളിച്ചാടുമ്പോൾ സ്വന്തം വിധിയെ ശപിച്ചുകൊണ്ട് എന്നെന്നേക്കുമായി കളിക്കളത്തിൽ, നിന്നും പിഴുതുമാറ്റപ്പെട്ട ചരിത്രത്തിലെ ഏക സെൽഫ് ഗോളിനുടമയായ കൊളംബിയൻ ഡീപ് ഡിഫൻറർ ആന്ദ്രെ എസ്കോബാറിന്റെ അകാല മൃത്യുവും അതിനു കാരണമായ സംഭവങ്ങളും. റോസ് ബൗൾ സ്റ്റേഡിയത്തിൽ തിങ്ങിനിറഞ്ഞ 93,194 കാണികളെ അമ്പരപ്പിച്ചുകൊണ്ടാണ് എസ്കോബാറിന്റെ സെൽഫ് ഗോൾ യു.എസ്.മിഡ്ഫീൽഡർ ജോൺഹാർക്സ് നൽകിയ ഉഗ്രൻ ചാൻസ് തടയാൻ ശ്രമിച്ച ഡിഫൻറർ എസ്കോബാറിന് പിഴച്ചു. കൊളംബിയൻ നഗരത്തിലെ മെഡനിൽ രാത്രിയിൽ ആക്രമികളുടെ ചീറിപാഞ്ഞുവന്ന വെടിയുണ്ട തടുക്കാൻപോലും ആ ഡീപ് ഡിഫൻററിനു സാധിച്ചില്ല.

ലോകകപ്പ് നേടും എന്ന് ഫുട്ബാൾ ചക്രവർത്തി സാക്ഷാൽ പെലെ പ്രവചിച്ച ടീമാണു കൊളംബിയ. 4 ഗോൾ മാത്രം അടിച്ചുകൊണ്ട് കൊളംബിയ 94 ലോകകപ്പിന്റെ പുറത്തായവരുടെ ലിസ്റ്റിൽ ദുഖിക്കുന്ന ഓർമകളോടെ സ്ഥാനം പിടിച്ചു. എസ്കോബാർ സെൽഫ് ഗോളടിച്ചിരുന്നില്ലെങ്കിലോ? 4 പോയിൻറുമായി ഒരുപക്ഷേ കൊളംബിയ രണ്ടാം റൗണ്ട് കളിക്കുമായിരുന്നു. പെലെയുടെ പ്രവചനം ഫലിച്ചേക്കാമായിരുന്നു. നിറഞ്ഞ കാണികളെ കൈ ഉയർത്തി കാണിച്ചുകൊണ്ട്, 10-ാം നമ്പർ ജേഴ്സിയുടെ തിളക്കവുമായി, കാതിൽ കമ്മലണിഞ്ഞ പൊക്കം കുറഞ്ഞ ഒരു മനുഷ്യൻ ഗ്രൗണ്ട് വലം വയ്ക്കുകയാണ്. ഗാലറിയിലെ ഒരുസഹസ്രം അതേറ്റുവാങ്ങുന്നു! പ്രഥമ മൽസരത്തിൽ ഗ്രീസിനെതിരെ ഒരു ഗോൾ നേടി കളിക്കളത്തിൽ ഉജ്ജ്വല തിരിച്ചുവരവു നടത്തിയ ഡീഗോ മറഡോണ!

മെക്സിക്കൻ വേവ് അലതല്ലുമ്പോൾ വീണ്ടും മെക്സിക്കോ നിലവാരത്തിലേക്ക് തിരിച്ചുപോയ സാക്ഷാൽ ഡീഗോ മറഡോണ!

ഓർക്കസ്ട്ര ആർജന്റീനയുടെ മ്യൂസിക് കണ്ടക്ടർ! തന്റെ ആവനാഴിയിൽ നിന്ന് വീണ്ടും മായാജാലങ്ങൾ പുറത്തെടുത്തുകൊണ്ട് നൈജീരിയയെയും മുട്ടുകുത്തിച്ചു. ഈ ഇതിഹാസനായകൻ എന്നാൽ ഈ മൽസരത്തിനു ശേഷം ഫിഫയുടെ ലോകകപ്പ് ഡോപിംഗ് ടെസ്റ്റിൽ വച്ച് തന്റെ മാന്ത്രികതയുടെ മാസ്മരശക്തി അദ്ദേഹത്തിന് നഷ്ട പ്പെടുകയായിരുന്നു. കൊക്കെയ്ൻ വിവാദത്തിൽപെട്ട സസ്പെൻഷനുശേഷം കളിക്കളത്തിലിറങ്ങിയ മറഡോണ നിരോധിക്കപ്പെട്ട എഫഡ്രിൻ ഉപയോഗിച്ചതായി ഫിഫ കണ്ടെ ത്തി.

'ഡോപിംഗിനു മനുഷ്യന്റെ ഉൽപത്തിയോളം പഴക്ക മുണ്ട്. ആദമിനു ഹവ്വ നൽകിയ വിലക്കപ്പെട്ട കനി തന്നെ യായിരുന്നു ആദ്യത്തെ ഉത്തേജക ഔഷധം' കാറൽ മാർക്സ് സർവ്വകലാശാലയിലെ ഉത്തേജകമരുന്ന് വിഭാഗം തലവൻ ഡോ. ഹാൻഡ് ഹെന്നിംഗ് ഇതിനെപ്പറ്റിപറയുമ്പോൾ, അക്ഷ രാർത്ഥത്തിൽ ഞെട്ടിയത് ഫുട്ബോൾ പ്രേമികൾക്കൊപ്പം അർജന്റീനയാണ് എന്നുള്ളതാണ്. തങ്ങളുടെ ദേശീയ നായ കൻ വിവാദചുഴിയിൽ അകപ്പെട്ടത് വിശ്വസിക്കാൻ കൂടി തയ്യാറല്ല അർജന്റീന

അർജന്റീനയിലെ പബ്ന പട്ടണത്തിൽ അനേകം വരുന്ന വിദ്യാർത്ഥികൾ പ്രകടനം നടത്തികൊണ്ട് തങ്ങളുടെ വികാരം പ്രകടിപ്പിച്ചു.

മറഡോണ പുറത്തായിരുന്നില്ലെങ്കിലോ?

ബൾഗേറിയക്കെതിരായുള്ള മൽസരം കളിക്കാ അതുവഴി 22 മൽസരം കളിക്കുന്ന ആദ്യകളിക്കാരന റെക്കോർഡ് സ്വന്തമാക്കാനും മറഡോണക്ക് കഴിയുമായി ന്നു. ഈ റെക്കോർഡ് സ്വപ്നം തകർന്നതോടെ 21 മൽസരം എതു ലോകകപ്പ് താരത്തിന്റെയും നിർഭാ കടമ്പയായി മാറുന്നു എന്ന അന്ധവിശ്വാസത്തിന് കൂടു ശക്തി നേടുന്നു. ജർമനിയുടെ കരുത്തൻ ലോതർ മറ വൂസ്, ജർമനിയുടെ ജഴ്സി അണിഞ്ഞ 42 രാജ്യാന്ത ഗോളുകൾക്കുടമയായ സീലർ ഹോളണ്ടിന്റെ മുൻതാ വ്ളാഡിസ്മോസമൂദ്ര എന്നിവരും മറഡോണയെപ്പോ നിർഭാഗ്യവാൻമാരാണ്.

എണ്ണയിട്ട യന്ത്രംപോലെ സുന്ദരമായ നീക്കങ്ങളു ആദ്യത്തെ രണ്ടു മൽസരങ്ങളും കളിച്ച മറഡോണയു അർജന്റീന 94 ലോകകപ്പിന്റെ ഗ്ലാമർ ടീമായി മനസ് അവശേഷിക്കുന്നു.

വാൽക്കഷണം:

കളികാണണം, നിർബന്ധം! ശബ്ദം തീരെ സഹിക്കാ വയ്യ. ഗ്രൗണ്ടിൽ ഫുട് ബോളും. കളിക്കുന്നതു മറഡോണ ണെങ്കിൽ പിന്നെ പറയുകയും വേണ്ട. ഗാലറി അ വിളിച്ചതുതന്നെ. ഏതു വിവാദത്തിൽപെട്ടാലും തിളങ്ങിയ എന്നും മനസ്സിൽ മായാതെ നിൽക്കുന്നു.

മത-രാഷ്ട്രീയ ബന്ധം

വേണ്ടതും വേണ്ടാത്തതും

മതവും രാഷ്ട്രീയവും, അവ തമ്മിൽ പുലർത്തേണ്ട ബന്ധവും ഇന്ന് വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. ഇത് ഇന്നത്തെ കാലഘട്ടത്തിന്റെ പ്രത്യേകതയല്ല. മറിച്ച് നൂറ്റാണ്ടുകളായി പലരീതിയിലും പലതരത്തിലും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ് എന്താണ് ഈ പ്രശ്നത്തിന് ഇത്ര പ്രാധാന്യം എന്ന ചോദ്യം 'മതം' 'രാഷ്ട്രീയം' എന്നീ രണ്ട് വാക്കുകളുടെ വ്യാഖ്യാനത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. ഈ രണ്ടു വാക്കുകളുടെയും പൂർണ്ണമായ വ്യാഖ്യാനം സാധ്യമല്ല എന്നതാണ് പ്രശ്നത്തെ വീണ്ടും സങ്കീർണ്ണമാക്കുന്ന വസ്തുത. അതിനാൽ ലേഖകന്റെ സ്വന്തമായ വ്യാഖ്യാനത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പ്രശ്നം ഇവിടെ പഠന വിധേയമാക്കിയിരിക്കുന്നത്.

ഒരു വിഭാഗം ജനങ്ങളുടെ ജീവിതരീതിയെ അതീന്ദ്രീയ ദർശനത്തിലൂടെ നിയന്ത്രിക്കുന്ന ഒരു ശക്തിയാണ് മതം. ഒരു മനുഷ്യൻ തന്റെ ജീവിതത്തിന്റെ മാനസിക സുഖത്തിനുവേണ്ടി, അഥവാ ആത്മീയ സുഖത്തിനുവേണ്ടി പ്രാവർത്തികമാക്കേണ്ട ഒരു പറ്റം നിയമങ്ങളാണ് എതൊരു മതത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നത്. പ്രവർത്തന രീതികളും ലക്ഷ്യത്തിലേയ്ക്കുള്ള മാർഗ്ഗങ്ങളും വ്യത്യസ്തങ്ങളാണ്, എങ്കിൽപോലും ഈശ്വര സാക്ഷാത്കാരം എന്ന ഒരു ലക്ഷ്യമാണ് എല്ലാ മതങ്ങളും മുന്നിൽ കണ്ടിട്ടുള്ളത്. അതായത് പരമമായ സത്യത്തിലെത്തുമ്പോൾ എല്ലാ മതങ്ങളും ഒത്തുചേർന്ന് ഒന്നാകുന്നു എന്നർത്ഥം.

ഒരു സമൂഹത്തിന്റെ മൊത്തമായുള്ള ഉന്നമനം ലക്ഷ്യംവെച്ചുകൊണ്ട്, ഭരണയന്ത്രത്തെ നിയന്ത്രിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് രാഷ്ട്രീയത്തിന്റെ കാതൽ. ഒരു സമൂഹത്തിന്റെ പുരോഗതി ശരിയായ ഭരണത്തിലൂടെയുണ്ടാകണമെന്ന് ചിന്തിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നവരെല്ലാം രാഷ്ട്രീയവുമായി ബന്ധപ്പെട്ടിരിക്കുന്നു. 'രാഷ്ട്രീയം', സാമൂഹ്യപുരോഗതിയാണ് ലക്ഷ്യമാക്കുന്നത് അല്ലാതെ വ്യക്തിപരമായ പുരോഗതിയല്ല. എന്ന സത്യം എടുത്തു പറയേണ്ടതുണ്ട്. മേൽകാണിച്ച രണ്ട് വ്യാഖ്യാനങ്ങളും എത്രത്തോളം പ്രാവർത്തികമാക്കാൻ മനുഷ്യന് സാധിച്ചിട്ടുണ്ട് എന്ന ചോദ്യമാണ് ഇക്കണ്ടകാലമത്രയും ഈ രണ്ടു വിഷയങ്ങളെയും ചർച്ചയ്ക്ക് വിധേയമാക്കിയത്. മതം വ്യക്തിയുടെ ആത്മീയ പവിത്രത ലക്ഷ്യമിടുമ്പോൾ രാഷ്ട്രീയം ഒരു സമൂഹത്തിന്റെ മൊത്തമായ പുരോഗതിയാണ് മുന്നിൽ കാണുന്നത് എന്ന സത്യം മനസ്സിലാക്കി പ്രവർത്തിക്കാൻ മനുഷ്യന് സാധിക്കണം. എന്നാൽ മതം ഭരണ നിയന്ത്രണത്തിനും രാഷ്ട്രീയം വ്യക്തിപരമായ നേട്ടങ്ങൾക്കുമായി ദുരുപയോഗം ചെയ്യുമ്പോൾ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. ഇത്തരം പ്രശ്നങ്ങളാണ് മേൽ സൂചിപ്പിച്ച ചർച്ചകൾക്ക് ഹേതു.

ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ എന്നപോലെ മതത്തിനും രാഷ്ട്രീയത്തിനുമുണ്ട് രണ്ടുവശങ്ങൾ. അതായത് അവയ്ക്ക് രണ്ടിനും നല്ലവശത്തിന് തുല്യമായ ചീത്ത വശവുമുണ്ട് എന്നർത്ഥം. നിർഭാഗ്യവശാൽ ചീത്ത വശങ്ങളാണ് സമൂഹത്തിൽ കൂടുതൽ വേരോട്ടം നടത്തിയിരിക്കുന്നതും. ലോക മഹായുദ്ധങ്ങളിൽ മരണമടഞ്ഞവരേക്കാൾ കൂടുതലാളുകൾ മതത്തിന്റെ പേരിൽ കൊലചെയ്യപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിക്ക് വകയില്ല. ഇതിനു കാരണം സ്വാർത്ഥതൽപരരായ ഒരു പറ്റം കപടമ

താധികാരികൾ നടത്തിയ മത തത്വങ്ങളുടെ ദുർവ്യാഖ്യാന
മാണ്. സത്തിയും ഭ്രഷ്ടും തൊട്ടുകൂടായ്മയും. തീണ്ടിക്കൂ
ടായ്മയുമെല്ലാം അവരുടെ ദുർബുദ്ധിയിലുദിച്ച അസുരപ്പു
ത്രൻമാരാണ്. മതത്തിന്റെ പേരിൽ സ്വന്തം സഹോദരനെ
പ്പോലെ കാണേണ്ടവനെ അരിഞ്ഞു വീഴ്ത്തിയശേഷം അട്ട
ഹസിച്ചുകൊണ്ട് താണ്ഡവനൃത്തമാടുന്ന പേക്കോലങ്ങളെ
നാം കണ്ട് മടുത്തതല്ലേ? അഹിംസയുടേയും സ്നേഹത്തി
ന്റെയും പരിപാവനമായ തത്വങ്ങളാണ് എല്ലാ മതങ്ങളും
പഠിപ്പിക്കുന്നത് എന്നിരിക്കെ, മതത്തിന്റെ പേരിൽ കൊല
പാതകം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഭ്രാന്തമായ വികാരമിള
ക്കിവിടാൻ ചിലർക്ക് സാധിക്കുന്നു. ഇത് മതത്തിന്റെ
ദുർവ്യാഖ്യാനമല്ലെങ്കിൽ മറ്റെന്താണ്? ഇത്തരം ഭ്രാന്ത
ൻമാർക്കെതിരെ സമൂഹനൻമ ഉയർത്തെഴുന്നേൽക്കണ്ട
സമയം അതിക്രമിച്ചിരിക്കുന്നു.

ഇനി രാഷ്ട്രീയത്തിലേയ്ക്ക് കടന്നാലൊ, അഴിമതി
യുടെ പര്യായമാണോ രാഷ്ട്രീയം എന്നുപോലും സംശയി
ക്കേണ്ടിവരുന്നു. ഒരുവട്ടം അധികാരത്തിൽ എത്തുവാനായി
ഏതൊരുവന്റെയും കാലുപിടിക്കാൻ തയ്യാറാകുന്നവർ ഒരു
വേള അവിടെയെത്തിക്കഴിഞ്ഞാൻ ഇത്തിൾക്കണ്ണിയേപ്പോലെ
കസേരയിലൊട്ടിക്കിടക്കാൻ കാണിയ്ക്കുന്ന വ്യഗ്രത, 'രാഷ്ട്രീ
യം' എന്നതിന്റെ മഹത്വത്തെ ചവിറ്റുകൊട്ടയിലേയ്ക്ക് ചവു
ട്ടിതാഴ്ത്തിയിരിക്കുന്നു. സ്വാർത്ഥതയും അത്യാഗ്രഹവും,
അധികാര ദുർമോഹവും രാഷ്ട്രീയമെന്ന കൂടാരത്തിൽ
അഭയം തേടുന്നു. ഈപ്പറഞ്ഞതെല്ലാം എല്ലാ രാഷ്ട്രീയക്കാ
രേയും ഉദ്ദേശിച്ചല്ല, രാഷ്ട്രീയം ചീത്തയാണ് എന്നു വരുത്തി
ത്തീർക്കാനുള്ള ശ്രമവുമല്ല. രാഷ്ട്രീയം തികച്ചും അനിവാ
ര്യമാണ്, അത് നല്ലതുമാണ് എന്നാൽ ഒരു പറ്റം രാഷ്ട്രീയ
ക്കാരുടെ ഈ പരിപ്രേക്ഷ്യമാണ് സ്വീകാര്യമല്ലാത്തത്. ശരി
യായ രീതിയിൽ പ്രാവർത്തികമാക്കിയ രാഷ്ട്രീയ പ്രവർത്ത
നത്തിലൂടെ മാത്രമേ സാമൂഹ്യ പുരോഗതി സാധ്യമാകു
യുള്ളൂ.

മതത്തിനും രാഷ്ട്രീയത്തിനും നല്ല വശവും ചീത്ത
ശവുമുണ്ട് എന്നു നാം കണ്ടു കഴിഞ്ഞു. ഇവയിൽ നല്ല
വശങ്ങൾ തമ്മിൽ ബന്ധപ്പെടുമ്പോൾ അത് അമൃതിന
തുല്യമാണെങ്കിൽ, ചീത്തവശങ്ങൾ തമ്മിൽ ബന്ധപ്പെ
ടുമ്പോൾ അത് വിഷത്തിനു തുല്യമാകുന്നു. ഇവ രണ്ടു
തമ്മിൽ രണ്ട് തലത്തിൽ ബന്ധപ്പെടാം. വ്യക്തിപരമാ
തലത്തിലും സാമൂഹിക തലത്തിലും വ്യക്തിപരമാ
തലത്തിൽ ഇതു ഗുണം ചെയ്യുമ്പോൾ ,സാമൂഹിക തലത്തി
ഇത് ദോഷം ചെയ്യുന്നു വ്യക്തിപരമായ രീതിയിൽ മ
രാഷ്ട്രീയ ബന്ധം എങ്ങിനെ ഉടലെടുക്കുന്നു എന്ന് ചോ
ച്ചാൽ, ഒരു വ്യക്തി അവന്റെ മതത്തിൽനിന്നും ഒരുപാ
നല്ല കാര്യങ്ങൾ പഠിക്കുകയും അപ്രകാരം സമൂഹത്തിലെ
എല്ലാ പ്രശ്നങ്ങളോടും ഒരു തുറന്ന സമീപനം സ്വീകരിക്ക
കയും ചെയ്യുന്നു. ഈ സമീപനം, മതത്തിനുള്ളിലെ ചീത്ത
വശത്തെ പൂർണ്ണമായെതിർക്കാനും അവനെ പ്രേരിപ്പിക്ക

ന്നു. അതായത് മത തത്വങ്ങളിൽനിന്ന് ഉൾക്കൊണ്ട വ്യക്തിത്വ വികസനത്തിലൂടെ അവൻ സാമൂഹ്യ പ്രവർത്തനത്തിന് തയ്യാറാകുന്നുവെന്നർത്ഥം. ഒരു ശരിയായ മത വിശ്വാസി അന്യമതങ്ങളെ എതിർക്കുകയല്ല, മറിച്ച് ബഹുമാനിക്കുകയാണ് ചെയ്യുക. അപ്രകാരം വ്യക്തിപരമായ മത-രാഷ്ട്രീയ ബന്ധത്തിൽ അവന്റെ മതം വീടിനുള്ളിൽ ഒതുങ്ങി നിൽക്കുമ്പോൾ, രാഷ്ട്രീയം സമൂഹത്തിൽ പ്രവർത്തന നിരതമാകുന്നു. സമൂഹ പ്രവർത്തനങ്ങളിൽ അവൻ ഒരിക്കലും മതത്തെ കൂട്ടിക്കലർത്തുന്നില്ല. ഇത്തരത്തിലുള്ള വ്യക്തിപരമായ മത-രാഷ്ട്രീയ ബന്ധത്തിന് ഒരു ഉത്തമ ഉദാഹരണമായിരുന്നു മഹാത്മാഗാന്ധി. അദ്ദേഹം ഒരേ സമയം ഒരു മത വിശ്വാസിയും ഒരു നല്ല രാഷ്ട്രീയക്കാരനുമായിരുന്നുവെന്ന് അദ്ദേഹത്തോട് അഭിപ്രായ വ്യത്യാസമുള്ളവർപോലും തുറന്നു സമ്മതിക്കും. അതിനാൽ ഒരു ശരിയായ മത വിശ്വാസിക്ക് ഒരു നല്ല രാഷ്ട്രീയക്കാരനായി പ്രവർത്തിയ്ക്കാനും സാധിക്കും. അവൻ സമൂഹത്തിന് നൻമയേ ചെയ്യൂ. മറ്റൊരു രീതിപറഞ്ഞാൽ ഒരു വ്യക്തിയിൽ മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും നല്ല വശങ്ങൾ കൂടിക്കലരുന്നുവെന്നർത്ഥം

സമൂഹ്യതലത്തിലുള്ള മത-രാഷ്ട്രീയബന്ധം എതിർത്തു.തോൽപ്പിക്കപ്പെടേണ്ടതാണ്. എന്തെന്നാൽ ഇവിടെ മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും ചീത്ത വശങ്ങളാണ് കൂട്ടിക്കലർത്തപ്പെടുന്നത്. ഭരണയന്ത്രത്തിന്റെ നിയന്ത്രണം കൈയ്യടക്കാനായി മത വികാരമിളക്കി വിടുന്നവർ മതത്തെ ദുരുപയോഗം ചെയ്യുന്നു. പൊതു ഖജനാവിൽനിന്ന് സ്വന്തം ഖജനാവിലേയ്ക്ക് പണമൊഴുക്കുന്നവർ രാഷ്ട്രീയത്തെ മലീമസമാക്കുന്നു. ഇവ രണ്ടും ഒത്തുചേർന്നു മതാന്ധൻമാരുടെ പേക്കൂത്തിന് കളമൊരുക്കുകയായി. ഭൂരിപക്ഷത്തിന്റെ വികാരത്തെ ചൂഷണം ചെയ്ത് ദിനം തടിച്ചുകൊഴുക്കുന്ന ഒരു കൂട്ടമുണ്ടിവിടെ. മതവും രാഷ്ട്രീയവും കലർത്തി അത് വോട്ടാക്കി മാറ്റാൻ ഇവർ സമർത്ഥരാണ്. അവർക്കു വേണ്ട എല്ലാ സഹായങ്ങളും ചെയ്യാൻ സന്നദ്ധരായി നിൽക്കുന്ന ഒരു പറ്റം മത വക്താക്കളും, രാഷ്ട്രീയത്തിൽ പള്ളികളും അമ്പലങ്ങളും നടത്തുന്ന കള്ളക്കളികൾ അവസാനിപ്പിച്ചേ തീരൂ. ഇവിടെ സാമൂഹ്യതലത്തിലുള്ള മത-രാഷ്ട്രീയ ബന്ധമാണ് ഉടലെടുക്കുന്നത്. മതം വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹ്യപുരോഗതി ലക്ഷ്യമിടുമ്പോൾ, രാഷ്ട്രീയം സമൂഹ പരിവർത്തനത്തിലൂടെ വ്യക്തി വികാസം ലക്ഷ്യമിടുന്നു. അഥവാ മതം വ്യക്തികളിലൂടെ സമൂഹത്തെ സമീപിക്കുമ്പോൾ, രാഷ്ട്രീയം സമൂഹത്തിലൂടെ വ്യക്തികളെ സമീപിക്കുന്നു. എതിർദിശയിലുള്ള ഈ പ്രയാണങ്ങൾ എങ്ങനെ ബന്ധിപ്പിക്കുവാനാകും. അതുകൊണ്ടുതന്നെയാണ് ആ പ്രവണത അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതും. ദുർഭാഗ്യമെന്നു പറയട്ടെ, ഇന്നിവിടെ നിലനിൽക്കുന്നത് ഇത്തരത്തിലുള്ള തെറ്റായ മത രാഷ്ട്രീയ ബന്ധമാണ്. വേണ്ടത് വ്യക്തിതലത്തിലുള്ള ബന്ധമാണെങ്കിൽ നിലനിൽക്കുന്നതും വേണ്ടാത്തതും സാമൂഹ്യതലത്തിലുള്ള ബന്ധമാണ്. ഈ പ്രതിസന്ധിയ്ക്ക് ഒരു പരിഹാരമില്ലേ?

പരിഹാരം രണ്ട് രീതിയിലുണ്ട്, ഒന്ന് ബോധവൽക്കരണമാണെങ്കിൽ മറ്റൊന്ന് നിയമ നിർമ്മാണമാണ്. വിദ്യാലയങ്ങളിലൂടെയും സാമൂഹ്യ സംഘടനകളിലൂടെയും ബോധവൽക്കരണം സാധ്യമാണ്. മതം മതത്തിന്റെ വഴിക്കും, രാഷ്ട്രീയം അതിന്റെ വഴിക്കും സഞ്ചരിക്കേണ്ടവയാണെന്ന് നാം വിദ്യാർത്ഥികളെ പഠിപ്പിക്കുകയാണെങ്കിൽ വരുന്ന തലമുറയിലെങ്കിലും ഈ വിഷവിത്ത് ഇല്ലാതാക്കാൻ സാധിച്ചേക്കാം. രണ്ടാമതായി ഇന്നത്തെ യുവതലമുറ ഇത്തരം ചീത്ത പ്രവണതകൾക്ക് കൂട്ടുനിൽക്കുന്നു. മതാധികാരികൾക്കെതിരെയും രാഷ്ട്രീയക്കാർക്കെതിരെയും ശക്തമായ ഭാഷയിൽ പ്രതികരിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ നല്ല രാഷ്ട്രീയക്കാരുടെയും മതപണ്ഡിതൻമാരുടെയും ഉപദേശങ്ങൾ നേടുകയും അവരെ അംഗീകരിക്കുകയുംവേണം. ഇന്നത്തെ സമൂഹത്തിന് സത്യവും കാപട്യവും തമ്മിൽ തിരിച്ചറിയാൻ ബുദ്ധിമുട്ടാണ് എന്ന സത്യം കൂടി നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. നിയമത്തിന് ഇവിടെ ചെയ്യാൻ കഴിയുന്നത് എന്തെന്നാൽ, മതവികാരമിളക്കിവിടുന്ന പ്രസംഗങ്ങളും പ്രസ്താവനകളും പൊതു നിരത്തിലൂടെയുള്ള മത പ്രവർത്തനങ്ങളും നിരോധിക്കണം. മേൽക്കാണിച്ച പരിഹാരങ്ങളെല്ലാം ഒരു പരിധിവരെ മാത്രമേ പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളുവെന്നകാര്യം വിസ്മരിക്കുന്നില്ല. ലേഖകന്റെ പരിമിതമായ ബുദ്ധിയിലുദിച്ച ചില ചിന്തകൾ മുന്നോട്ടുവച്ചുവെന്നേയുള്ളു.

ഒരു വ്യക്തിയെന്ന നിലയിൽ സമൂഹത്തിലെ ചീത്ത പ്രവണതകളെ നോക്കി കാണുക, മത-രാഷ്ട്രീയ ബന്ധത്തിലൂടെ ഇവിടെ വളർന്നുവന്നിട്ടുള്ള കപട രാഷ്ട്രീയക്കാരുടെ നേരെ ശക്തമായ ഭാഷയിൽ പ്രതികരിക്കുക; ഇത്തരം ചീത്ത പ്രവണതകൾക്കെതിരെ ഏതുകോണിൽനിന്ന് പ്രതിഷേധമുയർന്നാലും, അതിൽ പൂർണ്ണമായും സഹകരിക്കുക ഇതെല്ലാമാണ് സാമൂഹ്യ നൻമ കൊതിക്കുന്ന ഒരു പൗരനെന്ന നിലയ്ക്ക് നമുക്ക് ചെയ്യാൻ സാധിക്കുന്നത്. ഒരു നല്ല നാളെ സ്വപ്നംകണ്ടുകൊണ്ട് നമുക്ക് പ്രവർത്തിയ്ക്കാം.

അഴീക്കോടെന്ന പ്രതിഭാസം

പി.വി.അനുകുമാർ
Ist Group II PDC

സാധാരണഗതിയിൽ എവർക്കും അവരുടെയൗവനം നൽകുന്ന ഊർജ്ജസ്വലതയ്ക്ക്, ഒരു സമയ പരിമിതിയുണ്ട്. എന്നാൽ ആത്മപ്രഭാവം ഒന്നുകൊണ്ട് ആ യുവത്വത്തെ ആജീവനാന്തം ചൊൽപടിക്കു നിറുത്തുന്നവർ, അപൂർവ്വമായാണെങ്കിലും ചരിത്രത്തിലുണ്ട്. അവരുടെ പ്രവർത്തനങ്ങളാണ് മാനവരാശിക്ക് എന്നും ഊർജ്ജം നൽകുന്നത്. സോക്രട്ടീസിനെപ്പോലെയും ഗാന്ധിജിയെപ്പോലെയും നിത്യയൗവനയുക്തരായ മഹാൻമാരെ ലോകജനതയ്ക്ക് എങ്ങനെയാണു മറക്കാൻ കഴിയുക?' ആ എഴുപത്തേഴു വയസ്സുള്ള യുവാവിനെ കാണാൻ പോകുന്നത് മനസ്സിനു വലിയ ആശ്വാസമാണ്' എന്ന് ഗാന്ധിജിയെപ്പറ്റി നെഹ്രു പറഞ്ഞത് ഒരിക്കലും അതിശയോക്തിയല്ല.

കേരളത്തിനും ഇങ്ങനെയുള്ള 'യുവാക്ക'ളെ ജനിപ്പിക്കുവാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. ഇതിന് കൈയ്യോടെ വല്ല തെളിവും വേണമെന്നുള്ളവരെ വിളിച്ചുനിറുത്തി ആർക്കും ധൈര്യപൂർവ്വം ചൂണ്ടിക്കാണിച്ചുകൊടുക്കാവുന്ന ഒരു പ്രതിഭാശാലിയാണ് ഡോ. സുകുമാർ അഴീക്കോട്. മെലിഞ്ഞ ശരീരവും നേർത്ത ശബ്ദവുമായി മൈക്കിന്റെ മുന്നിലെത്തുന്ന അഴീക്കോടിനെക്കണ്ടാൽ, ആ വാക്പ്രവാഹം ഒരു സാഗരഗർജ്ജനമായിത്തീരുമെന്ന് ഒരാളും വിചാരിക്കില്ല. എന്നാൽ അത് സാഗരഗർജ്ജനമായിത്തീരുക മാത്രമല്ല ഗർജ്ജനങ്ങളുടെ ഒരു സാഗരമാകുകകൂടിചെയ്യും.

ഇന്ന് ഒരു പ്രഭാഷകനായി പരക്കെ അറിയപ്പെടുന്ന നമ്മുടെ കഥാപുരുഷൻ വളരെച്ചെറുപ്പത്തിൽതന്നെ എഴുത്തിത്തുടങ്ങിയ സാഹിത്യകാരനാണ്. 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ തുടങ്ങിയ ആ പ്രക്രിയ ഇന്ന് കേരളത്തിലെ ആനുകാലികങ്ങളിൽ മുഴുവനുമായി നിറഞ്ഞുനിൽക്കുന്നു. 1954-ലാണ് ആദ്യകൃതി പ്രസിദ്ധീകരിക്കുന്നത് - 'ആശാന്റെ സീതാകാവ്യം' സാഹിത്യവിമർശനം വെറും പുസ്തകാഭിപ്രായത്തിന്റെ രൂപത്തിൽ പത്രത്താളുകളിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന കാലത്താണ് ഒരൊറ്റകൃതിയെ മാത്രം അടിസ്ഥാനമാക്കി ഒരു സമഗ്രപഠനവുമായി അദ്ദേഹം രംഗത്തു വരുന്നത്. 'ചിന്താവിഷ്ടയായ സീത'യിലെ നായിക വാൽമീകിയുടെ സീതയിൽ നിന്ന് വളരെ വ്യതിചലിച്ചുപോയെന്ന ശക്തമായ ആരോപണത്തെ വിമർശകൻ ഈ കൃതിയിൽ മലർത്തിയടിക്കുകയാണ്.

ആദ്യകൃതിയിൽത്തന്നെ അദ്ദേഹം തന്റെ വിമർശനസമീപനമെന്തെന്ന് ആനുഷംഗികമായി വ്യക്തമാക്കുന്നുണ്ട്. 'അന്യന്റെ ഗുണഭാഗങ്ങൾ സഹാനുഭൂതിയോടുകൂടി കാണുകയും തന്റെ ദോഷഭാഗങ്ങൾ അമർഷത്തോടുകൂടി മനസ്സിലാക്കുകയും ചെയ്യുന്ന ആൾക്ക് അന്യന്റെ ചീത്തവശങ്ങൾ വിമർശിക്കുവാൻ എന്തുകൊണ്ടും യോഗ്യതയും അധികാരവുമുണ്ട്.' ഇതാണ് അദ്ദേഹത്തിന്റെ സമീപനം ഈ നയം അഴീക്കോടിന്റെ കൃതികളിൽ മാത്രമല്ല ലേഖനങ്ങളിലും പ്രസംഗങ്ങളിലും പരക്കെ കാണുന്നുണ്ട്. പറയാനെളുപ്പമാണ് മേൽക്കൊടുത്ത പദ്ധതി. പക്ഷേ കാര്യത്തോടടുക്കുമ്പോഴറിയാം അതിന്റെ ഗൗരവം. മറ്റുള്ളവരെ വിമർശിക്കാൻ ഒരാൾക്ക് ആവശ്യമുണ്ടായിരിക്കേണ്ട യോഗ്യത, സർവ്വകലാശാലകളിൽ വിതരണം ചെയ്യുന്ന ബിരുദങ്ങളുടെ പട്ടികയിൽപ്പെടുന്ന ഒന്നല്ല. ക്ലാസ്സുമുറികളിലെ ശുഷ്കമായ ലെക്ചറുകൾക്കിടയിൽനിന്ന് അതു നമുക്കു കിട്ടുകയില്ല. ഡോക്ടറേറ്റു ഗവേഷണങ്ങൾകൊണ്ടും തപ്പിയെടുക്കാവുന്നതല്ല അത്. മറിച്ച് നിരന്തരമായ ഹൃദയസംസ്കരണത്തിന്റെയും സാധനയുടെയും ഫലമായി മാത്രം കിട്ടുന്നതാണ്. താനൊരു വ്യക്തിയാണെന്നഭിമാനിക്കുന്നതോടൊപ്പം, ആവ്യക്തി ലോകത്തിലെ മറ്റേതു വ്യക്തിയേക്കാളും പ്രധാനിയോ അപ്രധാനിയോ അല്ലെന്നുള്ള ബോധത്തിൽനിന്നാണ് അതു തുടങ്ങേണ്ടത്.

ഇത്രയും പറഞ്ഞതിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. മറ്റുള്ളവരെ വിമർശിക്കുന്നത് ഒരിക്കലും അവരോടുള്ള വിരോധം കൊണ്ടല്ല; പ്രത്യുത അവരോടുള്ള സ്നേഹവും ബഹുമാനവും കൊണ്ടാണ്. പലരും ധരിച്ചിട്ടുള്ളതുപോലെ പുകഴ്ത്തുന്നതിലല്ല സ്നേഹവും ബഹുമാനവുമിരിക്കുന്നത്. അന്യരിൽ തെറ്റുകൾ കണ്ടാൽ അതിനെപ്പറ്റി ഋജുവായ ഭാഷയിൽ ഹൃദയസംവാദം ചെയ്യാൻ ആത്മാർത്ഥതയുള്ള ആളുകളാണ് യഥാർത്ഥത്തിൽ അന്യരെ ബഹുമാനിക്കുന്നത്.

ഈയൊരർത്ഥത്തിൽ വിമർശനത്തെക്കാണുന്ന എത്ര പേരുണ്ട് - സാഹിത്യരംഗത്തായാലും മറ്റു രംഗങ്ങളിലായാ

ലും? ഇതിന്റെ നേരേ അപ്പുറത്തുള്ള അർത്ഥത്തിലാണ് ആളുകൾ പലപ്പോഴും ഇതിനെ കാണുന്നത്. അങ്ങനെയൊരു മനോഭാവത്തിന്റെ മൂർദ്ധന്യാവസ്ഥയാണ് ഇടയ്ക്കിടെ തല പൊക്കാറുള്ള 'വധഭീഷണി' എന്ന കോപ്രായത്തിന്റെ പിന്നിലുള്ളത്.

ഏതായാലും അഴീക്കോട് തന്റെ ആദ്യകൃതിയിൽ വ്യക്തമാക്കിയ സമീപനം പിന്നീടുവന്ന 'രമണനും മലയാള കവിതയും', 'ശങ്കരക്കുറുപ്പു വിമർശിക്കപ്പെടുന്നു' തുടങ്ങിയ വയിലും നിലനിറുത്തിയെന്നതു അദ്ദേഹത്തിന്റെ ഉറച്ച കാഴ്ചപ്പാടിനെ വ്യക്തമാക്കുന്നു.

'ശങ്കരക്കുറുപ്പു വിമർശിക്കപ്പെടുന്നു' എന്ന കൃതി പല നിലയിലും മലയാളത്തിലെ ഒരു സംഭവമാണ്. 'ആശാന്റെ സീതാകാവ്യ'ത്തിൽ ഒരു കൃതിയെ സമഗ്രമായി വിലയിരുത്തിയപ്പോൾ ഈ ഗ്രന്ഥത്തിൽ ഒരു കവിയെ സമഗ്രമായി വിലയിരുത്തുന്നു. ഇതൊക്കെ തീർച്ചയായും നമ്മുടെ വിമർശന സാഹിത്യത്തിന് പുതിയ അനുഭവമായിരുന്നു. കഷണം കഷണമാക്കി നിരൂപണം ചെയ്യുന്ന പഴഞ്ചൻ സമ്പ്രദായത്തിൽനിന്ന് കൂടുതൽ സമഗ്രമായ നിരൂപണത്തിലേക്ക് മലയാളം നീങ്ങിയതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണിത്.

ഏറെക്കുറെ അനിഷേധ്യനായി കരുതപ്പെട്ടുവന്ന ഒരു കവിയെ വിമർശിച്ചതുകൊണ്ട് അഴീക്കോടിന്റെ വിമർശനം സാമാന്യത്തിലേറെ ഒച്ചപ്പാടുണ്ടാക്കി. ജി.ശങ്കരക്കുറുപ്പ് എഴുതിയ കവിതകളിൽ നല്ലത് പലതുണ്ടെങ്കിലും കുറെയെണ്ണം അനുകരണഭ്രമം കൊണ്ട് ജീവൻ നഷ്ടപ്പെട്ടവയാണ്. ശങ്കരക്കുറുപ്പിന്റെ ആരാധകർ, അദ്ദേഹത്തിന്റെ നല്ല കവിതകളെ പരിചയപ്പെടുത്തിക്കൊണ്ടല്ല ചീത്തകളെ നല്ലവയായി തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് വിരാജിക്കുന്നതെന്ന് കണ്ട് മനം മടുത്ത ഒരു വിമർശകൻ സ്വാഭാവികമായി ചെയ്യുന്ന കൃത്യമാണ്, പ്രസ്തുതകവിക്കെതിരെ ആഞ്ഞടിച്ചതിലൂടെ അഴീക്കോടു ചെയ്തത്.

മലയാളത്തിൽ റൊമാൻറിസിസത്തെപ്പറ്റി ഉണ്ടായിട്ടുള്ള പ്രഗത്ഭ പഠനങ്ങളിലൊന്ന് ഈ പുസ്തകത്തിന്റെ ഒന്നാമദ്ധ്യായമായ 'റൊമാൻറിസിസത്തിന്റെ പശ്ചാത്തല'മാണ്. സാഹിത്യം ഏതേത് ഊടുവഴികളിലൂടെ കറങ്ങിത്തിരിഞ്ഞാലും അവസാനം കാൽപനികതയുടെ മടിത്തട്ടിലേക്കുതന്നെ എത്തിച്ചേരുന്നുവെന്ന നിരീക്ഷണം വളരെ ശ്രദ്ധേയമാണ്.

സാഹിത്യവിമർശനത്തിൽ ഡോ. സുകുമാർ അഴീക്കോടിന്റെ മറ്റൊരു മികച്ച സംഭാവനയാണ് 'മലയാളസാഹിത്യവിമർശനം'. ഇതദ്ദേഹത്തിന്റെ ഡോക്ടറേറ്റു പ്രബന്ധമാണ്. മലയാള വിമർശന സാഹിത്യത്തിന്റെ ആരംഭകാലം മുതലുള്ള സമഗ്രമായ ചരിത്രമാണ് അതിലെ പ്രതിപാദ്യം.

സാധാരണ രീതിയിൽ ഒരു ചരിത്രമാവുമ്പോൾ, പ്രത്യേകിച്ചും നീണ്ട ഒരു കാലയളവിലെ ചരിത്രമാവുമ്പോൾ അതു വെറുമൊരു വിവരണമാകാനാണു സാധ്യത. എന്നാൽ പ്രസ്തുത ഗ്രന്ഥത്തിൽ സത്യസന്ധമായ ചരിത്രവിവരണത്തോടൊപ്പം അതിനെക്കുറിച്ച് ആഴത്തിലുള്ള പഠനവും നടക്കുന്നു. മലയാള ഗദ്യത്തിന്റെ പിതാവായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തന്നെയാണ് മലയാള വിമർശന സാഹിത്യത്തിന്റെയും പിതാവെന്ന് യുക്തിയുക്തം സ്ഥാപിക്കുന്നതിൽ നിന്നു തുടങ്ങുന്നു അത്. കേസരി, സാഹിത്യപഞ്ചാനനൻ വടക്കുംകൂർ എന്നിവരെപ്പറ്റിപ്പഠിക്കുന്നിടത്ത് താരതമ്യപഠനത്തിന്റെ ഉത്തമ മാതൃകകൾ കാണാം. എം.പി.പോൾ, കുട്ടിക്കൃഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി എന്നിവരെ 'ത്രിമൂർത്തിയുഗം' എന്ന അദ്ധ്യായത്തിൽ വിശദ പഠനത്തിനു വിധേയരാക്കുന്നു. ഇവർക്കുശേഷം വന്ന വിമർശകരെയും സാമാന്യം വിശദമായിത്തന്നെ അവലോകനം ചെയ്യുന്നുണ്ട്.

ഇങ്ങനെ ഏതുനിലയിൽ നോക്കിയാലും മലയാളത്തിലെ മെറ്റാക്രിട്ടിസിസത്തിന് ഒരു മാതൃകാഗ്രന്ഥമാണ് 'മലയാളസാഹിത്യവിമർശനം'. എന്നാൽ ഈ പുസ്തകത്തിൽ അങ്ങോളമിങ്ങോളം നിഴലിക്കുന്ന ഒരു കുറവ് വായനക്കാരനെ അസ്വസ്ഥനാക്കാതിരിക്കില്ല. ഒരു സമഗ്രചരിത്രത്തിൽ ആരും പ്രതീക്ഷിക്കാത്ത ഒരു കുറവാണത്. മലയാള വിമർശന സാഹിത്യത്തിൽ ഒരു തരത്തിലും അവഗണിക്കാനാവാത്ത ഒരു ശബ്ദത്തിന്റെ ഉടമയായ ഒരു പ്രഗൽഭവിമർശകനെ അതിൽ പരാമർശിക്കുക പോലും ചെയ്യുന്നില്ല. ഇവിടെ ഉദ്ദേശിക്കുന്നതു മറ്റാരെയുമല്ല, ഡോ. അഴീക്കോടിനെത്തന്നെയാണ്. അദ്ദേഹത്തിന്റെ വിനയത്തിനു മുമ്പിൽ നമുക്ക് ശിരസ്സുകുനിക്കുക.

എന്നാൽ വിനയത്തോടൊപ്പം തന്നെ പ്രധാനപ്പെട്ട ഒരു വലിയ സത്യം ഇവിടെയുണ്ടെന്ന് ഈ ലേഖകൻ കരുതുന്നു. താൻ മറ്റുള്ളവരിലേക്കു പകരുന്ന ആശയങ്ങളെപ്പറ്റി അഭിപ്രായം പറയേണ്ടത് മറ്റുള്ളവരാണ്; ഒരിക്കലും താനല്ല, അതുകൊണ്ട്, തന്നെപ്പറ്റി അഭിപ്രായം പറയാനുള്ള അവകാശം പൂർണ്ണമായി അവർക്കു വിട്ടുകൊടുത്തുകൊണ്ട് മാറിനിൽക്കുക ഇതാണ് അഴീക്കോട് ഇവിടെ ചെയ്തിരിക്കുന്നത്. ഈ കാഴ്ചപ്പാടിൽ നോക്കുമ്പോൾ അദ്ദേഹം ചെയ്തതിൽ യാതൊരു കുറവും നാം കാണുകയില്ല. ശരിതന്നെയെന്ന് അടിവരയിട്ടു പറയുകയും ചെയ്യും. എന്നാലും അദ്ദേഹം തന്നോടുതന്നെ ഇത്രയേറെ ക്രൂരത കാണിക്കേണ്ടിയിരുന്നില്ല എന്നു തോന്നാതിരിക്കില്ല.

അദ്ദേഹത്തിന്റെ വളരെ പ്രസിദ്ധമായ 'തത്ത്വമസി'യും ചരിത്രപരമായ ഒരു കാഴ്ചപ്പാടോടുകൂടി രചിക്കപ്പെട്ടതാണ്. മലയാളത്തിൽ ഉപനിഷത്തുകളെപ്പറ്റി അധികം പഠനങ്ങളില്ല. ഉണ്ടെങ്കിൽത്തന്നെ അവയിൽ ഭൂരിഭാഗവും ഒരു പഴഞ്ചൻ അടിമത്തമനോഭാവത്തോടുകൂടിയവയാണ്. ഈ പശ്ചാത്തലത്തിൽവേണം 'തത്ത്വമസി'യുടെ മൂല്യം നിർണ്ണയിക്കാൻ.

'തത്ത്വമസി'യുടെ ആദ്യഭാഗത്ത് പ്രാചീന ഭാരതത്തിലെ തത്ത്വചിന്തയെപ്പറ്റി സാമാന്യമായ ഒരവലോകനം നടത്തുന്നു. ഈ ഭാഗത്ത് പല വിവാദപ്രശ്നങ്ങൾക്കും അദ്ദേഹം ഉത്തരം കണ്ടെത്തുന്നുണ്ട്. അതിനുശേഷം പ്രധാനപ്പെട്ട പത്ത് ഉപനിഷത്തുകളെപ്പറ്റിയുള്ള പഠനമാണ്. ഉപനിഷത്തുകളെ ഒന്നിച്ചെടുത്തു പഠിക്കുമ്പോഴും ഓരോ ഉപനിഷത്തിന്റെയും ആത്മാവു കണ്ടെത്താൻ അദ്ദേഹത്തിനു കഴിയുന്നു. അതിനെ ഒറ്റവാക്യത്തിലേക്കൊതുക്കാൻ പോലും അഴീക്കോടിന്റെ അപാരമായ സംക്ഷേപണശേഷി അദ്ദേഹത്തെ പ്രാപ്തനാക്കുന്നു. എന്നാൽ ഇത്രയേറെ ചുരുക്കിയിട്ടും ഓരോ ഉപനിഷത്തിനെപ്പറ്റിയും വ്യക്തമായ ഒരു രൂപം നമുക്കു കിട്ടുന്നുണ്ട്. അഴീക്കോടിന്റെ, പരന്നതും അതിലുപരി ആഴത്തിലുള്ളതുമായ പാണ്ഡിത്യത്തിനു നല്ല തെളിവാണിത്. 'തത്ത്വമസി'യുടെ അവസാനഭാഗത്ത് താരതമ്യേന ആധുനികമായ കാലഘട്ടത്തിൽ ഉപനിഷത്തുകളെപ്പറ്റിയുണ്ടായ പ്രതികരണങ്ങളാണ് പ്രതിപാദ്യം. 20-ാം നൂറ്റാണ്ടിൽ വളരെയധികം ചർച്ചയ്ക്കു വിഷയമായ (ശാസ്ത്രജ്ഞന്മാരുടെയിടയിലും തത്ത്വചിന്തകരുടെയിടയിലും ഒരുപോലെ) ഒരു പ്രശ്നത്തിന് അദ്ദേഹം സാന്ദർഭികമായി മറുപടി പറയുന്നുണ്ട്. ആധുനികശാസ്ത്രവും അദ്ധ്യാത്മികവിദ്യയും അടുക്കുകയാണോ എന്നതാണ് വിവാദപരമായ ആ ചോദ്യം. 'വേദാന്ത സത്യം ഇന്ദ്രിയഗമ്യമല്ല. ആകയാൽ ഇന്ദ്രിയജ്ഞാനത്തെ വികസിപ്പിച്ചെടുക്കാൻ കഴിവുള്ള ശാസ്ത്രത്തിന്റെ സൂക്ഷ്മോപകരണങ്ങൾ ഉപയോഗിച്ച് ലഭിക്കുന്ന വർദ്ധിത ജ്ഞാനം കൊണ്ട് സമർത്ഥിക്കപ്പെടാവുന്നതല്ല അത്.' ശാസ്ത്ര സമ്മതിയില്ലെങ്കിൽ വേദാന്തത്തിന് എന്തോ കുറവാണ് എന്ന് ചിലർക്കെങ്കിലുമുള്ള ധാരണയെ അദ്ദേഹം അപലപിക്കുന്നു. നമ്മുടെ ഇന്ദ്രിയങ്ങൾക്കു പരിമിതിയുള്ളതുകൊണ്ട് ഇന്ദ്രിയഗമ്യമായ ശാസ്ത്രസത്യത്തിനും അതിന്റേതായ പരിമിതിയുണ്ടെന്നു നാം മനസ്സിലാക്കണം.

ചുരുക്കത്തിൽ 'തത്ത്വമസി', ഭാരതത്തിന്റെ അഭിമാനമായ വേദാന്തചിന്തയെപ്പറ്റി ശരിയായ ഒരു ധാരണ നമുക്കു നൽകുന്നു. ഭാരതത്തിന് ലോകത്തിനു വേണ്ടി എന്തുസംഭാവന നൽകാനുണ്ട്, ഹോമങ്ങളും യജ്ഞങ്ങളുമൊക്കെയല്ലേ ഉള്ളൂ എന്നു ചോദിക്കുന്ന ഉപരിപ്ലവബുദ്ധികൾക്കുള്ള ചുട്ട മറുപടിയാണ് 'തത്ത്വമസി'.

1993-ൽ ഇറങ്ങിയ 'ഗുരുവിന്റെ ദുഃഖം' ശ്രീനാരായണഗുരുവിനെപ്പറ്റിയുള്ള നല്ലൊരു പഠനമാണ്. അതിലെ ഓരോ ഉപന്യാസത്തിലും ഓരോ പ്രധാന വിഷയം കൈകാര്യം ചെയ്യുന്നു. അതു വായിച്ചു പോകുമ്പോൾ ശരിക്കും മനസ്സുനിറയുന്ന അനുഭവമാണ്.

സുകുമാർ അഴീക്കോടിന്റെ ഏതു കൃതിയെടുത്തു നോക്കിയാലും അവയിലെല്ലാം ആദ്യന്തം നീണ്ടുനിൽക്കുന്ന

ഒരു നേർത്ത ചരടുണ്ട്. നർമ്മരസത്തിന്റെതായ ഒരു ചരട്. എത്ര ഗൗരവമേറിയകാര്യം പറഞ്ഞുപോകുമ്പോഴും ഒരു തമാശയെങ്കിലും അദ്ദേഹം പൊട്ടിക്കാതിരിക്കില്ല. അതു സന്ദർഭഗൗരവത്തിനു ഒരു കോട്ടവും തട്ടിക്കാതെയായിരിക്കുകയും ചെയ്യും.

ഇപ്പോൾ അഴീക്കോട് പുസ്തകരചനയിൽനിന്ന് അൽപം വിട്ടുനിൽക്കുന്ന മട്ടാണ്. പകരം പ്രസംഗങ്ങളും ലേഖനങ്ങളും മാത്രമാണ് നമുക്കു കിട്ടുന്നത്. ഇവയിലൂടെ സമകാലിക സംഭവങ്ങളെ വിമർശിക്കുന്നതു പലപ്പോഴും വിവാദത്തിന് ഇടനൽകാറുണ്ട്. എന്നാൽ ഇത് വിവാദത്തിനു വേണ്ടിയുള്ള വിവാദമാണോ? അങ്ങനെയല്ലെന്ന് അൽപം ചിന്തിച്ചാൽ മനസ്സിലാകും. അദ്ദേഹത്തിന്റെ വിമർശന സമീപനം തന്നെ ഈ സംശയത്തിനുള്ള ഉത്തരം നൽകും.

പ്രഭാഷണരംഗത്ത് അഴീക്കോടിന്റെ പ്രത്യേകതകൾ ഈ ലേഖനത്തിൽ വിശദീകരിക്കേണ്ട കാര്യമില്ല. കാരണം അതു നമ്മുടെയോരോരുത്തരുടെയും വീട്ടിൽ നടക്കുന്ന സംഭവം പോലെ അത്രസുപരിചിതമാണ്. പ്രഭാഷണത്തെ സ്വന്തമായ അസ്തിത്വമുള്ള ഒരു കലയായിട്ടാണ് അദ്ദേഹം കണക്കാക്കുന്നത്. കഴിവുള്ള ഒരു സാഹിത്യകാരനാണെങ്കിൽ ഒരുനല്ല പ്രസംഗകനുമാകാൻ കഴിയും എന്നൊരു ധാരണ പരക്കെയുണ്ട്. എന്നാൽ വാസ്തവത്തിൽ ഒരെഴുത്തുകാരനും പ്രസംഗകനും തമ്മിൽ ആകെയുള്ള സാമ്യം രണ്ടുകൂട്ടർക്കും ഭാഷാസ്വാധീനം വേണമെന്നുള്ളിടത്തുമാത്രമാണ്. രണ്ടിലും ഉപയോഗിക്കേണ്ട ശൈലികൾ അമ്പേ ഭിന്നമാണ്.

ഈ ശൈലീവൈഭിന്ന്യം എളുപ്പത്തിൽ മനസ്സിലാക്കാൻ കുട്ടികൃഷ്ണമാരാരേയും ജോസഫ് മുണ്ടശ്ശേരിയെയും താരതമ്യം ചെയ്താൽ മതി. യുക്തിയുടെ കണ്ണികൾ മനോജ്ഞമായി കോർത്തിണക്കി, അടിസ്ഥാനപരമായ സത്യങ്ങൾ സ്ഥാപിച്ചുറപ്പിച്ചുതന്ന പ്രഗൽഭനായ മാരാർക്ക് പ്രസംഗവേദിയിൽ പക്ഷേ വേണ്ടത്ര ശോഭിക്കാനായില്ല. വൈചാരികമായ ഒരു തലത്തിൽ നിന്നുകൊണ്ടുള്ള ശാന്തമായ - ഒരൊഴുക്കാണ് മാരാരുടെ ശൈലി. അതേ സമയം മുണ്ടശ്ശേരിയുടേത്, സകലതും തകർത്തുകൊണ്ട് കൂലംകുത്തിയൊഴുകുന്ന കാട്ടാറിനെ അനുസ്മരിപ്പിക്കുന്നു. അത്ര ചടുലമാണ് അത്. വൈകാരിക തലത്തിനാണ് അതിൽ പ്രാധാന്യം. വാസ്തവത്തിൽ പ്രസംഗത്തിനാവശ്യം ഇത്തരം ചടുലഭാഷയാണ്. എങ്കിലേ പ്രസംഗം ശ്രോതാക്കളുടെ ഹൃദയത്തിലേക്ക് ഇറങ്ങിച്ചെല്ലൂ. അതിലാണ് വാഗ്മിയെന്ന നിലയിൽ മുണ്ടശ്ശേരിയുടെ വിജയം. അദ്ദേഹത്തിന്റെ പുസ്തകങ്ങളിൽക്കാണുന്ന ഭാഷയും ഇതുതന്നെ പക്ഷേ എഴുത്തിൽവേണ്ട ഭാഷയഥാർത്ഥത്തിൽ അതല്ല. മാരാരുടെതുപോലെ ശാന്തമായ ഒന്നാണ്. കൂടുതൽ ഇരുത്തംവന്ന ചിന്തകൾ അവതരിപ്പിക്കാൻ അതാണാവശ്യം.

എന്നാൽ എഴുത്തിലും പ്രസംഗത്തിലും പാലിക്കേണ്ട ശൈലീവ്യത്യാസം പലപ്പോഴും എഴുത്തുകാരനും പ്രസംഗകരും മനസ്സിലാക്കാൻ ശ്രമിക്കാറില്ല. പക്ഷേ അഴീക്കോടിന്റെ പ്രസംഗം കേട്ട ഒരാൾ ഉടൻതന്നെ അദ്ദേഹത്തിന്റെ പുസ്തകമെടുത്തു വായിച്ചാൽ വളരെ വലിയ അന്തരമനുഭവപ്പെടും. പ്രസംഗത്തിലദ്ദേഹം വൈകാരികഭാഷയാണുപയോഗിക്കുന്നത്. വിചാരത്തെയും വിജ്ഞാനത്തെയും പോലും വികാരമാക്കി അവതരിപ്പിക്കുന്നു. ചിന്തകളെ ഹൃദയത്തിന്റെ ഭാഷയിൽ അവതരിപ്പിക്കണമെങ്കിൽ അവയെ സ്വന്തം ജീവന്റെ അംശമാക്കി മാറ്റിയിരിക്കണം. അങ്ങനെയുള്ളവർക്കേ ആവേശകരമായി പ്രസംഗിക്കാനാവൂ. എന്നാൽ എഴുത്തിലാകട്ടെ കുറേക്കൂടി ഇരുത്തം വന്ന ശൈലിയാണ് അഴീക്കോടിന്റേത്. അങ്ങനെ എഴുത്തിലുംപ്രസംഗത്തിലും അനുയോജ്യമായ ശൈലികൾ നടപ്പിൽവരുത്താൻ അഴീക്കോടിനു കഴിഞ്ഞതുകൊണ്ടാണ് രണ്ടു രംഗത്തും അദ്ദേഹംഒരുപോലെ വിജയിച്ചത്.

അങ്ങനെ, താൻ കൈവച്ച എല്ലാ രംഗങ്ങളിലും തനിക്കുമാത്രം നേടിയെടുക്കാനാവുന്ന വിജയം വെട്ടിപ്പിടിച്ച ഡോ. സുകുമാർ അഴീക്കോടിന്റെ ആശയാദർശങ്ങൾ നവനവോൻമേഷശാലികളായ യുവജനഹൃദയങ്ങളെ കാലം പ്രവഹിച്ചുകൊണ്ടിരിക്കുന്നിടത്തോളം ത്രസിപ്പിച്ചുകൊണ്ടിരിക്കുക തന്നെചെയ്യും.

കാശ്മീർ
ചോരയിൽ മുങ്ങുന്ന പണ്ടോറയുടെ പേടകം

നീലത്തടാകങ്ങളുടെയും കുങ്കുമപ്പൂക്കളുടെയും ചിനാർ മരങ്ങളുടെയും നാട്. ഭൂമിയിൽ ഒരു സ്വർഗമുണ്ടെങ്കിൽ അതിതാണ് എന്ന് ബാബർ വിശേഷിപ്പിച്ച പുണ്യഭൂമി. പണ്ടോറയുടെ പേടകമെന്നു വിശേഷിപ്പിച്ച തർക്കഭൂമി. കൊലപാതകത്തിന്റെ ഭീകരപ്രവർത്തനത്തിന്റെ കള്ളക്കടത്തിന്റെ നാട്. കാശ്മീരിനെക്കുറിച്ചുള്ള നമ്മുടെ പരിമിതമായ അറിവ് ഇവിടെത്തീരുന്നു.

പ്രശ്നങ്ങളെക്കുറിച്ച്, ഭീകരതയെക്കുറിച്ച് സംസാരിയ്ക്കാൻ നമുക്ക് നാവുകൾ ഏറെയാണ്. യഥാർത്ഥ കാശ്മീർ ഇന്ന് ഇന്ത്യയും പാക്കിസ്ഥാനും ചൈനയ്ക്കുമായി പങ്കുവയ്ക്കപ്പെട്ടിരിക്കുന്നു ഒരു നാടിന്റെ ഭൂമിശാസ്ത്രം അവിടുത്തെ പ്രശ്നങ്ങളുടെ മൂലകാരണങ്ങളിലൊന്നാണ്. പ്രധാനമായും അഞ്ചു ഭാഗങ്ങളായി കാശ്മീരിനെ തിരിക്കാം.

1) താഴ്വര, തെക്കു ഝലം നദി മുതൽ, വടക്ക് ശ്രീനഗർ വരെ വ്യാപിച്ചുകിടക്കുന്ന ഭൂവിഭാഗം. ബഹുഭൂരിപക്ഷം മുസ്ലിം വിശ്വാസികൾ.

2) ജമ്മു - ഇവിടെ ഹിന്ദുക്കളും സിക്കുകാരുമാണ് ഭൂരിപക്ഷം

3) ബ്ലാദിസ്ഥാൻ - മുസ്ലീം ഭൂരിപക്ഷപ്രദേശം

4) ലഡാക്ക് - ബുദ്ധമത ഭൂരിപക്ഷപ്രദേശം

5) ജിൽജിക് - മുസ്ലിം ഭൂരിപക്ഷം - ഇന്നത്തെ അധിനിവേശ കാശ്മീരിന്റെ ഭാഗം.

ഡാർഡിക്കും, ടിബറ്റനും കാശ്മീരിയും ഡോഗ്രിയും സംസാരിക്കുന്ന വിവിധ മതവിശ്വാസങ്ങളുടെ ഒരു നാട്. ശ്രീനഗറും പൂഞ്ചും ലഡാക്കും ചേർന്ന നമ്മുടെ കാശ്മീർ ജിൽജിറ്റും ബ്ലാദിസ്ഥാനും മുസാഫിറാബാദും, പൂഞ്ചും ചേർന്ന പാക്കിസ്ഥാന്റെ കൈവശമുള്ള അധിനിവേശ കാശ്മീർ, ചൈനയുടെ കൈവശത്തിലുള്ള 'അക്സായിചിൻ' ഉൾപ്പെടെ ചൈനീസ് അധിനിവേശമേഖല.

കാശ്മീർ അന്നും ഇന്നും

1947ൽ ഭാരതം സ്വതന്ത്രമായപ്പോൾ, ഇന്ത്യൻ ഉപഭൂഖണ്ഡം രണ്ടായി വിഭജിക്കപ്പെട്ടു. പാക്കിസ്ഥാനും ഇന്ത്യയും. ഈ വിഭജനത്തോടെ നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാക്കിസ്ഥാനിലോ ചേരുവാനോ സ്വതന്ത്രമായി നിൽക്കുവാനോ അവകാശം നൽകിയിരുന്നു. കാശ്മീർ രാജാവായിരുന്ന ഹരിസിംഗ് ഇന്ത്യൻ യൂണിയനിൽ ചേരാതെ സ്വതന്ത്രമായി നിൽക്കുവാൻ തീരുമാനിച്ചു. എന്നാൽ ഷേക് അബ്ദുള്ളയുടെ നേതൃത്വത്തിൽ നടന്ന ബഹുജനപ്രക്ഷോഭം ശക്തി പ്രാപിച്ചപ്പോൾ രാജാവ് ഷേക് അബ്ദുള്ളയെ അറസ്റ്റുചെയ്തു ജയിലിലാക്കി. മഹാത്മാഗാന്ധിയടക്കം പലരും ഇടപെട്ട് ഷേക് അബ്ദുള്ളയെ ജയിൽ വിമോചിതനാക്കുകയും കാശ്മീരിന്റെ ആദ്യപ്രധാനമന്ത്രിയായി നിയമിക്കുകയും ചെയ്തു. കാശ്മീർ രാജാവ് ഇന്ത്യൻ താൽപര്യത്തിന് വഴങ്ങിയതിൽ വിറളി പിടിച്ച പാക്കിസ്ഥാൻ 1947 ഒക്ടോബർ 19ന് ബ്രിട്ടീഷ് ആർമി ഓഫീസർ ജനറൽ തുംഗാൽ പരിശീലനം നൽകിയ ആയിരത്തോളം ഗിരിവർഗ്ഗക്കാരെ ബാരമുള്ളയിലൂടെ ശ്രീനഗറിലേക്ക് കടത്തി. ഹിന്ദു മുസ്ലീം വ്യത്യാസമില്ലാതെ നിരവധിപേരെ വധിച്ചു. ബാരമുള്ളയിലെ സെൻറ് ജോസഫ് കോൺവെൻറിലെ യൂറോപ്യൻ കന്യാസ്ത്രീകളെ ബലാൽസംഗം ചെയ്തശേഷം വധിക്കുകയുമുണ്ടായി.

കാശ്മീർ മഹാരാജാവും പ്രധാന മന്ത്രിയും ഈ വിഷമാവസ്ഥയിൽ ഇന്ത്യയുടെ സഹായമാവശ്യപ്പെട്ട് ഇന്ത്യൻ യൂണിയനിൽ ചേർന്നു. നിയമപരമായ അതിർത്തി പരിരക്ഷ ലക്ഷ്യമാക്കി ഇന്ത്യൻ പട്ടാളം താഴ്വരയിലെത്തി. അങ്ങനെ നിയമദൃഷ്ട്യാ പാക്കിസ്ഥാൻ ആക്രമകാരിയായിത്തീർന്നു. അങ്ങനെ ആദ്യത്തെ ഇന്ത്യാപാക്കിസ്ഥാൻ യുദ്ധം കാശ്മീരിന്റെ വിഭജനത്തിലവസാനിച്ചു. ജിൽജിറ്റും ബ്ലാദിസ്ഥാനും പൂഞ്ചും ചേർന്ന അധിനിവേശകാശ്മീരും താഴ്വരയും ജമ്മുവും ലഡാക്കും ചേർന്ന ഇന്ത്യൻ ഭൂമിയും

ഇവിടെയും നയതന്ത്രപരമായി നമുക്കു പാളിച്ചയായിരുന്നു. അക്രണകാരികളെ തുരത്തിയോടിച്ചില്ലെന്നു മാത്രമല്ല കാശ്മീർ പ്രശ്നം ഇന്ത്യ യു.എൻ. സെക്യൂരിറ്റി കൗൺസിലിനു മുമ്പിൽ സമർപ്പിച്ചു. അങ്ങനെ പാക്കിസ്ഥാന്റെ വേഷം അക്രമകാരിയിൽ നിന്ന് അവകാശത്തർക്കത്തിലെ കക്ഷിയെന്നതായി മാറി. ഹിതപരിശോധന എന്ന ആശയം ആദ്യമായി ഉന്നയിച്ചത് ഇന്ത്യയായിരുന്നു അന്ന് പാക്കിസ്ഥാൻ അതിനെ ശക്തിയുക്തം എതിർത്തു. ഈ എതിർപ്പിനു മൂലകാരണം ഷേക് അബ്ദുള്ളയുടെ വ്യാപക മായ ജനപിന്തുണയായിരുന്നു. 1951 ഒക്ടോബറിൽ കാശ്മീരിന് പ്രത്യേക ഭരണഘടനയുണ്ടാവുകയും അസംബ്ലി രൂപ വൽക്കരിക്കുകയും ചെയ്തു. ആകെയുള്ള 75 സീറ്റുകളും നേടി നാഷണൽ കോൺഫറൻസ് വിജയിച്ചു. ഇതായിരുന്നു ഇന്ത്യക്ക് ലഭ്യമായ ഏറ്റവും നല്ല ജനവിധി.

1962-ൽ ഇന്ത്യ ചൈന യുദ്ധത്തിൽ ചൈന കാശ്മീരിന്റെ കുറച്ചു ഭാഗങ്ങൾ കൈയ്യടക്കുകയും ഏകപക്ഷീയമായി വെടിനിറുത്തൽ പ്രഖ്യാപിക്കുകയും ചെയ്തു. യുദ്ധങ്ങളിലൂടെ കാശ്മീർ പ്രശ്നം പരിഹരിക്കാനാവില്ലെന്ന ബോധ്യത്താൽ പാക്കിസ്ഥാൻ ഭീകരവാദികൾക്ക് പരിശീലനം നൽകുവാൻ തുടങ്ങി. അതിനുവേണ്ടി അധിനിവേശ കാശ്മീരിൽ നിരവധി ക്യാമ്പുകൾ തുറന്നു. ഈ ഭീകര പ്രവർത്തന സംഘങ്ങളിൽ പലതും കാശ്മീരിനെ പാക്കിസ്ഥാന്റെ ഭാഗമാക്കുവാനാണ് ശ്രമിക്കുന്നത്. ഭീകരപ്രവർത്തനം ശക്തമായപ്പോൾ താഴ്വരയിലെ മറ്റു മതക്കാർ ജീവനുംകൊണ്ടോടി രക്ഷപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് പാക്കിസ്ഥാൻ ഇന്ന് ഹിതപരിശോധന ആവശ്യപ്പെടുന്നത്.

ഇന്ത്യൻ നയം

'ടെക്സാസ് അമേരിക്കയുടെ ഭാഗമാണെങ്കിൽ കാശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്ന് പറഞ്ഞ വി.കെ. കൃഷ്ണമേനോന്റെ സരസ്വതീ വിലാസത്തിനു മുമ്പിൽ പാക്കിസ്ഥാൻ അടിയറവു പറയേണ്ടിവന്നു. ഈ ശക്തിയും ചൈതന്യവും പിന്നീട് എവിടെയൊക്കെയോ നഷ്ടമാവുകയായിരുന്നു. അന്തർദേശീയ വേദികളിൽ പല പ്പോഴും ഇന്ത്യയുടെ സ്വരം ദുർബലമായി. 'ഇന്ത്യൻ പട്ടികൾ' എന്ന് യു.എൻ.അസംബ്ലിയിൽ വച്ച് മുഖത്തു നോക്കി വിളിച്ചപ്പോഴും മറുപടി കൊടുക്കാൻ നമുക്കു കഴിഞ്ഞില്ല. അമേരിക്കൻ നിലപാട് പലപ്പോഴും പാക്കിസ്ഥാനനുകൂല മായിരുന്നു.

ഇസ്ലാമിക രാജ്യങ്ങളിൽ അദ്യഘട്ടങ്ങളിൽ ഇറാക്ക് നമുക്കനുകൂലമായിരുന്നുവെങ്കിലും ഇന്നത്തെ പരിതസ്ഥിതിയിൽ കാശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമെന്ന് ഉറക്കെപ്പറയുന്ന ഏക രാഷ്ട്രം ഇസ്രായേൽ മാത്രമാണ്.

ഇന്ന് കാശ്മീരിൽ ആഗോള ഇസ്ലാമിക മതമൗലികവാദത്തിന്റെ പ്രദർശനമാണ്. ഇന്ത്യയുടെ കൈവശമുള്ള ആധുനിക ആയുധങ്ങൾക്കു സമാനമായ ആയുധശേഖരം ഇന്നു ഭീകരവാദികൾക്കുണ്ട്. കാശ്മീർ ഒരു പുകയുന്ന അഗ്നിപർവ്വതമായിരിക്കുന്നു. ആഗോള ഇസ്ലാമിക മതമൗലികവാദത്തിന്റെ തീഷ്ണത ബോംബെ സ്ഫോടനത്തിലൂടെ നാം കണ്ടു.

എന്താണ് പരിഹാരം?

1993-ൽ ഇസ്രായേൽ വിദേശകാര്യമന്ത്രി ഷിമോൺ പെരസ് ഇന്ത്യ സന്ദർശിച്ചപ്പോൾ കാശ്മീർ പ്രശ്നത്തിൽ ഒരു പരിഹാരം നിർദ്ദേശിച്ചു. കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കുകയും ജനസംഖ്യാനുപാതം മാറ്റുകയും ചെയ്യുകയെന്നത് ഈ നിർദ്ദേശത്തെ മുസ്ലീം നേതാക്കളും സംഘടനകളും തീഷ്ണമായി വിമർശിച്ചിരിക്കുകയാണ് പക്ഷേ, വികാരത്തിൽ നിന്നും മാറിനിന്നു വിചാരത്തിന്റെ ഗതിയിൽ നാം സഞ്ചരിക്കണം. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള കുടിയേറ്റക്കാർക്ക് കാശ്മീർ തുറന്നുകൊടുക്കണം. അവരവിടെ താമസിക്കട്ടെ കൃഷിയിറക്കട്ടെ മാറ്റങ്ങൾ നമുക്കു കാണാനാവും.

ബംഗ്ലാദേശ് നഷ്ടമായ പാക്കിസ്ഥാന്റെ പ്രതികാരം ഇന്ത്യയ്ക്കു കാശ്മീർ നഷ്ടമാക്കണമെന്നാണ്. ശരീരഭാഗത്തിൽ ചിലതു മുറിച്ചു മാറ്റി ഭീകര രോഗത്തിൽ നിന്ന് നാം ശരീരംതന്നെ രക്ഷിക്കാറില്ലേ. ഇവിടെ മുറിച്ചു കളയേണ്ടിവരുന്നില്ല പകരം അൽപം കാഞ്ഞിരക്കുരുതിന്നേണ്ടി വരുമെന്നേയുള്ളു. ആ കാഞ്ഞിരക്കുരുവാണ് 'പെരസ് ഫോർമുല', ദേശീയ താൽപര്യത്തിനായി നാമതു സഹിച്ചേമതിയാകൂ.

ഫീച്ചർ യൂണിറ്റിനു വേണ്ടി
പ്രസാദ്
കടപ്പാട് - മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഇന്ത്യാ ടുടേ

മരുഭൂമിക്ക് മണ്ണുമായി ബന്ധമുണ്ടോ?

(കുങ്കുമം വാരികയിൽ പ്രസിദ്ധീകരിച്ച വിമർശനത്തിന് ഒരു മറുപടി)

നോവൽ എന്ന കലാശിൽപം എന്നും പാശ്ചാത്യപ്രചോദിതമായ ഒന്നായിരുന്നു. മാറുന്ന വ്യവസ്ഥകളുടെയും കാലങ്ങളുടെയും ഗതികനുസരിച്ച് ഘടനയിലും ഉള്ളടക്കത്തിലും രീതിയിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഒരു കലാശിൽപം അനുഭവവേദ്യമായതും സ്വദർശനങ്ങളിലുള്ളതുമായ ജീവിതത്തിന്റെ വൈരുദ്ധ്യങ്ങൾ പ്രതിഭാശാലിയായ ഒരു മനുഷ്യന്റെ മനസ്സിലുണ്ടാക്കുന്ന സംഘർഷങ്ങൾ ആണ് ഏതു സൃഷ്ടിയുടെയും ആധാരബിന്ദു. വ്യത്യാസം അത് എങ്ങനെ അവതരിപ്പിക്കുന്നു എന്നതാണ്. മലയാളനോവൽ സാഹിത്യം ശൈലീഭേദം കൊണ്ട് അനുഗ്രഹിതമാണ് എന്നു പറയാം. എം.ടി., കോവിലൻ, മുകുന്ദൻ, ഒ.വി.വിജയൻ, ആനന്ദ് ഇവരെല്ലാം തന്നെ സ്വമൂശയിൽ ഉയിരെടുത്ത ഭാഷയുടെ ഉടമകളാണ്.

നമുക്കിനി ആനന്ദിന്റെ 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവലിലേക്കു വരാം. ആൾക്കൂട്ടത്തിനും അഭയാർത്ഥികൾക്കും ശേഷമാണ് വളരെയധികം ചർച്ചചെയ്യപ്പെട്ട ഈ നോവലിന്റെ സൃഷ്ടി. മലയാളത്തിലെ പ്രശസ്തമായ ഒരു വാരികയിൽ ശ്രീ. വെട്ടൂർ രാമൻ നായർ ഗുരുതരമായ ഒരു ആരോപണം ഈ നോവലിനെതിരെ ഉന്നയിക്കുകയുണ്ടായി. അതുകണക്കിലെടുത്തുകൊണ്ട് നമുക്ക് നോവലിലേക്കു കടക്കാം. ആനന്ദിന്റെ ഈ നോവലിന് മണ്ണുമായി ബന്ധമില്ല എന്നതായിരുന്നു, ശ്രീ രാമൻ നായരുടെ ആക്ഷേപം. ഒരു വാദത്തിനു വേണ്ടി നമുക്ക് അത് അംഗീകരിക്കാം. ഇതിനു മറുപടി എഴുതുന്നതിനു മുമ്പ് ഇതിവൃത്തം എന്തെന്ന് ചുരുക്കിയെഴുതുന്നത് നന്നായിരിക്കും എന്നു കരുതുന്നു.

രംഭാഗഡ് കോട്ടയിലുള്ള സ്ട്രാറ്റജിക് ഇൻസ്റ്റലേഷൻസ് പ്രൊജക്ടിലെ ലേബർ ഓഫീസറാണ് കുന്ദൻ പ്രോജക്ടിലെ നിഗൂഢഭാഗങ്ങൾ രാജ്യത്തെ വിവിധഭാഗങ്ങളിൽ നിന്നയക്കുന്ന തടവുകാർ പണിയുന്നു. ഇവർക്കു പുറമെ, കൊട്ടയ്ക്കു പുറത്ത് മരുഭൂമിയിൽ നിന്ന് 2 കൊല്ലത്തെ കോൺട്രാക്ടിന് റിക്രൂട്ടുചെയ്യുന്ന പയനിയർ ഫോഴ്സുമുണ്ട്. തടവുകാരെ പ്രോജക്ടിലേക്ക് കൈമാറുക എന്നതാണ് കഥാനായകനായ കുന്ദന്റെ ജോലി. ഓരോരുത്തരുടെയും ഒറ്റയിൽ റിപ്പോർട്ടും ഫോട്ടോയും നോക്കി അയാളെ പരിശോധിച്ച് സർട്ടിഫൈ ചെയ്യേണ്ടതും അയാളാണ്.

പശുപതി സിങ്ങ് എന്ന ഒരാൾക്കു പകരം പ്രൊജക്ടിൽ പണിയെടുക്കാനെത്തിയത് സുലൈമാനായിരുന്നു. അയാൾ പശുപതിസിങ്ങ് അല്ല എന്ന് അറിഞ്ഞുകൊണ്ടുതന്നെ കുന്ദൻ അയാളെ പ്രൊജക്ടിലേയ്ക്കയക്കേണ്ടിവരുന്നു. സുലൈമാന് പശുപതിസിങ്ങായി അഭിനയിക്കുന്നതിന് പ്രതിമാസം 500/- രൂപ കിട്ടും. ഇവിടം മുതലാണ് കുന്ദന്റെ പ്രശ്നങ്ങളും മരുഭൂമികൾ ഉണ്ടാകുന്നത് എന്ന നോവലും ആരംഭിക്കുന്നത്. പയനിയർ ഫോഴ്സിൽ നിന്നും ഒളിച്ചോടുന്ന ഭോല പ്രൊജക്ടിൽ ജോലിക്കു പോയവരാരും തിരിച്ചുവരാറില്ലെന്നു പരാതിപറഞ്ഞ അയാളുടെ ഭാര്യ, പയനിയർ ഫോഴ്സ് കമാൻറർ യോഗേശ്വർ എന്നിങ്ങനെയുള്ള കഥാപാത്രങ്ങളും വേറെയുമുണ്ട്.

സുലൈമാൻ തലയിൽ ഗർഡർ വീണ് മരിക്കുന്നു. മരണം സുലൈമാന്റെ വീട്ടിലറിയിക്കാൻ കുന്ദൻ പോകുന്നു. തിരിച്ചുവന്ന കുന്ദനെ അറസ്റ്റുചെയ്യാൻ പോലീസെത്തുന്നു. അവരുടെ കൈയിൽ നിന്നും രക്ഷപ്പെട്ട അയാൾ ഒരു നഗരത്തിലെത്തുന്നു. അവിടെവച്ച് ലഹള ദൃശ്യങ്ങൾക്കു സാക്ഷിയാകുകയും ചെയ്യുന്നു. ഈ ലഹളയ്ക്ക് ഏകദേശം മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ വധശേഷം ഡൽഹിയുമായി സാമ്യമുണ്ട്. കുറച്ചുകാലം മുമ്പ് സർക്കാർ ഒരു ഓപ്പറേഷനിൽ ആരാധന സ്ഥലം വളഞ്ഞുപിടിച്ചെടുക്കുന്നതിനെ കുറിച്ചും അവിടെ നിന്നു കുറെ നിരപരാധികളെ കണ്ടെടുക്കുന്നതിനെക്കുറിച്ചും പറയുന്നുണ്ട്. അതിന് ബ്ലൂസ്റ്റാർ ഓപ്പറേഷനുമായി സാമ്യമുണ്ട് എന്നത് സത്യം തന്നെ. പക്ഷേ അതുതന്നെയാണ് ഇത് എന്നുപറയാൻ സാധിക്കില്ല. അധികാരമുള്ള വിഭാഗം അല്ലെങ്കിൽ സംഘടിതമായ ഒരു വിഭാഗം ബലമായി അന്യന്റെ സ്വകാര്യത ഭംഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ആണ്. ഇതിനെ നമുക്ക് ഈയിടെയുണ്ടായ വർഗീയ കലാപങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് ചിന്തിച്ചു നോക്കാം. ഹൈന്ദവർ അല്ലെങ്കിൽ മുസ്ലീങ്ങൾ സംഘടിതരായി മറ്റുവിഭാഗത്തിനു നേർക്ക് ഭാരതത്തിൽ എവിടെയെങ്കിലും അക്രമങ്ങൾ അഴിച്ചുവിടുമ്പോൾ മറ്റു പലയിടങ്ങളിലും അത് അസ്വാസ്ഥ്യങ്ങൾ ജനിപ്പിച്ചുവരുന്നു. അതിന്റെ മറവിൽ ഒരുകൂട്ടം സമൂഹ്യവിരുദ്ധർ മുതലെടുപ്പുനടത്തുകയും ചെയ്യുന്നു. പ്രസ്തുത നോവലിൽ ആക്രമികളുടെ ചിലവിൽ സർക്കാർ മുതലെടുപ്പു നടത്തുന്നു. സർക്കാർ എന്നത് മൊത്തമായ ഭരണവ്യവസ്ഥയെയാണ് കുറിക്കുന്നത്. അതുകൊണ്ടുതന്നെ അതിലെ ഒന്നോരണ്ടോ

തൽപരകക്ഷികൾ നടത്തുന്ന ഈ മുതലെടുപ്പ് മൊത്തമായി സർക്കാരിന്റെ ചരായയിലെത്തപ്പെടുന്നു.

ഈയിടെ കാശ്മീരിലെ ഒരു പള്ളിയിൽ ഭീകരവാദികൾ കയറുകയും പലരെയും ബന്ദികളാക്കി തടഞ്ഞുവച്ച് കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. അവരെ കീഴടക്കാൻ സർക്കാർ പ്രയോഗിച്ച സമ്മർദ്ദതന്ത്രം വളരെ ഫലപ്രദമായിരുന്നു. അതുപോലെ ഒരു പതിറ്റാണ്ടുമുമ്പ് അന്നത്തെ സർക്കാരിനും ഈ തന്ത്രം ഉപയോഗിക്കാമായിരുന്നു. മതം എന്ന വികാരം വളരെ ശക്തമായി നിലനിൽക്കുന്ന ഒരു സമൂഹത്തിൽ സർക്കാർ അവരുടെ ഒരാരാധനസ്ഥലത്തിൽ സ്വീകരിക്കുന്ന നടപടികൾ വളരെയധികം ശ്രദ്ധിച്ചും, സൂക്ഷിച്ചും എടുക്കേണ്ടതാകുന്നു. അല്ലെങ്കിൽ സംഭവിക്കാവുന്ന പ്രശ്നങ്ങളെകുറിച്ചും അവ എങ്ങനെ തൽപര കക്ഷികൾ മുതലെടുക്കുന്നു എന്നതിനെ കുറിച്ചുമുള്ള ഒരു മുൻപിൻ കാഴ്ച യല്ലേ ആനന്ദ് നടത്തുന്നത്.

ഇനി 'മണ്ണുമായുള്ള ബന്ധം' എന്ന ഭാഗത്തേയ്ക്കുവരാം. യഥാർത്ഥത്തിൽ തന്നെ ആനന്ദിന്റെ ഈ നോവലിൽ സാധാരണ മനുഷ്യരും അവരെ ബാധിക്കുന്ന പ്രശ്നങ്ങളും ഒറ്റനോട്ടത്തിൽ ചർച്ചചെയ്യപ്പെടുന്നില്ല. ഇത് വിവേകത്തിന്റെ തലത്തിൽ ദുർബലരായ ശരിയുടെ വക്താക്കളും, ശക്തരായ തെറ്റിന്റെ വക്താക്കളും തമ്മിലുള്ള സമരം ആണ്. ശരിയുടെ ഭാഗം നയിക്കുന്നത് പ്രതിഷേധിക്കുവാനും, അതിലൂടെ സ്വയം പീഡനങ്ങൾ ഏറ്റുവാങ്ങുവാനും വിധിക്കപ്പെട്ട കുന്ദൻ തന്നെ.

സാധാരണ നോവലുകളിലുള്ളതുപോലെ ഒരു വ്യക്തിയുടെ പ്രശ്നങ്ങളും വികാരങ്ങളും മാത്രമെടുത്ത് ഒരു കഥ പറഞ്ഞ് അതിലൂടെ ചില സാമൂഹ്യയാഥാർത്ഥ്യങ്ങളുടെ വെളിവാക്കൽ നടത്താൻ ആനന്ദ് ശ്രമിച്ചിട്ടില്ല. മറിച്ച് പുതിയ പ്രശ്നങ്ങളെ അവതരിപ്പിക്കുവാനായി കുന്ദൻ എന്ന കഥാപാത്രത്തെ സൃഷ്ടിക്കുക മാത്രം ചെയ്ത്, അയാളിലൂടെ താൻ വിമർശിക്കേണ്ടവരെ വിമർശിക്കുകയും തനിക്ക് അന്യായമെന്നു തോന്നുന്നത് വിളിച്ചുപറയുകയും, അതിനെതിരെ ഒരു ചെറുവിരലനക്കാൻപോലും ഒറ്റയ്ക്കുസാധിക്കില്ല എന്ന് വ്യക്തമാക്കുകയും ചെയ്യുകയാണ് ആനന്ദ്. ഇത് ഒരുതരം ധർമ്മസങ്കടം ആണ്. ഈ ധർമ്മസങ്കടം ആണ് നോവലിന്റെ കേന്ദ്രബിന്ദു. ആനന്ദ്തന്നെ വ്യക്തമാക്കുന്നതുപോലെ 'കർത്തവ്യവും ആവശ്യവും ഒന്നല്ലാതിരിക്കുകയും തീരുമാനം എടുക്കേണ്ടചുമതല എന്നിൽതന്നെ കേന്ദ്രീകരിക്കുകയും ചെയ്യുന്ന' അവസ്ഥ.

സർക്കാർ എന്ന ലേബലിൽ വാഴുന്ന ഉദ്യോഗസ്ഥ മേധാവികളുടെ താന്തോന്നിത്തവും, കെടുകാര്യസ്ഥതയും മൂലം മറ്റുജനങ്ങൾക്കും സത്യങ്ങളറിയാവുന്ന കീഴുദ്യോഗസ്ഥനും അനുഭവിക്കേണ്ടിവരുന്ന യാതനകൾ, എന്നാൽ അതിനെതിരെ പ്രതികരിക്കാൻ സാധിക്കാതെ അവർ അനുഭവിക്കുന്ന മാനസിക സംഘർഷം ഇതെല്ലാം മനുഷ്യാനുഭവിതങ്ങളാണ് അതുകൊണ്ട് മനുഷ്യനുമായി ബന്ധമുള്ള കാര്യങ്ങൾ തന്റേതായ ഒരു ശൈലിയിൽ അവതരിപ്പിക്കുക എന്ന ഒരു 'കുറ്റം' മാത്രമേ ആനന്ദ് ചെയ്തിട്ടുള്ളൂ. അതിനാൽ ഈ നോവലിന് മണ്ണുമായി ബന്ധമില്ല എന്ന വാദഗതി അംഗീകരിക്കാൻ ബുദ്ധിമുട്ടുളവാക്കുന്നു. ഇതിനുമുമ്പ് 'ആൾക്കൂട്ടം' 'അഭയാർത്ഥികൾ' എന്നീ നോവലുകളിൽ ആനന്ദ് സ്വീകരിച്ച ഒരു തരം മരിച്ച ഭാഷയിലൂടെയുള്ള കാര്യകഥാപ്രഘോഷണം 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവലിൽ ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ട് എന്നത് ഒരു വലിയ സത്യംആണ്. അതുകൊണ്ടുതന്നെ, ആ നോവലുകൾ പ്രസിദ്ധീകൃതമായപ്പോഴൊന്നും അതിനെതിരെ പ്രതികരിക്കാതിരുന്ന ശ്രീ. വെട്ടൂർ രാമൻനായർ ഈ കൃതിക്കെയ പല്ലുംനഖവുമുപയോഗിച്ച് ആക്രമിക്കുന്നത് അത്ഭുതം ജനിപ്പിക്കുന്നു.

'ആനന്ദമതസൂക്തങ്ങൾ' എന്നും 'ഗിരിപ്രഭാഷണങ്ങൾ' എന്നും ശ്രീ. വെട്ടൂർ പറയുന്ന മാതിരി ഒരുപാടുകാര്യങ്ങൾ ആനന്ദ് ഈ നോവലിൽ എഴുതിയിട്ടുണ്ട്. കുറെയൊക്കെ ആവശ്യമില്ലാത്തതാണ് എന്ന് വായനക്കാർക്ക് തോന്നിയേക്കാം. പക്ഷേ നോവൽ എന്നത് വിശാലമായ ഒരു കാൻവാസാണ്. അതിനാൽ കേവലം കുന്ദൻ അനുഭവിച്ച കാര്യങ്ങൾ മാത്രം പറയുക എന്നത് സാധിതമായ കാര്യമല്ല. അല്ലെങ്കിൽ അനവധി കഥാപാത്രങ്ങൾ മുഖ്യധാരയിൽ വന്ന് അവരുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്ന രീതിയുണ്ടാകണം. അതുകൊണ്ടുതന്നെ മരുഭൂമിയിലെ രംഭാഗഡ് കോട്ടയിൽ സംഭവിക്കുന്ന കാര്യങ്ങൾക്ക്, സമാനപരമായി അത്രയുംതന്നെ 'സ്നേഹാംശ'മില്ലാതെ പണ്ടും, ഇപ്പോഴും നടന്നതും, നടന്നവരുന്നതുമായ കാര്യങ്ങൾ ആനന്ദ് വർണിക്കുന്നുണ്ട്. ഗുൽശന്റെ കാമുകിയായ പെൺകുട്ടിയുടെ അനുഭവവും, 'മകളെ പാലുമായി അയയ്ക്കാം' എന്നുപറയുന്ന ഭോലയുടെ ഭാര്യയും കാര്യസാധ്യങ്ങളുടെ മരുഭൂമിയിലെ രണ്ടു വ്യത്യസ്തകഥാപാത്രങ്ങളാണ്. പക്ഷേ അവിടെയും രണ്ടിടങ്ങളെയും കുറിച്ചാലോചിക്കുമ്പോൾ അവ നിസ്സംഗതയുടെ മരുഭൂമിയായി മാറുന്നത് നമുക്ക് കാണുവാൻ കഴിയും. ഗുൽശൻ ആ പെൺകുട്ടിയെ വിവാഹം കഴിക്കും എന്നു പറയുന്നതും, തന്റെ ഭർത്താവിന്റെ രക്ഷയ്ക്കായി മകളെ ഉപയോഗിക്കാൻ ശ്രമിക്കുന്ന ഭോലയുടെ പത്നിയും തികച്ചും സഹതാപത്തിന്റെയും നിസ്സഹായതയുടെയും പ്രതീകങ്ങളായേ കാണുവാൻ സാധിക്കൂ.

ഭാരതീയേതിഹാസമായ മഹാഭാരതം നമുക്കൊന്നുപരിശോധിക്കാം. വഞ്ചനയുടെയും പ്രതികാരത്തിന്റെയും മണ്ണുമായി വളരെ ബന്ധമുള്ള ഒരു കഥ. അതിനിടയ്ക്കെന്തിന് 'വ്യാസൻ' ഭഗവത്ഗീത എഴുതിച്ചേർത്തു. മനുഷ്യന്റെ ജനനജീവിത മരണങ്ങളുടെ സത്യങ്ങൾ ചർച്ചചെയ്യപ്പെടുന്ന വളരെഗഹനമായ ഈ ഭാഗങ്ങൾ ഒരു ഉപന്യാസമായി എഴുതിയാൽപ്പോരായിരുന്നോ അദ്ദേഹത്തിന്? വെട്ടൂർ രാമൻനായർ ആനന്ദിനോടു ചോദിക്കുന്നതും ഇതാണ്? മരു

സഹതാപത്തിലുപരി മരവിപ്പ് മാത്രമാണ് ഉണ്ടാക്കുന്നത് എന്നതാണ് സത്യം. സംഭവങ്ങളുടെ മിത്രീകരിണത്തിനും യോഗിച്ചിരിക്കുന്ന ഭാഷയും, ഓരോ സംഭവത്തിലേയ്ക്കും വഴി തെളിക്കുന്നതുപോലെ, നോവലിലാകമാനം നിറഞ്ഞു നിൽക്കുന്ന നിസ്സഹായത, സഹതാപത്തിലുപരി മരവിപ്പ് അവസ്ഥ പ്രദാനം ചെയ്യാൻ സഹായിക്കുന്നു. പിന്നെയും വേറൊന്നുണ്ട്. ഈ രംഗങ്ങളെല്ലാം അദൃശ്യനായ ഒരു കാഴ്ചവാളിക്കുനേർക്കുചൂണ്ടി നിൽക്കുന്നതുപോലെ നമുക്കനുഭവപ്പെടുന്നു.

ഇനി ഭാഷയിലേക്കു വരാം. ആനന്ദ് ഉപയോഗിച്ചിരിക്കുന്ന ഭാഷ കുറച്ചൊക്കെ ദുർഗ്രഹമാണ് എന്നത് സത്യംതന്നെ. ഇംഗ്ലീഷ് വാക്കുകളും, ഇപ്പോൾ പ്രചാരത്തിലില്ലാത്ത വാക്കുകളും ആനന്ദ് ഉപയോഗിക്കുന്നുണ്ട്. പക്ഷെ അതുകൊണ്ടു മാത്രം നോവൽ മികച്ചതാവാതിരിക്കുന്നില്ല. സുഘടിതമായ ഒരു കഥാതന്തു ഇല്ലാതെ എഴുതപ്പെട്ട പല നോവലുകളും നാം മികച്ചതായി അംഗീകരിച്ചിട്ടുണ്ട്. ഒ.വി.വിജയന്റെ ധർമ്മപുരാണം, മധുരംഗായതി, എം. മുകുന്ദന്റെ ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു എന്നിവ ചില ഉദാഹരണങ്ങളാണ്. ഇതിൽത്തന്നെ ധർമ്മ പുരാണത്തിലെ പല പ്രയോഗങ്ങളും വളരെയധികം വിമർശനം വിളിച്ചു വരുത്തി. ധർമ്മ പുരാണം തുടങ്ങുന്നതുതന്നെ 'ധർമ്മപുരിയിലെ ശാന്തിഗ്രാമത്തിൽ പ്രജാപതിയ്ക്കു തൂറാൻമുട്ടി' എന്ന വാചകത്തിൽ നിന്നാണ്. പിന്നീട് പലയിടങ്ങളിലും നമ്മിൽ അറപ്പും വെറുപ്പും ജനിപ്പിക്കുന്ന പ്രയോഗങ്ങൾ കാണുവാൻ സാധിക്കും. എന്നാലും പറഞ്ഞിരിയ്ക്കുന്ന ആശയം തീർത്തും ഈ പ്രയോഗങ്ങളുമായി യോജിച്ചുപോകുന്നതിനാൽ ധർമ്മപുരാണം മികച്ചുനിൽക്കുന്ന നോവലുതന്നെയാണ്. അതുപോലെതന്നെയാണ് ആനന്ദിന്റെ മരുഭൂമികൾ ഉണ്ടാകുന്നതും എന്ന നോവലിന്റെ ഭാഷയും. അതുകൊണ്ടുമാത്രം അതു കലയല്ല. എന്നാക്ഷേപിക്കുന്നതിൽ അർത്ഥമില്ലതന്നെ.

ഇനിയും ഒരുപാടു കഥാപാത്രങ്ങളും സംഭവങ്ങളും ഈ നോവലിന് ജീവൻ നൽകുന്നുണ്ട്. വളരെ അഗാധമായ ഒരു നിരൂപണവുമല്ല ഇത്. പക്ഷേ പ്രഥമദൃഷ്ട്യാ, മണ്ണുമായി ബന്ധമില്ല എന്ന ആരോപണത്തിനെതിരെ തോന്നിയ ചില കാര്യങ്ങൾ കുറിച്ചു എന്നുമാത്രം.

അനിൽകുമാർ. എ
IInd B Com

ഭൂമികൾ ഉണ്ടാകുന്നത് ഒരുപന്യാസമായാൽപോരായിരുന്നോ? തന്റെ മനസ്സിലെ ആശയങ്ങളെ എങ്ങനെ അവതരിപ്പിക്കണം, എങ്ങനെ അവതരിപ്പിച്ചാൽ അത് അനുവാചക ഹൃദയത്തിൽ കൂടുതൽ ശക്തിയോടെ പതിപ്പിക്കാം, ഇതെല്ലാം കഥാകാരന്റെ അല്ലെങ്കിൽ സൃഷ്ടാവിന്റെ ഇച്ഛാശക്തിക്കനുസരിച്ചിരിക്കും. അല്ലാതെ ആരെങ്കിലും ലേഖനമോ, കഥയോ, നോവലോ എഴുതുന്നത് മറ്റുള്ളവരുടെ ഇച്ഛാശക്തിയ്ക്കനുസരിച്ചല്ല. സ്വാനുഭവങ്ങളെ ഭാവനയിലൂടെ വികസിപ്പിച്ച് താനവതരിപ്പിക്കുന്ന പാതയിലൂടെ മറ്റുള്ളവരെയും ചിന്തിപ്പിക്കുന്നവനാണ് സൃഷ്ടാവ്.

കുന്ദനും, റൂത്തും(കുന്ദന്റെ സ്നേഹിതയും സഹപാഠിയും) രണ്ടുപേരല്ല, മറിച്ച് റൂത്ത് കുന്ദന്റെ ഭാഗം തന്നെയാണ് എന്ന ശ്രീ. വെട്ടൂരിന്റെ അഭിപ്രായം സ്വീകാര്യംതന്നെ. കുന്ദൻ അനുഭവിയ്ക്കുന്ന ധർമ്മസങ്കടങ്ങളുടെ, കാരണമില്ലാത്ത ദുഃഖങ്ങളുടെയും **analyser** ആയിട്ടാണ് റൂത്ത് നോവലിൽ ആദ്യാവസാനം പ്രത്യക്ഷപ്പെടുന്നത്. ഒരുപക്ഷേ കുന്ദന്റെ 'അനാവശ്യ' ചിന്തകളുടെ ഒരു മറുപകുതി പാത്രവത്കരിച്ചതാവണം റൂത്തിനെ അവന്റെ 'അനാവശ്യ'ചിന്തകളെ, അവശ്യങ്ങളോ, യാഥാർത്ഥ്യബന്ധിതമോ ആക്കാനുള്ള ശ്രമഭാഗമായിരിക്കണം റൂത്തിന്റെ സൃഷ്ടി.

സഹതാപാർഹങ്ങളായ തരംഗങ്ങൾ 20%, ഹാസ്യം 10%, ശൃംഗാരം 30%, ക്രൂരത 10%, കാര്യവിവരണം 20%, പാത്രവിവരണം 10% ഇങ്ങനെയൊക്കെ ഒരു ഗണിതശാസ്ത്രപരമായ വിഭജനം നല്ല നോവലിന് ആവശ്യമാണെന്നുതോന്നുന്നു. കാരണം ആനന്ദിന്റെ നോവലിൽ സഹതാപജന്യമായ രംഗങ്ങളുടെ അളവ് കൂറെയേറെയായിപ്പോയി എന്നാണ് ശ്രീ വെട്ടൂരിന്റെ മറ്റൊരാക്ഷേപം. മൊത്തം 'പാഥോസ്' ആണത്രെ. ആരെങ്കിലും എന്തെങ്കിലും നോവലിന് ഇന്നത് ഇന്നമാതിരി എന്ന് ഒരു നിർവചനം നൽകിയിരുന്നതായി ഓർമ്മയില്ല. പണ്ട് മഹാകാവ്യത്തിന് ലക്ഷണം പമച്ചതുപോലെ നോവലിന് ഒരു ലക്ഷണം ശ്രീ. വെട്ടൂർ കൊടുത്താൽ വായനക്കാർക്ക് വളരെ സൗകര്യമാവുമായിരുന്നു. നല്ല നോവൽ അതിന്റെ ഭാഗങ്ങളുടെ ശതമാനക്കണക്കുപ്രകാരം പരസ്യപ്പെടുത്തിയാൽ അതും വളരെ ഉപകാരമായിരിക്കും.

ഇനി ആനന്ദിന്റെ 'പാഥോസി'ലേയ്ക്കു വരാം. നോവലിൽ ഇടയ്ക്കിടയ്ക്ക് കഥ പറഞ്ഞു പോകുന്ന പോക്കിൽ ചില രംഗങ്ങൾ ആനന്ദ് ചിത്രീകരിക്കുന്നുണ്ട്. പക്ഷേ പലതും

മോഹിനിയാട്ടം

ഉൽപത്തിയും വ്യതിയാനങ്ങളും

കലാവിജ്ഞയൻ

കേരളത്തിലെ അതിപുരാതനമായ ഒരു ക്ഷേത്രകല യാണ് മോഹിനിയാട്ടം. ലാസ്യസുന്ദരമായ ഈ ശാസ്ത്രീ യകലയെ 'തേവടിച്ചിയാട്ടം' എന്നാണ് പണ്ട് അറിയപ്പെട്ടിരു ന്നത്. തേവടിച്ചികൾ ആടിയിരുന്ന ആട്ടമാണ് തേവടിച്ചിയാട്ടം. തേവി+അടി+അച്ചി = തേവന്റെ അടിയുടെ ദാസി എന്നാണ് തേവടിച്ചി എന്ന പദത്തിനർത്ഥം. തേവടിച്ചിയാട്ടം എങ്ങിനെ മോഹിനിയാട്ടമായിയെന്നറിയാൻ നാമൽപം പുറകോട്ടുപോ കേണ്ടിയിരിക്കുന്നു.

എ. ഡി. ആദ്യശതകങ്ങളിൽ ദ്രാവിഡ സംസ്ക്കാരപ്ര കാരമുള്ള പൂജകളാണ് കേരളത്തിലെ ക്ഷേത്രങ്ങളിൽ നട ന്നിരുന്നത്. എ. ഡി. ആഞ്ചാംശതകത്തിൽ ഇവിടെ എത്തി ച്ചേർന്ന വേദജ്ഞാനികളും പണ്ഡിതൻമാരുമായിരുന്ന ആര്യൻമാർ ക്രമേണ ദ്രാവിഡൻമാരുടെമേൽ ആധിപത്യം സ്ഥാപിച്ചു. ജനജീവിതത്തിൽ ആര്യസംസ്ക്കാരം സ്വീകരി ക്കപ്പെട്ടു. ക്ഷേത്രങ്ങളിൽ താന്ത്രികവിധിപ്രകാരമുള്ള പൂജ സമ്പ്രദായം നടപ്പിലായി. താന്ത്രികവിധിപ്രകാരമുള്ള പൂജ ഇപ്രകാരമാണ്. ദേവനെ വളരെ ഭക്തിയോടെ ആവാഹിച്ച്, പൂജ്യാസനം നൽകി അഭിഷേകം ചെയ്ത് സുഗന്ധപുഷ്പ ങ്ങളാൽ പൂജിച്ച് വിശിഷ്ടഭോജ്യം നൽകുന്നു. പിന്നീട് പ്രസന്ന പൂജ തുടങ്ങുന്നു. വേദമിദം, ഗീതമിദം, നൃത്തമിദം, വാദ്യമിദം എന്നിങ്ങിനെ ഉച്ചരിക്കുന്നതനുസരിച്ച് വേദംചൊ ല്ലി, ഗാനമാലപിച്ച്, നൃത്തമാടി, വാദ്യംവായിച്ച് ദേവനെ സന്തുഷ്ടനാക്കിയശേഷം ഭക്തിയോടെ പൂർവസ്ഥാന ത്തേയ്ക്ക് തിരിച്ചയയ്ക്കുന്നു. ഈ പൂജാസമ്പ്രദായം നടപ്പി ലായതോടെ ക്ഷേത്രപൂജകളിൽ നർത്തകികൾക്കു വലിയ പ്രാധാന്യം ലഭിച്ചു. പല ഉന്നത കുടുംബങ്ങളിൽനിന്നു പോലും പെൺകുട്ടികളെ ദേവനു സമർപ്പിക്കാനാരംഭിച്ചു. ഈ പെൺകുട്ടികളെ ദേവവധുക്കളായി ക്ഷേത്രങ്ങളിലേക്കു സ്വീകരിച്ചു. പുറം ലോകവുമായി അവർക്കു യാതൊരുബ ന്ധവും പാടില്ലായിരുന്നു. ജനങ്ങൾ അവരെ ദേവനുതുല്യം ബഹുമാനിച്ചു.

ദേവന്റെ വധുക്കളായിരുന്നതിനാൽ അവർ നിത്യസു മംഗലികളായിരുന്നു. ദേവനുമുന്നിൽ നൃത്തംചെയ്യുമ്പോൾ അവരുടെ മനസ്സ് ഭഗവാനൊത്ത് വിഹരിച്ചിരിക്കണം. കറയറ്റ ഭക്തിയും നിസ്വാർത്ഥമായ പ്രേമവും നിറഞ്ഞ ഹൃദയത്തോ ടുകൂടിയ പരിപാവനകളായ ഈ ദേവവധുക്കളെ തേവടിച്ചി കൾ എന്നാണ് അറിയപ്പെട്ടിരുന്നത്. അവരാടുന്ന നൃത്തത്തെ തേവടിച്ചിയാട്ടമെന്നും.

എ. ഡി. പത്താംനൂറ്റാണ്ടിലാരംഭിച്ച് പതിനൊന്നാം നൂറ്റാണ്ടിലവസാനിച്ച ചേരചോളയുദ്ധം കേരളത്തിന്റെ സ്ഥിഗതികളെപാടെ തകരാറിലാക്കി. വ്യവസായപ്രമുഖങ്ങ ളായ തുറമുഖങ്ങളും നഗരങ്ങളും നശിച്ചതോടെ പുറം രാജ്യങ്ങളുമായുള്ള വാണിജ്യബന്ധം തകർന്നു. ഇത് സാമ്പ ത്തിക തകർച്ചക്കു കാരണമായി. നാടിന്റെ സാമ്പത്തിക തകർച്ച ക്ഷേത്രങ്ങളെയും ബാധിച്ചു. നൂറ്റാണ്ടുയുദ്ധംകൊണ്ട് നേട്ടമുണ്ടായത് നമ്പൂതിരിമാർക്കാണ്. അവർ ക്ഷേത്രഭരണം കയ്യടക്കി. ഇടത്തരം രാജാക്കൻമാരും പ്രഭുക്കൻമാരും സ്വതന്ത്രരായി. ചരിത്രഗവേഷണപടുവായിരുന്ന ശ്രീ ഇളം കുളം കുഞ്ഞൻപിള്ളയുടെ ഗ്രന്ഥങ്ങളിൽനിന്ന് അന്നത്തെ കേരളത്തിന്റെ സ്ഥിതിഗതികളെപ്പറ്റി നമുക്കു മനസ്സിലാ ക്കാവുന്നതാണ്.

ഭൂസുരൻമാരെന്ന സ്വയം വിശേഷിപ്പിച്ചിരുന്ന നമ്പൂതി രിമാർ ദേവവധുക്കളടക്കമുള്ള ക്ഷേത്രസ്വത്തുക്കളിൽ കൈവെയ്ക്കാനാരംഭിച്ചു. സാമന്തരാജാക്കൻമാരുടെയും പ്രഭുക്കളുടെയും പ്രീതിസമ്പാദിക്കുവാനായി, നമ്പൂതിരിമാർ അതിലാവണ്യവതികളായ തേവടിച്ചികളെ പ്രഭുകുടുംബങ്ങ ളിലേയ്ക്കാനയിച്ചു ദേവപ്രീതിക്കായി ദേവനു മുന്നിലാടിയി രുന്ന നൃത്തം മാനവപ്രീതിക്കായി ആടുവാൻ അവർ നിർബ ന്ധിതരായി. മാത്രമല്ല ഈ നൃത്തത്തിൽ പല അശ്ലീലതകളും കലർത്തുകയും ചെയ്തു. നൂറ്റാണ്ടുയുദ്ധത്തോടെ സാമ്പത്തി ക്ലേശമനുഭവിച്ചുകൊണ്ടിരുന്ന തേവടിച്ചികൾക്ക്, കൈനി റയെ പാരിതോഷികം ലഭിച്ചത്, അവരുടെ ജീവിതത്തിൽ ഒരു പുതിയ വഴിത്തിരിവായി. ക്രമേണ തേവടിച്ചികളും

തേവടിച്ചിയാട്ടവും അധഃപതിച്ചു. ജനങ്ങൾ അവരെവെറുത്തു. അവരുടെ നൃത്തത്തെയും. പെൺകുട്ടികളെ തേവടിച്ചികളാക്കാൻ ജനങ്ങൾ വിസമ്മതിച്ചു. അങ്ങിനെ പതിമൂന്നാം നൂറ്റാണ്ടോടെ തേവടിച്ചി സമ്പ്രദായം പാരമ്പര്യവഴിക്കായി.

തേവടിച്ചിയാട്ടത്തിലെ നൃത്തരൂപത്തെ രക്ഷിക്കുന്നതിനായി നട്ടുവൻമാരും, ചിലകലാസ്നേഹികളും ചേർന്ന് തേവടിച്ചിയാട്ടത്തിന് മോഹിനിയാട്ടമെന്ന ഒരു പുതിയനാമം നൽകി. അതിന് ഒരു നവജീവൻ നൽകാനുറച്ചു. ക്ഷേത്രത്തിനു പുറത്ത് പലയിടങ്ങളിലും അങ്ങിനെ നൃത്തമഭ്യസിക്കുന്ന കളരികൾ ഉയർന്നു. മോഹിനിയാട്ടമെന്നപേർ നിലനിന്നെങ്കിലും ജനങ്ങൾ ആ നൃത്തത്തെ സ്വീകരിക്കാൻ തയ്യാറായില്ല.

കാലം കടന്നുപോയി. രാജാക്കൻമാരിൽ കലാകാരനും കലാകാരൻമാരിൽ രാജാവുമായിരുന്ന ശ്രീ സ്വാതിതിരുനാൾ മഹാരാജാവ് രാജ്യഭരണം കയ്യേറ്റു. തമിഴ്നാട്ടിലെ ദാസിയാട്ടത്തെ ഭരതനാട്യമെന്നപേരിൽ പുനരുദ്ധരിപ്പിച്ച തഞ്ചാവൂർ സഹോദരൻമാരിലെ വടിവേലു എന്ന നട്ടുവനാർ ശ്രീ സ്വാതിയുടെ, രാജസഭയിൽ ഒരംഗമായിരുന്നു. ഭരതനാട്യത്തെപ്പോലെ മോഹിനിയാട്ടത്തിനും ഒരു ഉയർന്ന സ്ഥാനമുണ്ടാകണമെന്നാഗ്രഹിച്ച മഹാരാജാവ് വടിവേലുവിന്റെ സഹായത്തോടെ അതിനുള്ള ശ്രമമാരംഭിച്ചു. അങ്ങിനെ കോവിലകത്തിനുള്ളിൽ ഗുരുക്കൻമാരുടെ ശിക്ഷണത്തിൽ മോഹിനിയാട്ടം വളരുവാനാരംഭിച്ചു. എന്നാൽ മോഹിനിയാട്ടത്തിലെ അശ്ലീലതകൾ തുടച്ചുനീക്കുവാനാരും മുതിർന്നില്ല.

സ്വാതിക്കുശേഷം വീണ്ടും മോഹിനിയാട്ടത്തിനു നാഥനില്ലാതായി. വളരെകാലത്തിനുശേഷം നമ്മുടെ മഹാകവി ശ്രീവള്ളത്തോൾ അദ്ദേഹത്തിന്റെ കേരളകലാമണ്ഡലത്തിൽ മോഹിനിയാട്ടം അഭ്യസിപ്പിക്കാനാരംഭിച്ചു. ഇതിനായി, അദ്ദേഹം അന്നത്തെ മോഹിനിയാട്ട-വിദഗ്ദ്ധനായ ശ്രീ അപ്പുക്കാട്ടു കൃഷ്ണപ്പണിക്കരെയാണ് നിയോഗിച്ചത്. ശ്രീ പണിക്കരും അദ്ദേഹത്തിന്റെ ശിഷ്യൻമാരായ ശ്രീമതിമാർ മാധവിഅമ്മയും, കല്ല്യാണിഅമ്മയുമായിരുന്നു കലാമണ്ഡലത്തിലെ മോഹിനിയാട്ടത്തിന്റെ ആദ്യകാലഗുരുക്കൻമാർ. കൃഷ്ണപ്പണിക്കരാശാന്റെ അനുവാദത്തോടെ ശ്രീ വള്ളത്തോൾ മോഹിനിയാട്ടത്തിനനുയോജ്യമായ പല പരിഷ്ക്കാരങ്ങളും വരുത്തി ആദ്യമായി അദ്ദേഹം ഈ നൃത്തത്തിലെ അശ്ലീലതകൾ നീക്കി. ശ്രീ സ്വാതിയുടെ കാലത്ത് മോഹിനിയാട്ടത്തിന് കർണ്ണാടക സംഗീതമുപയോഗിക്കാൻ തുടങ്ങിയിരുന്നു. ശ്രീ വള്ളത്തോൾ കർണ്ണാടകസംഗീതത്തിനുതകുന്ന പക്കവാദ്യങ്ങൾ നടപ്പാക്കി. ഹസ്തപ്രയോഗങ്ങളുടെ വ്യാപ്തിവർദ്ധിപ്പിക്കാനായി ഹസ്തലക്ഷണദീപികയെ ആശ്രയിച്ചു. പക്കമേളക്കാരെ സ്റ്റേജിനു വലതുവശം ഇരുത്തി. നർത്തകിയുടെ നൃത്തസമയത്ത് പുറകിൽനിന്ന് താളം പിടിച്ചിരുന്ന ഗുരുവിനും വലതുഭാഗം പൂജ്യാസനം നൽകി. ഇങ്ങിനെ മോഹിനിയാട്ടത്തിന്റെ അഭ്യുന്നതിയെ ലക്ഷ്യമാക്കി അദ്ദേഹം അതിൽ പലപരിഷ്ക്കാരങ്ങളും നടത്തി.

ശ്രീ കൃഷ്ണപ്പണിക്കരുടെ ശിഷ്യയാണ് ഇന്ന് 'മോഹിനിയാട്ടത്തിന്റെ അമ്മ'യായി നൃത്തലോകം ആദരിക്കുന്ന ശ്രീമതി കലാമണ്ഡല കല്ല്യാണിക്കുട്ടിഅമ്മ. ശ്രീ കൃഷ്ണപ്പണിക്കരാശാനും മറ്റും കലാമണ്ഡലത്തിൽനിന്നും വിരമിച്ച് അധികനാൾ കഴിയും മുമ്പെ ശ്രീമതി കല്ല്യാണിക്കുട്ടിഅമ്മ കലാമണ്ഡലം വിട്ടു. കലാമണ്ഡലത്തിന്റെതന്നെ സന്തതിയായ ശ്രീ കൃഷ്ണൻനായരായിരുന്നു. കല്ല്യാണിക്കുട്ടിഅമ്മയുടെ ഭർത്താവ്, കലാമണ്ഡലംവിട്ടതു മുതൽ ശ്രീമതി കല്ല്യാണിക്കുട്ടിഅമ്മ മോഹിനിയാട്ടവും പത്മശ്രീ കൃഷ്ണൻനായർ കഥകളിയും അവരുടെ ജീവിതോപാസനയാക്കി.

കഥകളിക്ക് കലാലോകത്തിൽ ഉയർന്ന ഒരു സ്ഥാനമുണ്ടാക്കുവാൻ ശ്രീ വള്ളത്തോളിനുസാധിച്ചുവെങ്കിലും മോഹിനിയാട്ടത്തിന് നല്ല ഒരു ഭാവി ഉണ്ടാക്കിയെടുക്കും മുമ്പേ അദ്ദേഹം മരണശയ്യയിലായി. തന്റെ ആഗ്രഹം സാധിപ്പിക്കുന്നതിന് അദ്ദേഹം ഭാരമേൽപിച്ചത് വൽസലശിഷ്യയായ കല്ല്യാണിക്കുട്ടിഅമ്മയെയാണ്. ശ്രീ വള്ളത്തോളിന്റെ ഉപദേശവും, ഗുരുനാഥൻ ശ്രീ കൃഷ്ണപ്പണിക്കരുടെ അനുഗ്രഹവും, ജീവിതസഖാവായിരുന്ന ശ്രീ കൃഷ്ണൻ നായരുടെ പ്രോൽസാഹനവുംകൊണ്ട് ശ്രീമതി കല്ല്യാണിക്കുട്ടിഅമ്മയ്ക്ക് മോഹിനിയാട്ടത്തെ ഇന്നത്തെ നിലയിലെത്തിക്കാൻ കഴിഞ്ഞു. തന്റെ ഗുരുനാഥനിൽനിന്നും കിട്ടിയ അറിവു മുൻനിറുത്തി അവർ മോഹിനിയാട്ടത്തെ വികസിപ്പിച്ചെടുത്തു. മോഹിനിയാട്ടത്തിന്റെ സാഹിത്യസമ്പത്തുവർദ്ധിപ്പിച്ചു. ഭക്തിക്ക് മുൻതൂക്കം നൽകി അനവധി വർണ്ണങ്ങളും പദങ്ങളും രചിച്ച് ചിട്ടചെയ്ത് വിദ്യാർത്ഥിനികളെ അഭ്യസിപ്പിച്ചു. മോഹിനയാട്ടത്തിനനുയോജ്യമായ കൂടുതൽ ചുവടുകളുണ്ടാക്കി, അവയെ കുട്ടികൾക്കു മനസ്സിലാകുന്നവിധത്തിൽ ചൊല്ലുകൾനൽകി തരംതിരിച്ചു. നൂറ്റാണ്ടുകൾക്കുമമ്പു നഷ്ടപ്പെട്ട പല ഇനങ്ങളും വീണ്ടെടുത്തു. രണ്ടരമണിക്കൂറുവരുന്ന മോഹിനിയാട്ടക്കച്ചേരികൾ ചിട്ടചെയ്ത് കേരളത്തിനകത്തും പുറത്തും അനവധി നൃത്തപരിപാടികൾ സംഘടിച്ചു. കേരളത്തിലുടനീളം സഞ്ചരിച്ച് മോഹിനിയാട്ടത്തിന്റെ വിവിധവശങ്ങളെപ്പറ്റിയും ചരിത്രത്തെപ്പറ്റിയുമുള്ള അറിവു സമ്പാദിച്ചു. അവ ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുവാനായി ധാരാളം സെമിനാറുകളും ശിൽപശാലകളും നടത്തി. മോഹിനിയാട്ടത്തിന്റെ വിവിധവശങ്ങളെപ്പറ്റി കലാസ്നേഹികൾക്കും വിദ്യാർത്ഥികൾക്കും മനസ്സിലാക്കുവാൻ പ്രയോജനപ്പെടുംവിധത്തിൽ 'മോഹിനിയാട്ടം', എന്നപേരിലും, 'മോഹിനിയാട്ടം-ചരിത്രവും, ആട്ടപ്രകാരവും' എന്നപേരിലും രണ്ടുഗ്രന്ഥങ്ങൾ രചിച്ചു.

ശ്രീമതി കല്ല്യാണിക്കുട്ടി അമ്മയുടെ സേവനത്തെ മുൻനിറുത്തി കേരള സംഗീതനാടക അക്കാദമി, കേരളകലാമണ്ഡലം കേന്ദ്രസംഗീതനാടകഅക്കാദമി, കേന്ദ്ര എഡ്യൂക്കേ

ഷൻ ഡിപ്പാർട്ടുമെൻറ് തുടങ്ങിയ സ്ഥാപനങ്ങളും ഭാരതത്തിലെപേരുകേട്ട പല കലാകേന്ദ്രങ്ങളും വിവിധ ബഹുമതികൾനൽകി അവരെ ആദരിച്ചിട്ടുണ്ട്.

വിശ്രമരഹിതമായ അദ്ധ്യാനത്തിലൂടെയും കലാതപസ്യയിലൂടെയും തൻെറ ജീവിതത്തിൻെറ സിംഹഭാഗവും മോഹിനിയാട്ടത്തിനുവേണ്ടി സമർപ്പിച്ച എൺപതുകഴിഞ്ഞ വയോവൃദ്ധ ഇന്ന് തനിക്കുചുറ്റമുള്ള നർത്തകരിൽ നിന്നുമുയരുന്ന ആക്ഷേപശരങ്ങളുടെ ശരശയ്യയിൽ ശയിക്കയാണ്, നിരർത്ഥകമായ ആക്ഷേപങ്ങളാലുണ്ടായ മനോവേദനയോടെ; എന്നാൽ ഉറച്ചധൈര്യത്തെടെ.

എന്താണീ ആക്ഷേപങ്ങൾക്കു കാരണം? തീർച്ചയായും മോഹിനിയാട്ടമെന്ന നൃത്തരൂപത്തോടുള്ള അവരുടെ അകമഴിഞ്ഞ സ്നേഹംതന്നെ. മോഹിനിയാട്ടമെന്ന ശാസ്ത്രീയനൃത്തരൂപത്തിന്, അതിൻെറ ശാസ്ത്രീയമായ ചട്ടക്കൂട്ടിലൊതുങ്ങിനിന്നുകൊണ്ട് പരിഷ്കാരം നൽകുന്നതിന് അവർ ഒരിക്കലും എതിരല്ല. എന്നാൽ ഓരോരുത്തരും തനിക്കുതോന്നുംപടി അതിനെ മാറ്റി മറിക്കാൻ അവർ സമ്മതിക്കുന്നില്ല.

കഥകളി, മോഹിനിയാട്ടം, ഭരതനാട്യം, കുച്ചുപ്പുഡി, ഒഡീസ്സി എന്നീ വിവിധ നൃത്ത ഇനങ്ങൾക്ക് അതാതിൻെറതായ തനിമയുണ്ട്. എല്ലാ നൃത്തകലകളുടെയും അടിസ്ഥാനം ഒന്നാണെന്നതു ശരിതന്നെ. എന്നാൽ ഒരു നദിയിൽനിന്നുൽഭവിക്കുന്ന നദി ശാഖോപശാഖകളായി പിരിഞ്ഞ് വിവിധ നാടുകളിലൂടെ ഒഴുകുമ്പോൾ അതാതു നാട്ടിലെ പ്രകൃതിക്കനുസൃതമായ വ്യത്യാസങ്ങൾ അവയുടെ രൂപത്തിനും ഭാവത്തിനും നാമത്തിനും ഉണ്ടാകുന്നു. അതുപോലെതന്നെ നാട്യശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയുണ്ടാക്കിയ നൃത്തകലകൾ അതാതു നാട്ടിലെ സംസ്ക്കാരവും അനുഷ്ഠാനവും ആ കലകളിലൂടെ പുറത്തേക്കു പ്രകാശിപ്പിക്കുന്നു. ഇതിൽ ഒന്നിനോട് മറ്റൊന്നു കലർത്തിയാൽ അതിൻെറ തനിമ നഷ്ടമാവുകയല്ലെ ചെയ്യുക? മോഹിനിയാട്ടത്തിൻെറ ഒതുങ്ങിയതും ലാസ്യമുള്ളതുമായ അംഗചലനങ്ങൾ നമ്മുടെ ലളിതമായ സംസ്ക്കാരത്തെ പ്രകാശിപ്പിക്കുന്നു. കേരളീയരുടെ ശുചിത്വം മോഹിനിയാട്ടത്തിൻെറ ശുഭ്രവസ്ത്രത്തിലൂടെ വ്യക്തമാകുന്നു.

മോഹിനിയാട്ടത്തിൻെറ തലമുടിക്കെട്ടാണ് ഇന്നത്തെ വലിയൊരു വിവാദവിഷയം മോഹിനിയാട്ടത്തിന് മുടി ഒരുവശത്തായി ചെരിച്ചുകെട്ടിയാലേ കേരളീയത്വമുള്ളുവെന്നതിനോട് യോജിക്കുവാൻ ശ്രീമതി കല്ല്യാണിക്കുട്ടിഅമ്മ തയ്യാറല്ല. അതിനു പലകാരണങ്ങളുണ്ട്. ഒന്ന്-മുടിക്കെട്ടിൽമാത്രമല്ല കേരളീയത്വം. മുടിവശത്തുകെട്ടിയാൽ അതിനനുസരിച്ച് മുണ്ടുംമേൽ മുണ്ടും ധരിക്കണം. കേരളീയരുടേതല്ലാത്ത ചേല ഉപേക്ഷിക്കണം. രണ്ട്-കേരളത്തിൽ തിരുവിതാംകൂർ പ്രദേശങ്ങളിലെ കോവിലകങ്ങളിലെ തമ്പുരാട്ടിമാരുടെ ഈ മുടിക്കെട്ട്, കേരളത്തിലുടനീളം ഒരുപോലെ അവകാശപ്പെട്ട മോഹിനിയാട്ടത്തിനുപയോഗിക്കേണ്ടതല്ല.

മൂന്ന്-മോഹിനിയാട്ടത്തിൻെറ മുടിക്കെട്ടിന് ഒരു ശാസ്ത്രീയവശമുണ്ട്. 'മോഹിനിയാട്ടം-ചരിത്രവും ആട്ടപ്രകാരവും' എന്ന ഗ്രന്ഥത്തിലെ 188-ാം പേജിൽ ശ്രീമതി കല്ല്യാണിക്കുട്ടിഅമ്മ, അതിങ്ങനെ വിവരിക്കുന്നു."

"തത്ത്വദർശനാർത്ഥം യോഗപ്രാപ്തിക്കുള്ള ഉപായമാണ് ഹംയോഗം. നൃത്തോദീതവാദ്യകലകൾ മോക്ഷപ്രാപ്തിക്കുള്ള ഉപായമത്രെ. യോഗപ്രാപ്തിയാൽ യോഗികൾക്കു അവാച്യമായ ആനന്ദാനുഭൂതിയുണ്ടാകുന്നു; ദിവ്യജ്ഞാനമുണ്ടാകുന്നു. യോഗത്തിൽനിന്നുണരുന്ന ഭഗവാൻ പരമശിവനാകട്ടെ ആനന്ദനൃത്തം ചവിട്ടുന്നു. അതിനാൽ നൃത്തവും, യോഗവും ബന്ധപ്പെട്ടിരിക്കുന്നു. നൃത്തത്തിൻെറ അധിഷ്ഠാനദേവതയാണല്ലൊ പരമശിവൻ. ഹംയോഗത്തെ ഉപദേശിച്ചിരിക്കുന്നതും ആദിനാഥനായ പരമശിവൻതന്നെയാണ്.

നട്ടെല്ലിൻെറ ഉള്ളിലൂടെ മൂലാധാരത്തിൽനിന്ന് പുറപ്പെട്ട് മസ്തിഷ്കത്തിനു മദ്ധ്യഭാഗത്ത് ഒരു ഗോളാകൃതിയിൽ അവസാനിക്കുന്ന നാഡിയാണ് സുഷുമ്ന നട്ടെല്ലിന് ഇരുഭാഗങ്ങളിലായി ഇടതുവശത്ത് 'ചന്ദ്രക്കല' എന്ന വിശേഷനാമത്തിൽ അറിയപ്പെടുന്ന 'ഇഡ' എന്ന നാഡിയും, വലതുവശത്ത് 'സൂര്യക്കല' എന്ന വിശേഷനാമത്തിലറിയപ്പെടുന്ന 'പിംഗല' എന്ന നാഡിയും സ്ഥിതിചെയ്യുന്നു ഇവയും മൂലാധാരം മുതൽ ഭ്രൂമദ്ധ്യംവരെ മുട്ടിനിൽക്കുന്നു. ഇഡയിലും പിംഗലയിലും ആരോഹണാവരോഹണ ക്രമത്തിൽ വർത്തിക്കുന്ന പ്രാണാപാനൻമാരെ ഏകദാകാരൻമാരാക്കിത്തീർക്കുന്നതാണ് ഹംയോഗം. ഈ യോഗത്തിൻെറ ഫലമായി സുഷുമ്നയുടെ അടിഭാഗത്തായി, സർപ്പാകൃതിയിൽ ചുരുണ്ടുകിടക്കുന്ന, കുണ്ഡലിനി ഉണർന്ന് സഹസ്രാരപത്മത്തിലെത്തി പ്രകാശിക്കുന്നു. അങ്ങിനെ യോഗപ്രാപ്തിയുണ്ടാകുന്നു. ഭഗവാൻ ആനന്ദനൃത്തംചെയ്യുന്നു. ഭഗവാൻെറ ഈ നൃത്തത്തിനു കാരണമായ ഇഡയെയും (ചന്ദ്രക്കല) പിംഗലയെയും (സൂര്യക്കല) പ്രകീർത്തിച്ചുകൊണ്ടാണ് നർത്തകി ശിരസ്സിൻെറ അതാതുഭാഗങ്ങളിലായി ചന്ദ്രക്കലയും സൂര്യക്കലയും അണിയുന്നത്. സുഷുമ്നവഴി സഹസ്രാരപത്മത്തിലെത്തി പ്രകാശിക്കുന്ന സർപ്പാകൃതിയിലുള്ള കുണ്ഡലിനിയെ സാദൃശ്യമാക്കി മുടിപുറകിലേക്കു നാഗലംബമായി പിന്നിയിടുന്നു. ഭാരതത്തിലെ ഏതൊരു ശാസ്ത്രീയ നൃത്തകലയിലും നർത്തകിമുടി തലക്കു പിൻഭാഗത്ത് കെട്ടി അലങ്കരിക്കുന്നതിനു കാരണം ഇതായിരിക്കാം. ദേവപദദാസിനിത്യസുമംഗലിയായതിനാൽ അവൾ മംഗല്യരേഖയെ മംഗല്യച്ചൂട്ടിയാൽ അലങ്കരിക്കുന്നു. മുഖത്തിൻെറ കാന്തി വർദ്ധിപ്പിക്കാൻ നെറ്റിയലുക്ക് അണിയുന്നു".

മോഹിനിയാട്ടത്തിലെ മുടിക്കെട്ടിൻെറ പ്രാധാന്യത്തെപ്പറ്റി ശരിക്കും മനസ്സിലാക്കിയ ശ്രീമതി കല്യാണിക്കുട്ടിഅമ്മ, തൻെറ ഗുരുനാഥൻ ഉപദേശിച്ചുകൊടുത്തതനുസരിച്ച് മുടി പുറകിലേക്കു നീട്ടിപിന്നിയിടുന്നതിലുറച്ചുനിൽക്കുന്നു. അതി

ലെന്താണുതെറ്റ്? എന്നാൽ മറ്റുള്ളവർ മുടിക്കെട്ടുമാറ്റുന്നതിന് അവർ എതിരുനിൽക്കുന്നില്ല. തന്റെ വിദ്യാർത്ഥിനികളെല്ലാം തന്നെ അനുസരിക്കണമെന്നേ അവർ ആഗ്രഹിക്കുന്നുള്ളു.

ശിരസിൽ സൂര്യനേയും ചന്ദ്രനെയും അണിയുന്നതെന്തിനെന്ന് ആരും ചിന്തിച്ചിട്ടില്ല. സൂര്യക്കല വലതും ചന്ദ്രക്കല ഇടതും വശങ്ങളിൽ - ശിരസ്സിന്റെ അണിയണമെന്നുമാത്രമെ നൃത്താദ്ധ്യാപികമാർ മനസ്സിലാക്കിയിട്ടുള്ളു. തലക്കു പിൻഭാഗത്ത് പ്രഭ എന്ന ആഭരണം അണിയുന്നതെന്തിനെന്നും മുടിനീട്ടി പിന്നിയിടുന്നതെന്തിനെന്നും അറിയാൻ ആരും മുതിർന്നിട്ടില്ല. മറിച്ച് മുടി ഒരു വശത്തുചെരിച്ചു കെട്ടുവാൻ നിർബന്ധംപിടിക്കുന്നു. മറ്റുള്ളവരുടെ വാശിക്ക് ശ്രീമതി കല്ല്യാണിക്കുട്ടിഅമ്മ ഒരിക്കലും തടസ്സമല്ല. എന്നാൽ അന്റെ ശിഷ്യഗണങ്ങൾ മോഹിനിയാട്ടത്തിന്റെ ഓരോവശത്തെപ്പറ്റിയും അതിസൂക്ഷ്മമായി അറിഞ്ഞിരിക്കണമെന്ന് അവർക്കു നിർബന്ധമുണ്ട്.

ശ്രീമതി കല്ല്യാണിക്കുട്ടിഅമ്മയുടെ പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഇന്ന് യുവജനോൽസവങ്ങളിൽ മോഹിനിയാട്ടത്തിന് ഒരു സ്ഥാനം ലഭിച്ചത്. മോഹിനിയാട്ടത്തിനു കൂടുതൽ പ്രചാരം കിട്ടുവാൻ അതു സഹായകമാവുമെന്നവർ കരുതി. എന്നാൽ ഇന്നവർ അതിൽ ഖേദിക്കുന്നു. കാരണം-രംഗത്തു നൃത്തമവതരിപ്പിക്കുന്ന കലാകാരിയുടെ കലാപാടവത്തെ മാനിക്കാതെ, മുടിക്കെട്ടിനെമാത്രം ആധാരമാക്കി വിജയികളെ നിർണ്ണയിക്കുവാനുള്ള വിധികർത്താക്കളുടെ പ്രവണതതന്നെ. നൃത്തകലയെ അകമഴിഞ്ഞു സ്നേഹിക്കുന്നവർ, ആദരിക്കുന്നവർ ആ കലയോടു കാണിക്കുന്ന ക്രൂരതയല്ലെ ഇത്? !

ചില നൃത്തകലാ സ്ഥാപനങ്ങളിൽനിന്നും വിധിനിർണ്ണയത്തിനു പുറപ്പെടുന്ന വിധി കർത്താക്കൾക്ക് മോഹിനിയാട്ടമൽസരത്തിൽ വശത്തുമുടികെട്ടിയവർക്കേ മാർക്കുനൽകാവൂ എന്ന് മേലദ്ധ്യാപകൻമാർ നിർദ്ദേശം നൽകിവിടുമ്പോൾ, ശ്രീമതി കല്ല്യാണിക്കുട്ടിഅമ്മ തന്റെ കലാലയത്തിൽനിന്നുപുറപ്പെടുന്ന അദ്ധ്യാപകരോട് കലാമൂല്യത്തെ വിലയിരുത്തി സത്യസന്ധമായ വിധിനിർണ്ണയം നടത്തുവാനുപദേശിക്കുന്നു അതാണ് ശരിയായ ഒരു കലാസ്നേഹിയുടെ ലക്ഷണം.

ഏതുകലയെയും നാം വളർത്തിയെടുക്കണം, അതിനെ പരിഷ്കരിക്കണം ശരിതന്നെ. എന്നാൽ അതിന്റെ ശാസ്ത്രീയവശങ്ങളെ നാം മാനിക്കതന്നെവേണം. ഒരിക്കൽ മഹാകവി വള്ളത്തോൾ പറയുകയുണ്ടായി, "ശാസ്ത്രീയ കലകളെ നാംകൈകാര്യം ചെയ്യുമ്പോൾ വളരെയധികം ശ്രദ്ധിക്കണം. ഒരു കണ്ണാടി പൊടിതുടച്ചു മിനുക്കുമ്പോൾ കണ്ണാടിയിലെ പൊടിപോകണം. നമ്മുടെ കയ്യിലെ പൊടി അതിൽ പുരളാതിരിക്കാൻ ശ്രദ്ധിക്കണം". എന്ന്.

വ്യക്തി വൈരാഗ്യം മറന്ന് ഹൃദയംനിറഞ്ഞ ഭക്തിയോടെ, സ്നേഹത്തോടെ ഈ കലയെ നാം ഉപംസിക്കയാണെങ്കിൽ, ഇതിന്റെ ഉന്നമനത്തിനുവേണ്ടി നാം ശ്രമിക്കയാണെങ്കിൽ, തീർച്ചയായും നൃത്തകലയുടെ അത്യുന്നതങ്ങളിലെ ഒരു പീഠത്തിൽ ഈ ലാസ്യസുന്ദരിക്ക് ഉപവിഷ്ടയാകാം.

ഉപസംഹാരത്തിനുമുമ്പ് ഇന്നത്തെ തലമുറയോട് ഒരു വാക്ക്.

യുവജനോൽസവംവഴി വിവിധ നൃത്തകലകൾക്ക് ഇന്നുനല്ല പ്രചാരം ലഭിച്ചിട്ടുണ്ട്. ശരിതന്നെ. എന്നാൽ ശരിയായ കലാപ്രതിഭകളെ തെരഞ്ഞെടുത്ത് പ്രോൽസാഹിപ്പിക്കുന്ന കാര്യത്തിൽ നാം പരാജയപ്പെട്ടിരിക്കയാണ്. അതഫലംനു കാരണം ധനികരുടെ വിളയാട്ടംതന്നെ. ധാരാളം പ്രതിലം നൽകി പേരുകേട്ട ഏതെങ്കിലും അദ്ധ്യാപകരിൽനിന്നും ഒന്നുരണ്ടാഴ്ചകൊണ്ട് ഒരു നൃത്തം വശത്താക്കി, വിലകൂടിയ കണ്ണഞ്ചിപ്പിക്കുന്ന വേഷവിധാനത്തിൽ മുങ്ങി എന്തു ചിലവും ചെയ്യാൻ- തയ്യാറായി രംഗത്തു ചിലർവരുമ്പോൾ, സാമ്പത്തികശേഷി കുറഞ്ഞ, കലാപാടവം നിറഞ്ഞ, അനവധി വർഷങ്ങളായി നൃത്തമഭ്യസിക്കുന്ന, അതിമനോഹരമായി നൃത്തംവെക്കുന്ന കലാപ്രതിഭകൾ, യുവജനോൽസവമെന്ന മൽസരവേദിയിൽ പങ്കെടുക്കാനാവാതെ, ചുടുനിശ്വാസത്തോടെ, നിറഞ്ഞ കണ്ണുകളോടെ, കുനിഞ്ഞ ശിരസ്സോടെ തങ്ങളിലേക്കൊതുങ്ങുന്നു. പക്ഷവാദ്യക്കാർക്കു ഭീമമായ പ്രതിഫലം കൊടുക്കുവാനൊ വിലകൂടിയ വേഷമോ ആഭരണമോ ധരിക്കാനോ കഴിയാത്ത ആ പാവപ്പെട്ട കുട്ടികളെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

ഈ അവസ്ഥമാറ്റിയെടുക്കുവാൻ ചെറുപ്പക്കാരായ, ചുറുചുറുക്കുള്ള നിങ്ങൾക്കേ സാധിക്കൂ. സാധാരണവേഷത്തിൽ, കാസറ്റിന്റെ സഹായത്തോടെ മാത്രമെ നൃത്തമൽസരത്തിനു പങ്കെടുക്കാവൂ എന്നനിയമം നടപ്പിൽ വന്നാൽ കഴിവുള്ള ആർക്കും മൽസരത്തിനുപങ്കെടുക്കാനാകും; ശരിയായ പ്രതിഭകളെനമുക്കു പ്രോൽസാഹിപ്പിക്കാനും സാധിക്കും. ശാസ്ത്രീയഗാനത്തിനൊ ലളിതഗാനത്തിനോ പക്കവാദ്യങ്ങളുടെ സഹായമില്ലാതെയല്ലെ മൽസരം നടത്തുന്നത്. നൃത്തത്തിനും ഇതൊന്നുപരീക്ഷിക്കരുതെ. ശരിയായതു ചെയ്യാൻ തങ്ങൾക്കു സാധിച്ചുവെന്ന് നിങ്ങൾക്ക് അഭിമാനിക്കാമല്ലൊ.

കലാസ്നേഹികളായ, പരിശ്രമശാലികളായ ഇന്നത്തെ തലമുറക്ക് സർവഭാവുകങ്ങളുമുണ്ടാകാൻ ദൈവം അനുഗ്രഹിക്കട്ടെ !

BEYOND THE HORIZONS

Ranjith Varkey Joseph
I B.Sc. Zoology

Man's search for reality is as old as the human race itself. The ancient men perceived that many things happen in the world with unbroken regularity, among the courses of the sun and moon, the movements of the tides, the change in seasons and the cycle of birth, growth, decay and death. In today's nuclear age, of computers and rockets and all modern day developments man still remains entangled with a set of mysterious, often confused upon, still unanswered questions.

Is there a purpose in human life or is all "vanity of vanities" as the Preacher puts it? Is man free to shape his destiny, or is all that exists governed by necessity? Are the actions and aspirations of men by-products of physical, chemical and electrical changes in the brain? Or has man an immortal soul?

Again, what are the limits of human knowledge? Do the senses give us a picture of reality or only of appearances? Of what can we be certain? Can we prove the existence of god? Are truth, goodness and beauty "absolute values", as some regard them, or are they always relative to our own faculties and needs? Bertrand Russel in his History of Western Philosophy, pointed out that such problems fall somewhere in a no-man's land between theology and science. Close to theology, as they deal with the same speculative matters as those pertaining to religion. Close to science, as methods of science are used to answer them.

A philosopher, who is a spectator of all time and existence as Plato puts it, comes into the picture in this situation. He tries to see everything in perspective. The Persian poet Omar Khayyam writes "the attempt to grasp this sorry scheme of things entire", and this is what the philosopher tries to do though he may not, of course, find the scheme of things so "sorry" as did the disillusioned poet.

Even those most engrossed in the practical concerns of ordinary life must sometimes pause for a moment and ask themselves whether all the effort and striving and all the feverish activity, are really worthwhile. What does it all add up to, in the end? What is the purpose of it all? Book of Ecclesiastes in the Bible sheds some insight into this. Solomon, author of this book, was a supremely wise, wealthy king who had experienced all life can offer to mortals. Yet his first summing up of the situation is gloomy. "Vanity of vanities : all is vanity- Everything in the world seems to be governed by strict, necessary laws of nature. There is nothing new under the sun, but only an endless cycle of birth, growth and decay. Besides, what can a man really do? What difference can it make to the whole scheme of things? Men have hopes and fears and aspirations and dreams, but the world goes on ruthlessly, reckoning nothing of men's puny efforts or ambitions". Thus the writer is apparently resigned and pessimistic about it all. To those living in the present nuclear age this feeling of frustration, as it were, comes with special meaning.

What are the pursuits that fit man's lives? The pursuit of pleasure? But this can never yield genuine satisfaction for it is not in man's power to command or ensure it. The love of woman? The lure ensnare and its fruits disillusionment. "One man among a thousand have I found but a woman among all these have I not found." and Solomon presumably wrote this from first-hand experience of a unique sort. The pursuit of knowledge? Again Solomon had special qualifications for judging, yet he writes: "He that increaseth knowledge increaseth sorrow."

In short, nothing seems really important. In the end, for the same fate overtakes all, wise or foolish, beggars or kings. The same destiny awaits man and beast. They are of dust and they return to dust. "There is no work, nor device, nor knowledge, nor wisdom, in the grave whither though goest."

This gloomy thought has often been echoed in philosophy and poetry. There is one well-known instance, from James Shirley, in 17th century:

"The glories of our blood and state
are shadows, not substantial things;
There is no armour against Fate;
Death lays his icy hand on kings;
Sceptre and crown
Must tumble down,
And in the dust be equal made
With the poor crooked scythe and spade."

But to continue with the philosophy of Solomon. Inspite of these repeated and gloomy reflections, he too, concludes there is a basis for going on living with some degree of conviction. It is perhaps just the philosophy of practical common sense. One should accept cheerfully the conditions of human existence, not jib at them and take what comes, doing the work that lies near enjoying such pleasures as come one's way and making the best of circumstances and opportunity. Again, there is an appeal to faith. "The end of the matter all having been heard: fear god and keep his commandments, for this is the whole man."

In this modern world, scientists especially in Physics, have been forced to go back on their tracks, as if were, to make sure if they are on the right road. Take the case of the discovery of atoms, followed by discovery of nucleus and electrons and other sub-atomic particles. Much that science has taken to be established, or even self evident, has to be re-examined. Now life is produced in the laboratory. Even production of offspring from the dead i.e. by developing eggs from aborted fetuses, is going to be done. But the secret of living substance still defies test tubes. Thought again can't be explained in terms of chemistry or electricity. The transition from nerve impulse to mental process is still a mystery.

"Eat, drink and be merry for tomorrow we may die" doesn't always prove a point. Marcus Aurelius, Roman Emperor writes in one place: "Scan the things of life and know that they are ephemeral and worthless; yesterday an embryo, tomorrow a mummy or a little dust." Fame, too is an illusion, a mere name, a hollow reverberation throughout time. To have pondered over, and absorbed, the probings and questioning of some of the wisest men of the past is of no little gain. For in every generation the same problems beset the human spirit.

The study of philosophy alone can't solve all men's doubts, or answer all their questions. But to pose these questions is the inescapable birthright of Homo Sapiens, the thinking animal, and to shirk the effort is to be unworthy of one's nature and destiny.

മിഥ്യ

സിജോ എസ്. ജോൺ
II DC Economics

ആമുഖം

ജീവിതത്തിലെ സങ്കൽപങ്ങൾ, യാഥാർത്ഥ്യങ്ങൾ, പ്രതിഫലനങ്ങൾ- എന്റെ മനസ്സിലുതിർന്ന വികാരങ്ങൾ - മനസ്സിന്റെ ഇഷ്ടാനുസരണം കുറിച്ചു കവിതകൾ മേൻമയുള്ളതോ ഇല്ലാത്തതോ എന്നനിയ്ക്കറിയില്ല - കുറ്റബോധങ്ങൾ വേട്ടയാടുന്നൊരു മനസ്സിന്റെ അവ്യക്തമായൊരു സ്പർശനം എതൊരു വ്യക്തിയിലും ഉളവാകുന്ന വികാരങ്ങൾ കവിതയായ് മെടയുമ്പോൾ ഉള്ള അനുഭൂതി-വികാരങ്ങളുടെ വേലിയേറ്റങ്ങൾ, വിഷയം തത്ത്വമാവാം, പ്രണയമാവാം, പക്ഷേ തികച്ചും അത്മാർത്ഥമായൊരു സമർപ്പണം.

സൗഭാഗ്യമോ ! ! !
ചിരിച്ചനന്തതയിലൊതുങ്ങുന്ന മനുഷ്യാ
നിനക്കു ചിന്തിതമീലോകസൗഭാഗ്യങ്ങൾ!
ഉദയാസ്തമയങ്ങളാൽ പരിചിതനായ സൂര്യദേവാ
നിനക്കീ അമനുഷ്യനാം മനുഷ്യൻതൻ വന്ദനം
വന്ദനം വന്ദനം ത്രിലോകവാസിയേ
വന്ദനം സർവ്വലോകസൗന്ദര്യാധിയേ
വന്ദനം നിനക്കപര്യാപ്തം .
സ്പന്ദിതം നിന്നാലീലോകം.
നിലാവിൻ ഉടമസ്ഥാവകാശിയേ
ചന്ദ്രനെന്നതോ നിന്നുടെ നാമം
നിനക്കീപേർ വന്നതെവിടിനിന്ന്?
നീ ആര്? നീ എവിടെനിന്ന്
നിന്നാലെനിക്കു പ്രേമം!
നിന്നാലെനിക്കു വ്യസനം!

പ്രണയമോ! ! !
നിലാവൊളിപോലുള്ള പച്ചപെൺകിടാവെ
പൂത്ത മരച്ചില്ലകൾ നിന്നെ മാടിവിളിക്കുന്നുവോ!
കൊളുത്തിയ ദീപം പോലെനിൻ മുഖമെൻ മനസ്സിൽ



മുഖശ്രീ മൂഢ്യമല്ലെന്നതിൻ നിൻ മുഖം തെളിവോ!
അതിമധുരമാമൊരു പായസക്കടലായ് നീ ഴുകിയെങ്കിൽ!
ചതുരംഗക്കളത്തിൽ തന്റെ പടയിൽ നിയുണ്ടോ!
നേർത്ത ചാറ്റൽമഴ നിൻമേനിയെ പുൽകിയോ!
കൊച്ചരുവികൾ നിനക്ക് പാദസരങ്ങളോ!
സമുദ്രം നിന്നെ മാടിവിളിയ്ക്കുന്നുവോ!
സൂര്യദേവൻ നിന്നിൽ വശംവദനായോ!
എനിക്കു നിന്നോട് പ്രണയമോ പ്രിയേ
ഒരു ശ്രോത്രനാം കാമുകൻ തൻ വികാരമോ ഇത്

വിരഹമോ! ! !
നിൽപ്പുഞാനാ പുഴയോരത്തിൽ നിന്നെയും കാത്ത്
തേടി വന്നെത്തി ഓറ്റുവഞ്ചിയെന്നെ നോക്കി
ഞാൻ കണ്ട മേച്ചിൻപുറങ്ങളിന്നിവിടില്ലയോ?

ഞാൻ നട്ട മാവിൽവിത്ത് തളിർത്തില്ലയോ?
എനിക്കീ ലോകം സമ്മാനിച്ചതെന്താല്ലാം!
എനിക്കീ ജീവിതം നൽകാനുമെന്തെല്ലാം.!

നിരാശയോ! ! !
പൊഴിഞ്ഞുപോയ കാലങ്ങളേ
തിരിച്ചുവരുമോ വിണ്ണിളിവഴിയേ
നുകർന്ന് കൊതിതീർന്നില്ലെനിയ്ക്ക്
മതിച്ചാടി നടന്നില്ല ഞാൻ

കുറ്റബോധമോ! ! !
കാലം ചിരിയ്ക്കുന്നെന്നെ നോക്കി
കോലം കെട്ടിനിൽക്കുന്നു ഞാനെങ്ങോ നോക്കി
കുയിൽ പാടുന്നെന്നെ നോക്കി
ഞാൻ പാടുന്നെന്നോ ഓർത്ത്
മയിൽ ആടുന്നെന്നോ നോക്കി
ഞാനാടുന്നെങ്ങോ നോക്കി
സിംഹം ഗർജ്ജിക്കുന്നെന്നെനോക്കി
ഞാൻ സ്വരമുയർത്തുന്നതാർക്കുവേണ്ടി
സൂര്യനുദിക്കുന്നെന്നെ നോക്കി
ഞാനുദിച്ചുതാർക്കുവേണ്ടി
ഈശ്വരൻ കരയുന്നെന്നെ നോക്കി
ഞാൻ ചിരിയ്ക്കുന്നീശ്വരനെനോക്കി
ഈശ്വരൻ ചിരിയ്ക്കുന്നെന്നെ നോക്കി
ഞാൻ കരയുന്നീശ്വരനെ നോക്കി.

ആശകളോ! ! !
പടവെട്ടും കാലങ്ങളിൽ എനിയ്ക്കുമുണ്ടായിരുന്നാശ
പടവെട്ടിയൊരു പടത്തലവനാകാൻ
കൊന്നൊടുക്കും കാലങ്ങളിൽ എനിക്കുമുണ്ടായിരുന്നാശ
കൊന്നൊടുകി ഒരൊറ്റയാനാകാൻ
ചിതകെട്ടും കാലങ്ങളിൽ എനിയ്ക്കുമുണ്ടായിരുന്നാശ
ചിതയൊന്നതിൽ എന്നെയുമൊടുക്കാൻ

പ്രാർത്ഥനോ! ! !
കൊലക്കയറുകൾ ആനന്തനൃത്തമാടും
തിരിശുഭൂമിയിൽ നിൽപ്പൂ ഞാനേകനായി
ഉടുക്കുതാളം മുഴങ്ങുമമ്പലമുറ്റങ്ങൾ
മാടിവിളിയ്ക്കുന്നെന്നെ ഓമലേ
ശാസ്ത്രം വിളങ്ങുമീ പുതിയ യുഗത്തിൽനിന്നും
കൊണ്ടുപോകാമോ ഈശ്വരാ നീയെന്നെ
പഴമകളിലേയ്ക്ക്

പ്രത്യാശയോ! ! !
കുറയതാനധികമൊന്നുമില്ലെനിയ്ക്കിപ്പോൾ
പക്ഷെ കൂറിയ്ക്കാനേറെയുണ്ടാം മെനിക്കുനാളെ.

ഡങ്കൽ ഡ്രാഫ്റ്റ് - നിഷാദന്റെ നീതിശാസ്ത്രം

സന്തോഷ് എം.ആർ
ഒന്നാംവർഷ സമൂഹ ശാസ്ത്രം

ആധുനിക സാമ്പത്തിക-സാമൂഹിക ശാസ്ത്രജ്ഞൻമാരിൽ വികാരവും വിവേകവും മറ്റും കുത്തിനിറച്ചുകൊണ്ട് ഒരായിരം വിവാദങ്ങൾ ആഗോളതലത്തിൽ ഉയർത്തിയ ഡങ്കൽ ഡ്രാഫ്റ്റ് ടെക്സ്റ്റ് ഡി.ഡി.ടി. എന്ന ഓമനപ്പേരിൽ 'ഭാരതീയർ' വിളിക്കുന്നു. പ്രത്യക്ഷതലത്തിൽ സാമ്പത്തികാംശങ്ങൾ അടങ്ങിയതെന്ന് തോന്നിയിരുന്ന ഈ ഉടമ്പടി സാമൂഹ്യവും, സാംസ്കാരികവും മാത്രമല്ല, അധികാരവും അടിമത്തവും, ആത്മാഭിമാനവും, ദേശസ്നേഹവും വരെയായി ബന്ധപ്പെട്ട ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തിയെറിഞ്ഞു. ധനികരാഷ്ട്രങ്ങൾ ദരിദ്രരാഷ്ട്രങ്ങൾക്കു നേരെ വീണ്ടും ഒരു സാമ്പത്തികകോളനിവാഴ്ചയ്ക്ക് വഴിമരുന്നിടുന്നതും, വികസ്വരരാഷ്ട്രങ്ങളുടെ സാമ്പത്തിക-ശാസ്ത്രീയ പരിശ്രമങ്ങൾക്ക് തുരങ്കം വയ്ക്കുന്നതുമായ ഒരു ഉടമ്പടിയാണ്, ഗാട്ട് രാജ്യങ്ങൾ ഉറുഗ്വേയ് റൗണ്ടിൽ ഡങ്കൽ ഡ്രാഫ്റ്റ് എന്ന പേരിൽ ഈ കഴിഞ്ഞ ഏപ്രിൽ മാസം 15-ാം തീയതിയിൽ മൊറോക്കോയിലെ മാരക്കേശിൽ ഒപ്പുവെച്ചത്.

ഗാട്ടും ഡങ്കൽ നിർദ്ദേശങ്ങളും

താരിഫുകളും വാണിജ്യവും സംബന്ധിച്ച പൊതു ഉടമ്പടി (General Agreement on Trade and Tariff) - GATTഎന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു. 1980-ൽ ആണ് ആർതർ കെ. ഡങ്കൽ ഗാട്ടിന്റെ ഡയറക്ടർ ജനറൽ ആയി സ്ഥാനം ഏൽക്കുന്നത്. ലോകസാമ്പത്തിക വളർച്ച സുസാധ്യമാക്കുവാൻ വേണ്ടി ആഗോള വാണിജ്യനിയമങ്ങൾ തിരുത്തി എഴുതുവാനുള്ള ലോക രാഷ്ട്രങ്ങളുടെ ശ്രമമാണ് ഗാട്ട്. ആദ്യ ഗാട്ട് ഉടമ്പടി 1947ൽ (ഹവാന) ആയിരുന്നു.

സ്വതന്ത്രവ്യാപാരം, ന്യായമായ മൽസരം ഇവ ഉറപ്പാക്കാൻ എന്ന വ്യാജേന പുതിയ രൂപത്തിൽ കോളനിവാഴ്ചയ്ക്കും ആഗോള ചൂഷണത്തിനും വേണ്ടി ഡങ്കൽ മെനഞ്ഞെടുത്ത ഏടുകളാണ് ഡങ്കൽ ഡ്രാഫ്റ്റ്. നാനൂറ്റി മുപ്പത്തിയാറ് പേജുള്ള ഈ റിപ്പോർട്ട് വികസ്വരരാജ്യങ്ങളുടെ വാണിജ്യം, നിക്ഷേപം, ബൗദ്ധിക സ്വത്തവകാശം, ഗവേഷണം എന്തിനേറെ ആന്തരിക നിയമഘടന തുടങ്ങിയ സകലതിനേയും സമ്പന്നരാജ്യങ്ങളുടെ താളത്തിന് അനുസരിച്ച് മാറ്റുന്ന തരത്തിലുള്ളതാണ്. ഈ രേഖ ഇറങ്ങിയ ഉടനെ എതിർത്ത മന്ത്രി പ്രണാബ് മുഖർജിയും, മന്ത്രി ചിദംബരവും എന്തുകൊണ്ടോ ഇപ്പോൾ സ്വരം മാറ്റിയിരിക്കുന്നു.

ഡങ്കലിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെട്ടാൽ ഇന്ത്യയടക്കമുള്ള വികസ്വര രാജ്യങ്ങളുടെ സാമ്പത്തിക പരമാധികാരവും, സ്വാശ്രയത്തിലൂടെയുള്ള വളർച്ചാശ്രമവും അപകടത്തിലാവും എന്ന് സാമ്പത്തിക ശാസ്ത്രജ്ഞൻമാർ മുന്നറിയിപ്പുനൽകിയിരുന്നിട്ടും, ജനങ്ങൾ ഒന്നടങ്കം എതിർത്തിട്ടും നമ്മുടെ ഭരണാധികാരികൾ ആ വിധേയത്വത്തിന്റെ വിധിപത്രത്തിൽ ഒപ്പുവെച്ചതിൽ അതിശയിക്കാനില്ല. അവർ നമ്മൾ തിരഞ്ഞെടുത്ത നേതാക്കൾ അല്ലേ! അവർ ഉറപ്പുതരുന്നു ഡങ്കലിന്റെ സ്വപ്ന സാമ്രാജ്യം നിലവിൽ

വരുകയാണെങ്കിൽ ഭാരതത്തിലെ 24 കോടി ജനങ്ങൾക്ക് സുഖ സമൃദ്ധമായി ജീവിക്കാൻ സാധിക്കുമെന്ന് അപ്പോൾ ബാക്കി 60 കോടി?

വിലപറയുന്ന തല

ആഗോള സാമ്പത്തിക-സാംസ്കാരിക പ്രശ്നങ്ങളുടെ വിശാലമായ രേഖകളിൽ, വിലയിരുത്തേണ്ട വിഷയമാണ് ബൗദ്ധിക സ്വത്തവകാശത്തിന്റെ ന്യായാന്യായങ്ങൾ പ്രതിപാദിക്കുന്ന ഡങ്കൽ ഡ്രാഫ്റ്റ്. ചെറിയ രാജ്യങ്ങളുടെ ഗവേഷണവും, ബുദ്ധിയും, പരിപൂർണ്ണമായും അമേരിക്കയെപ്പോലുള്ള വൻരാജ്യങ്ങൾക്കും വിധേയമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. വാണിജ്യവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശത്തിൽ കാര്യമായ മാറ്റങ്ങൾ അടങ്ങുന്ന നിർദ്ദേശങ്ങൾ ഈ രേഖയിൽ കാണാം. ബഹുരാഷ്ട്ര കുത്തകകളുടെ ആധിപത്യത്തിനുതകുന്ന തരത്തിലാണീ നിർദ്ദേശങ്ങൾ. 1970-ലെ ഇൻഡ്യൻ പേറ്റൻറ് നിയമത്തിന്റെ ഗുണം കാരണം വ്യത്യസ്ത പ്രക്രിയകൾ ഉപയോഗിച്ച് ഉൽപാദനം നടത്തി ഫാർമസ്യൂട്ടിക്കൽ രംഗത്ത് നാം വൻപുരോഗതി കൈവരിച്ചിരിക്കുകയായിരുന്നു. അത്യാവശ്യജീവൻരക്ഷാ മരുന്നുകളുടെ വില കുറയ്ക്കാനും, ഒരു പരിധിവരെ വൻബഹുരാഷ്ട്രകുത്തകകളെ കൂച്ചുവിലങ്ങിടാനും നമുക്കു സാധിച്ചു. ഡങ്കൽ ഡ്രാഫ്റ്റ് നിയമത്തിലെ ബൗദ്ധിക സ്വത്തവകാശത്തിലൂടെ (Trade Related Intellectual Property Rights - TRIPS) ഡങ്കൽ മായ്ചുകളയുന്നത് ഈ നേട്ടങ്ങളാണ്.

1970-ലെ ഇൻഡ്യൻ പേറ്റൻറ് നിയമം അനുസരിച്ച് ഇൻഡ്യയിൽ ഉൽപാദനരീതികൾക്കും, ഉൽപാദനത്തിനും പ്രത്യേക പേറ്റൻറ് ഉണ്ട് (Process and Product Patents) അമേരിക്കയിൽ രണ്ടിനും കൂടി ഒന്നിച്ചുള്ള പേറ്റൻറാണുള്ളത്. രാസവസ്തുക്കൾ, ഔഷധങ്ങൾ, ഭക്ഷണ പദാർത്ഥങ്ങൾ എന്നിവയുടെ ഉൽപാദന രീതിയ്ക്കു മാത്രമേ ഇൻഡ്യയിൽ പേറ്റൻറ് അവകാശം നൽകിയിരുന്നുള്ളു. ഇവയ്ക്ക് പ്രോഡക്ട് പേറ്റൻറ് ഇല്ല. പേറ്റൻറ് അവകാശി അവകാശം നേടിയശേഷം കുത്തകപരമായ ഒരു ഉദ്ദേശത്തോടു കൂടി നിയമത്തിന്റെ സംരക്ഷണയിൽ ഉൽപാദനം നടത്താതിരുന്നാൽ മറ്റാർക്കെങ്കിലും ആ വസ്തുവിന്റെ ഉൽപാദനത്തിനു വേണ്ട ലൈസൻസ് നൽകുവാനുള്ള അവകാശം ഗവൺമെൻറിന് ഇൻഡ്യൻ ഭരണഘടന നൽകുന്നു. ഭക്ഷ്യവസ്തുക്കൾ, മരുന്നുകൾ, രാസപദാർത്ഥങ്ങൾ എന്നിവയുടെ പേറ്റൻറ് അവകാശം മുന്നു വർഷത്തിനകം ഉപയോഗിച്ചില്ലെങ്കിൽ ബദൽവ്യക്തികൾക്ക് ലൈസൻസ് നൽകാൻ ഇൻഡ്യൻ പേറ്റൻറ് നിയമം അനുശാസിക്കുന്നു.

ഭാരതത്തിൽ ഭക്ഷ്യവസ്തുക്കൾ, മരുന്നുകൾ, എന്നിവയുടെ പേറ്റൻറ് അവകാശം അഞ്ചുവർഷം മുതൽ ഏഴുവർഷം വരെയും മറ്റുള്ളവയുടേത് പതിനാലു വർഷവുമാണ്.

എന്നാൽ അമേരിക്കയിൽ ഈ അവകാശം 25 വർഷത്തേക്കാണ്. അരച്ചാൺ വയറു നിറയ്ക്കാൻ ബുദ്ധിമുട്ടുന്ന ബഹുഭൂരിപക്ഷം വരുന്ന ഭാരതീയർക്ക്, ഭക്ഷണം വാങ്ങാൻ പണമില്ല എന്നതുകൊണ്ടാമാണ് ഇവിടെ കാർഷിക രീതികളെ പേറ്റൻറ് നിയമത്തിന്റെ വരുതിയിൽ പെടുത്താതിരുന്നത്. ഭൂരിപക്ഷം ജനങ്ങളും ദരിദ്രർ ആയതിനാൽ മരുന്നിനേയും ഒഴിവാക്കിയിരിക്കുകയാണ്. നിയമാവകാശം നേടിയ സാങ്കേതിക വിദ്യ ഉൽപാദന പ്രക്രിയയ്ക്ക് വേണ്ടി ഉപയോഗിക്കാതെ കുത്തക താൽപര്യത്തിനുവേണ്ടി ദുരുപയോഗപ്പെടുത്തുന്ന പ്രവണത തടയേണ്ടതിനായി താൻ അവകാശം നേടിയിരിക്കുന്ന വസ്തു ഇന്ത്യയിൽ ഉൽപാദിപ്പിക്കാതെ പുറത്തു നിന്നും ഇറക്കുമതി ചെയ്യുവാൻ പാടില്ലെന്നും ഇൻഡ്യൻ പേറ്റൻറു നിയമം അനുശാസിക്കുന്നു.

പേറ്റൻറ് അവകാശത്തെ ജൈവ-സാങ്കേതിക രംഗത്തേക്ക് കൂടി വ്യാപിപ്പിക്കുവാനാണ് ഡങ്കലിന്റെ പരക്കം പാച്ചിൽ. കോൺക്രീറ്റു 'കാരാഗൃ'ഹങ്ങളിൽ കിടന്നുകൊണ്ട് ജൈവ-സസ്യസമ്പത്തുകൾകൊണ്ട് സമ്പന്നമായ ഭാരതത്തിലെ 'ജൈവവൈവിധ്യം' അമേരിക്കക്കാരന്റെ പോക്കറ്റിലെ പണമാക്കി മാറ്റാൻ ഡങ്കലിന്റെ വാദങ്ങൾ സഹായിക്കുന്നു. ഇതിന്റെ ഫലമായി കാർഷിക മേഖലയിൽ പലയിനം സസ്യങ്ങളും, ജന്തുക്കളും പേറ്റൻറു നിയമത്തിനു വിധേയമാവുകയും പലയിനം വിത്തുകൾക്കും വിള

കൾക്കും അമേരിക്കൻ പേറ്റൻറ് അവകാശികൾക്ക് റോയൽറ്റി കൊടുക്കേണ്ടിവരും. ഈ സാഹചര്യം ഭാരതത്തിൻെറ സ്വയം പര്യാപ്തത തകർക്കുകയും ഭക്ഷണത്തിനുവേണ്ടി അമേരിക്കയെ ആശ്രയിച്ചിരുന്ന എഴുപതുകൾക്ക് മുമ്പുള്ള സ്ഥിതി വിശേഷങ്ങളിലേക്ക് തിരിച്ചുപോകേണ്ടിവരികയും ചെയ്യും..

സാങ്കേതിക വിദ്യകൾ വികസിപ്പിക്കുവാൻ വേണ്ട നാമമാത്രമായ ഗവേഷണ സൗകര്യങ്ങൾ മാത്രമുള്ള മൂന്നാം ലോകരാഷ്ട്രങ്ങളിൽ സ്വതന്ത്രമായ സാങ്കേതിക വിദ്യയെ പ്രോൽസാഹിപ്പിക്കുന്ന രീതിയിൽ ഉള്ള പേറ്റൻറു നിയമങ്ങളാണ് ഇന്ന് ലോകരാഷ്ട്രങ്ങൾക്കാവശ്യം.

ഡങ്കൽ ഡ്രാഫ്റ്റും, സബ്സിഡിയും

ഭാരതത്തെപ്പോലുള്ള വികസ്വരരാജ്യങ്ങളിലെ പൗരൻമാർ ഉപജീവനത്തിനായി കൃഷിയെ ആശ്രയിക്കുന്നവരാണ്. ഡങ്കൽ നിർദ്ദേശം അനുസരിച്ച് കാർഷിക മേഖലയ്ക്കുള്ള സബ്സിഡികൾ നിർത്തലാക്കുക, കാർഷിക ഉൽപന്നങ്ങളുടെ കയറ്റുമതി-ഇറക്കുമതി വിലയും സ്വതന്ത്രമാക്കുകയെന്നതാണ് അടുത്ത നിർദ്ദേശം. കൃഷിക്ക് സബ്സിഡിയോ, ഉൽപന്നങ്ങൾക്ക് താങ്ങുവിലയോ നൽകുവാൻ പാടില്ല എന്നത് ഭാരതത്തിലെ റേഷൻ സമ്പ്രദായം നിർത്തലാക്കും. ഇത് പാവപ്പെട്ടവൻെറ വയറ്റത്തടിക്കുന്ന ഒരു നിർദ്ദേശമാണ്.

എല്ലാ രംഗത്തും കടന്നുകയറ്റം - സ്വദേശിയും - വിദേശിയും ഒന്നുതന്നെ

വിവരം, അറിവ്, എന്നിവ ശേഖരിച്ചു വിതരണം ചെയ്യുന്ന സാങ്കേതിക വിദ്യ, ജൈവ സാങ്കേതിക വിദ്യ, മരുന്നുകളുടേയും, രാസപദാർത്ഥങ്ങളുടെയും വികസനം മൂതലായ മേഖലകളിൽ അമേരിക്ക മുമ്പിലാണെങ്കിലും അതിൻെറ നേട്ടങ്ങൾ സ്വന്തമാക്കത്തക്ക രീതിയിലുള്ള പേറ്റൻറ്നിയമങ്ങൾ നിലവിലില്ല. ഈ സാഹചര്യമാണ് സേവനപാരമ്പര്യം, പേറ്റൻറ് എന്നിവയെ സംബന്ധിച്ച് ഏകീകൃത നിയമവ്യവസ്ഥ ഉണ്ടാക്കുവാൻ അമേരിക്കയെ പ്രേരിപ്പിക്കുന്നത്. ഡങ്കൽ നിർദ്ദേശങ്ങൾ അനുസരിച്ച് വിദേശ നിക്ഷേപത്തെ നിയന്ത്രിക്കുവാൻ ട്രിംസ് (Trade Related Investment Matters), സേവന പാരമ്പര്യത്തെ നിയന്ത്രിക്കുന്ന ഗാട്ട്സ് (General Agreement on Trade in Services) എന്നിങ്ങനെ നിലവിലിരിക്കുന്ന വ്യത്യസ്ത സംവിധാനങ്ങളെ ഏകോപിപ്പിച്ച് M.T.O (Multylateral Trade Organisation) എന്ന പേരിൽ ഗാട്ടിൻെറ പിൻഗാമിയായി രൂപീകരിച്ചു. അതോടുകൂടി ഗാട്ട് എന്ന സംഘടന നാമാവശേഷമായി.

കൃഷി, പൂന്തോട്ടം, എന്നിവയുടെ പ്രവർത്തനരീതികൾ, മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ എന്നിവയ്ക്കു ചികിൽസാരീതികൾ, ഭക്ഷണം, ഔഷധം എന്നിവയ്ക്കുള്ള വസ്തുക്കൾ, രാസപ്രക്രിയയിലൂടെ നിർമ്മിക്കുന്ന പദാർത്ഥങ്ങൾ എന്നിവയെ ഇൻഡ്യൻ പേറ്റൻറ് നിയമം ഒഴിവാക്കിയിരിക്കുകയാണ്. ഇതിൽനിന്ന് വ്യത്യസ്തമായ അമേരിക്കൻ നിയമം 'മനുഷ്യൻ' ഒഴികെയുള്ള എല്ലാറ്റിനെയും ഉൾക്കൊള്ളുന്നു. 'മനുഷ്യ'നെ ഒഴിവാക്കിയത് ദരിദ്രരാജ്യങ്ങളുടെ ഭാഗ്യം!!

വിദേശ നിക്ഷേപത്തെ നിയന്ത്രിക്കുന എല്ലാത്തരം നിബന്ധനകളും എടുത്തു കളയുന്ന വകുപ്പുകളാണ് ഡങ്കൽ നിർദ്ദേശത്തിൻെറ മറ്റൊരു ഭാഗം. തങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസന സംരഭങ്ങൾക്ക് തടസ്സം ഉണ്ടാകാതിരിക്കാൻ വേണ്ടി മൂന്നാം ലോക രാഷ്ട്രങ്ങൾ വിദേശ മൂലധന സംരംഭങ്ങളുടെ മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ സമീപനത്തിന് പൂർണ്ണവിരാമം ഇടുവാനാണ് ഡങ്കൽ ആവശ്യപ്പെടുന്നത്. വിദേശീയ നിക്ഷേപകരെ എല്ലാ കാര്യത്തിലും ദേശീയ നിക്ഷേപകർക്കു തുല്യമായി പരിഗണിക്കണമെന്നും, അവരുടെ ഷെയർ പങ്കാളിത്തത്തിനും, പ്രവർത്തനമേഖലകൾക്കും യാതൊരു പരിധിയും പാടില്ല എന്നതുമാണ് പുതിയ നിർദ്ദേശങ്ങൾ. ഇതിപ്പോൾ നാം നിരുപാധികം അംഗീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. വിദേശ നിക്ഷേപങ്ങൾ വൻതോതിൽ ലാഭകരമായ മേഖലയിൽ കേന്ദ്രീകരിക്കുകയാണെങ്കിൽ അടിസ്ഥാന വ്യവസായങ്ങൾ അവഗണിക്കപ്പെടുകയും ചെറുകിട വ്യവസായങ്ങൾ തകർന്ന് തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്യും. ഗതാഗതം, വൈദ്യുതി, ആശയവിനിമയം, ജലവിതരണം എന്നീമേഖലകളിലും വിദേശ സംരംഭങ്ങൾ കേന്ദ്രീകരിക്കുകയും അതിൻെറ ഫലമായി അത്തരം സേവനങ്ങളുടെ വില സാധാരണക്കാരന് അപ്രാപ്യമായ 'അമേരിക്കൻ സ്റ്റാൻഡേർഡി'ൽ ഉയരുകയും ചെയ്യും.

ബാങ്കിങ്, ഇൻഷൂറൻസ് മേഖലകൾ സർക്കാർ നിയന്ത്രണത്തിൽ നിന്ന് വിമോചിപ്പിച്ച്, ആഗോള കമ്പോള വ്യവസ്ഥയുടെ ചലനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ സ്വതന്ത്രമാകണമെന്നാണ് മറ്റൊരു നിർദ്ദേശം. പണത്തിന്റെ വിനിമയത്തിന്റെയും ഉപയോഗത്തിന്റെയും മേലുള്ള നിയന്ത്രണം നമുക്കു കൈമോശം വരികയും ആഗോള ഭീമൻ ബാങ്കിങ്, ഇൻഷൂറൻസ് കമ്പനികളുടെ കൈയ്യിൽ ആവുകയുമായിരിക്കും ഫലം. ഇത് നിക്ഷേപങ്ങൾ ഒഴുകി മാറുവാൻ ഇട നൽകും. ഈ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് വിദേശ ബാങ്കുകൾ ആവശ്യാനുസരണം ഇന്ത്യയിൽ ആരംഭിക്കാമെന്നാണ് നരസിംഹം കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നത്. 'കുടുംബം' എന്ന സാമാന്യസങ്കൽപത്തിനുപോലും പ്രാധാന്യം ഇല്ലാത്ത പാശ്ചാത്യ സമൂഹത്തിലെ ഇൻഷൂറൻസ് കമ്പനികളും, ബാങ്കുകളും മറ്റും വൻനഷ്ടത്തിലാണ് ചക്രം ചവിട്ടുന്നത്. ഇവയെ രക്ഷിക്കാനുള്ള പുതിയ മാർഗ്ഗമാണ് ഈ നിർദ്ദേശങ്ങൾ.

കോട്ടങ്ങൾ ഒറ്റ നോട്ടത്തിൽ

1. കാർഷിക സബ്സിഡി കുറയ്ക്കണമെന്ന നിർദ്ദേശം സമ്പന്നരല്ലാത്ത ബഹുഭൂരിപക്ഷം കർഷകർക്ക് വലിയ ആഘാതമാകും. വളം, വെള്ളം, കീടനാശിനി, വൈദ്യുതി എന്നിവയ്ക്കൊന്നും സബ്സിഡി പാടില്ലെന്നാണ് പറയുന്നത്.

2. താങ്ങുവില, സംഭരണവില എന്നിവ നിർത്തുന്നത് കർഷകരെ പട്ടിണിയിലാക്കും.

3. ഇൻഡ്യൻ കാർഷിക വിപണി മലർക്കേ തുറക്കുന്നതോടെ വിദേശ രാജ്യങ്ങളുടെ ഉൽപന്നങ്ങൾ ഇങ്ങോട്ടു പ്രവഹിക്കും. ഇൻഡ്യൻ കർഷകന്റെ ഉൽപന്നത്തിനു വിലയിടിയും.

4. ബൗദ്ധികാവകാശനിയമം, ജൈവ സമ്പത്തുകൾക്കും ബാധകമാകുന്നതോടെ ബഹുരാഷ്ട്ര കുത്തകകൾ ഇൻഡ്യൻ കാർഷിക മേഖല കൈക്കലാക്കും. കൊയ്ത്തിനുശേഷം വിളവിലൊരുഭാഗം വിത്തായി സൂക്ഷിക്കാൻ പോലും അനുമതി ഇല്ലാതെ വരും.

5. റേഷൻ സമ്പ്രദായം നിർത്തലാക്കുന്നതോടെ ഇൻഡ്യയിൽ വീണ്ടും പട്ടിണി മരണംവരെ അരങ്ങേറും.

6. എല്ലാരാജ്യങ്ങളും ആവശ്യമില്ലെങ്കിലും ഒരു നിശ്ചിത ശതമാനം ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യണമെന്നാണ് ഗാട്ട് ഉടമ്പടി നിർദ്ദേശം. ഇത് ഇൻഡ്യൻ വ്യവസായങ്ങൾക്ക് കനത്ത ആഘാതമേൽക്കും.

7. ഉൽപാദന പ്രക്രിയയ്ക്കു പകരം ഉൽപന്നത്തിന് പേറ്റന്റ് ഏർപ്പെടുത്തുന്നതോടെ മരുന്നുകൾക്കും മറ്റും വമ്പിച്ച വിലക്കയറ്റവും ദൗർലഭ്യവും സംജാതമാകും. പേറ്റന്റ് കാലാവധി 20 വർഷത്തേക്കു നീട്ടുന്നത് സ്ഥിതി കൂടുതൽ വഷളാക്കും.

8. സേവനമേഖല കൂടി തുറന്നു കൊടുക്കുന്നതോടെ ഇൻഡ്യൻ സമ്പദ്വ്യവസ്ഥയുടെ നിയന്ത്രണം വിദേശശക്തികൾക്ക് കൈക്കലാക്കാൻ വഴിയൊരുങ്ങുന്നു. ബാങ്കിങ്-ഇൻഷൂറൻസ് മേഖലകളിൽ ഇൻഡ്യയ്ക്ക് പുറത്തുള്ളവർക്കു നിയന്ത്രണം എന്നത് രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരത്തെത്തന്നെ തുരങ്കം വച്ചേക്കും.

കോളനിവൽക്കരണത്തിന്റെ മൂർച്ച കൂട്ടുന്നതിന്റെ ഭാഗമായി 1859-ൽ ബ്രിട്ടീഷുകാർ ഇന്ത്യയുടെ ശാസ്ത്രസാങ്കേതിക വളർച്ച മുരടിപ്പിക്കുവാനായി ഒരു പേറ്റൻറു നിയമം കൊണ്ടുവരികയുണ്ടായി. ബ്രിട്ടീഷുകാർ ഇൻഡ്യ കീഴടക്കിയതും ഈസ്റ്റ് - ഇൻഡ്യകമ്പനി എന്ന കച്ചവടക്കമ്പനി വഴിയായിരുന്നു എന്നത് ചരിത്രം. ചരിത്രം വീണ്ടും പുതിയ രൂപത്തിൽ അവതരിക്കാം എന്നുള്ളത് നഗ്നസത്യം. ലോകത്തിലെ ഏറ്റവുമധികം പട്ടിണിക്കാരും, ദാരിദ്ര്യത്തിലാണ്ടവരും നിരക്ഷരരും, കുഷ്ഠരോഗം, മന്തുരോഗം, ക്ഷയരോഗം തുടങ്ങി പകർച്ചവ്യാധികൾക്ക് അടിമപ്പെട്ടവരും, ലോകത്തിൽ ഏറ്റവുമധികം ശിശുമരണവും, പ്രസവമരണവും നടക്കുന്ന രാജ്യം എന്നെല്ലാമുള്ള ഒന്നാം സ്ഥാനങ്ങളാണ് നമ്മുടെ ഭരണവർഗ്ഗശക്തികൾ നമുക്കായി ഒരുക്കിയിരിക്കുന്നത്. രണ്ടു ലക്ഷത്തിലേറെക്കോടിരൂപ വിദേശ കടവും, രണ്ടരലക്ഷത്തിലേറെ കോടിരൂപ അഭ്യന്തരകടവുമായി. കടക്കെണിയിൽ കുടുങ്ങിയിരിക്കുന്നു നമ്മുടെ രാജ്യം. രൂപയുടെ മൂല്യശോഷണവും, ബഹുരാഷ്ട്രകുത്തകകൾക്കനുകൂലമായി സാമ്പത്തിക-വ്യാപാര നിയമങ്ങൾ പൊളിച്ചെഴുതലും, രൂപയെ കൺവെർട്ടബിൾ ആക്കലും അടക്കം ഈ രാജ്യത്തെ ബഹുരാഷ്ട്രകുത്തകകളുടെയും സാമ്രാജ്യത്വശക്തികളുടെയും ചൂഷണവലക്കണ്ണികളിൽ കൂടുതൽ കൂടുതലായി കുരുക്കി ഞെരിക്കാനുള്ള എല്ലാ പദ്ധതികളും അംഗീകരിച്ചു കഴിഞ്ഞു. സഹിച്ചേ മതിയാകൂ. പ്രതികരണശേഷി ഈ നിഷാദൻമാരുടെ മുന്നിൽ ഒന്നുമല്ല. ഇവരെയെല്ലാം എതിർക്കാൻ പുതിയ മാർഗങ്ങളും, പുതിയ തത്വശാസ്ത്രങ്ങളും ഉടലെടുക്കേണ്ടസമയം അതിക്രമിച്ചുകഴിഞ്ഞു.

സൂചനകൾ

1.'ഇന്ത്യയുടെ സാമ്പത്തിക പ്രശ്നങ്ങൾ'-ഫീനിക്സ് പബ്ലിക്കേഷൻസ്

2മാതൃഭൂമി-ഏപ്രിൽ 14 - 1994, -നവംബർ 2 - 1993

3.ദി ഹിന്ദു-ജൂലായ് 1 - 1993, -ഡിസംബർ 2 - 1993 -ഒക്ടോബർ 31 - 1993, -ഡിസംബർ 27 - 1993

4.ഇക്കണോമിക് ടൈംസ്-ഡിസംബർ 18 1993 ഡിസംബർ 24 - 1993, -ഡിസംബർ 25 - 1993

കാർട്ടൂണുകൾ - ഇൻഡ്യൻ എക്സ്പ്രസ്.

ഏറെ വിവാദങ്ങളുമായി
ഒരു ഗാന്ധി

പ്രബുദ്ധകേരളത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ള പ്രവചനങ്ങളാണ് ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റേത്. ഫ്യൂഡൽ കെട്ടുപാടുകൾ വലിച്ചെറിഞ്ഞുകൊണ്ട് ജീവിതത്തിന്റെ ചൂടു പൊള്ളുന്ന യാഥാർത്ഥ്യങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന രാഷ്ട്രീയ ധീഷണാശാലി ഗാന്ധി വിമർശിക്കപ്പെടാൻ പാടില്ല എന്നത് ഒരു ഫാസിസ്റ്റ് സമീപനമാണ്. ഇ.എം.എസ്. ഏറെ വിമർശിക്കപ്പെട്ട വിവാദലേഖനത്തിലേക്കും സാംസ്കാരിക നായകൻമാരുടെ പ്രതികരണത്തിലേക്കും അതോടൊപ്പം ഗാന്ധിജിയിലേയ്ക്കും അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളിലേയ്ക്കും ഒരെത്തിനോട്ടം

"മതമൗലികവാദമെന്ന പദത്തിനർത്ഥം സാമൂഹ്യവും സാംസ്കാരികവുമായ എല്ലാ പ്രശ്നങ്ങളും പരിശോധിക്കുന്നതിൽ മതത്തിന് മൗലികസ്ഥാനം നൽകുകയെന്നതാണ്. ആ അർത്ഥത്തിൽ എല്ലാ വിഭാഗങ്ങളിലുംപെട്ട മതമേലദ്ധ്യക്ഷൻമാർ മതമൗലീകവാദികളാണ്. മതമൗലികവാദികളുമായി അസ്പൃശ്യത പുലർത്തുക എന്ന നിലപാട് എടുക്കുകയാണെങ്കിൽ, എല്ലാ മത സമുദായങ്ങളുമായി ബന്ധം വിടർത്തേണ്ടിവരും. അതല്ല മാർക്സിസത്തിന്റെ നിലപാട്. ദേശീയ പ്രസ്ഥാനത്തിലെ സമുന്നത നേതാക്കളായിരുന്ന സ്വയം ഹിന്ദുക്കളായ തിലകനും മഹാത്മാഗാന്ധിയും അതുപോലെ മുസ്ലീം നേതാക്കൻമാരിൽ നിന്ന് അബ്ദുൾകലാം ആസാദും, അബ്ദുൾ ഗാഫർഖാൻ മുതലായവരും ഉണ്ടായിരുന്നു. അവരെല്ലാം മതമൗലീകവാദികളായിരുന്നു. മാഹാത്മാഗാന്ധി തന്റെ 'രാമരാജ്യസിദ്ധാന്തം' ആവിഷ്കരിച്ചത് കോടിക്കണക്കിനുള്ള കർഷകജനസാമാന്യത്തെ സമരരംഗത്ത് ഇറക്കുന്നതിനാണ്. മുസ്ലീം 'ദരിദ്രനാരായണ'ൻമാരെക്കൂടി ദേശീയ സമരത്തിൽ പങ്കെടുപ്പിക്കുന്നതിന് മഹാത്മാഗാന്ധി ഖിലാഫത്ത് പ്രശ്നം തന്റെ പ്രത്യക്ഷ സമരപരിപാടിയിൽ ഉൾക്കൊള്ളിച്ചു. ദേശീയ പ്രസ്ഥാന സമരചരിത്രത്തിലെ അവസാനഘട്ടമായപ്പോഴേക്ക് 'ബ്രിട്ടീഷുകാർ ഇന്ത്യവിടുക' എന്ന കോൺഗ്രസ്സിന്റെ ആവശ്യത്തിനെതിരെ 'ഇന്ത്യയെ രണ്ടാക്കി വെട്ടിമുറിച്ച് ബ്രിട്ടീഷുകാർ ഇന്ത്യ വിടുക' എന്ന ആവശ്യം ജിന്ന ഉയർത്തി. ഇന്ത്യാ പാക്കിസ്ഥാൻ വിഭജനത്തിന് അരങ്ങൊരുക്കിയത് ജിന്നയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള മുസ്ലിം ലീഗുമാണ്." - ഇ.എം.എസ്.

"ഇന്ത്യൻ രാഷ്ട്രീയത്തിലെ ഗാന്ധിയൻ പാരമ്പര്യത്തിന്റെ ഈ മുഖത്തെയാണ് ഇ.എം.എസ്. മതമൗലികവാദം എന്നുവിളിക്കുന്നത്. മതമൗലികവാദം എന്ന വാക്കിനെ പുനർനിർവചനം ചെയ്തു കൊണ്ടാണ് അദ്ദേഹം ഗാന്ധിയുടെ രാഷ്ട്രീയ സംഭാവനയുടെ അളവുകോലായി അതിനെ ഉപയോഗിക്കുന്നത്. പക്ഷേ ഇ.എം.എസിന്റെ ലേഖനം വായിക്കാൻ ക്ഷമയില്ലാത്തവരും സത്യത്തെ പത്രത്തലക്കെട്ടുകളിൽ തേടുന്നവരുമായ ഒട്ടനവധി പേർ 'മതമൗലികവാദി' എന്ന മാധ്യമങ്ങൾ പ്രചാരം ചെയ്ത വാക്കിന്റെ സ്ഥൂലമായ അർത്ഥത്തിൽ മാത്രം ഇ.എം.എസിന്റെ സംജ്ഞയെ കണ്ടു ക്ഷോഭിച്ചു. ഇ.എം.എസിന്റെ ലേഖനത്തെപ്പറ്റി ഇന്നേവരെ നടന്ന ചർച്ചകളിൽ ശരിയായ ധാരണയ്ക്കു വിഘാതമായി നിൽക്കുന്നതു 'ഫണ്ടമെൻറലിസ്റ്റ്' അഥവാ 'മതമൗലികവാദി' എന്ന വാക്കിന് ഇന്ത്യൻ മാധ്യമങ്ങൾ വിദേശ മാധ്യമങ്ങളെ അനുഗമിച്ചു നൽകിയ അർത്ഥമാണ്.

ഗാന്ധിയുടെ രാഷ്ട്രീയവും ദാർശനീകവുമായ പരാജയങ്ങളെ പക്വതയോടെയും വിക്ഷോഭങ്ങളില്ലാതെയും മനസ്സിലാക്കിയിട്ടുള്ള ഒരു ചരിത്രജ്ഞാനി എന്ന നിലയ്ക്കാണ് ഇ.എം.എസ്. അതിലൊന്നായ മതമൗലികതയെ പരാമർശിക്കുന്നത്. അതായത് ഗാന്ധി ഹിന്ദുമതമുപയോഗിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സാമൂഹികവും, സാംസ്കാരികവും, രാഷ്ട്രീയവുമായ എല്ലാ പ്രശ്നങ്ങളും പരിശോധിച്ച് അവയെ ഹൈന്ദവികതയുടെ വെളിച്ചത്തിൽ അപഗ്രഥിക്കാനും വിധിക്കാനും മാറ്റപ്പെടുത്താനും പരിശ്രമിച്ചു."

"ഇ.എം.എസ്. ഗാന്ധിയെപ്പറ്റി ഒരു സത്യം പറഞ്ഞത് ഇടുതുമുന്നണിയുടെ താൽക്കാലികാവശ്യങ്ങൾക്കുവേണ്ടി മാത്രമായിരുന്നു, എന്നു കുറ്റപ്പെടുത്താം. അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിയ്ക്കുപോലും വിപണിയിലെ ഗാന്ധി വിഗ്രഹത്തിൻമേൽ കണ്ണുതുറന്നുനോക്കാനുള്ള ധൈര്യമില്ല. ഇ.എം.എസ്.നെപ്പോലെയൊരു അവിശ്വാസി എന്നെ അതിശയിപ്പിക്കുന്നതും ഇക്കാരണത്താലാണ്." - സക്കറിയ

"ആസാദിനെയും ഗാഫർഖാനെയും മതമൗലികവാദികൾ എന്നു വിശേഷിപ്പിക്കാമെന്നു തോന്നുന്നു. മൗലാനാ മുഹമ്മദലി, ഷൗക്കത്തലി തുടങ്ങിയവർ മതഭ്രാന്തരുടെ കൂട്ടത്തിൽപ്പെടും. ജിന്നയാവട്ടെ രാഷ്ട്രീയ വിപണിയിലെ സമർഥനായ മതവ്യാപാരിയായിരുന്നു. ചുരുക്കത്തിൽ വിശ

ഐക്യതത്വമാണ്. വർഗസമര സിദ്ധാന്തംപോലും ചരിത്രഗ
തിയിൽ മനുഷ്യൻ വർഗസമരത്തെ അതിജീവിക്കണമെന്നും
അപ്പോൾ മാത്രമേ സമ്പൂർണമായ സ്ഥിതി സമത്വമുണ്ടാവൂ
എന്നും സങ്കൽപനം ചെയ്യുന്നുണ്ടല്ലോ. ആ സമത്വബിന്ദു
വിനെ ശ്രദ്ധിക്കുക. അവിടെ വർഗങ്ങളെല്ലാം ഭിന്നതകൾ
വെടിഞ്ഞ് ഏക 'യോഗക്ഷേമ'മായി കഴിഞ്ഞുകൂടുന്നുവെന്നു
സങ്കൽപിക്കണമെങ്കിൽ അവിടത്തെ നിയാമകമായ സമൂഹ
ശക്തി ഏതാണ്? വർഗസമരമോ മാനവ ഐക്യമോ? മാനവ
ഐക്യം എന്ന് സ്പഷ്ടം. അപ്പോൾ വർഗ്ഗസമരം പോലും
മാനവ ഐക്യത്തിന്റെ സാക്ഷാത്കാരത്തിനുള്ള ഒരു
മാർഗമേ ആകുന്നുള്ളു. ആ മാർഗത്തിനു ലക്ഷ്യത്തേക്കാൾ
പ്രാധാന്യമുണ്ട്. ഗാന്ധിജി ആ ലക്ഷ്യത്തെ കൈക്കൊള്ളു
കയും ആ മാർഗത്തെ തള്ളുകയും ചെയ്തു. അതറിഞ്ഞു
ചെയ്തുകൊണ്ട് ഗാന്ധിജി ബൂർഷ്വാ നേതാവും സമത്വവാദ
വിരുദ്ധനുമാകുമോ?' - സുകുമാർ അഴീക്കോട്

'മോഹൻദാസ് ഗാന്ധി എങ്ങനെ 'രാഷ്ട്രപിതാ'വായി
ത്തീർന്നു? ഒന്നാം ലോകമഹായുദ്ധക്കാലത്ത് കൂറുള്ള ഒരു
സാർജൻറായി പ്രവർത്തിച്ച അദ്ദേഹം 1942ൽ "ബ്രിട്ടീഷ് ഭര
ണാധികാരികളെ, ഇന്ത്യ വിട്ടുപോവുക' എന്ന ആവേശകര
മായ മുദ്രാവാക്യത്തോടുകൂടിയാണ് 'പൊരുതുക അല്ലെങ്കിൽ
മരിയ്ക്കുക' പ്രസ്ഥാനത്തിന്റെ നേതാവായി ഉയർന്നത്.

"രണ്ടാമതായി, നാളിതുവരെ നിദ്രയിലാണ്ടു കിടന്നി
രുന്ന കോടിക്കണക്കിനു പാവപ്പെട്ട ഗ്രാമീണ ജനതയെ
ഉണർത്തുന്നതിന് അദ്ദേഹത്തിന്റെ ആദർശവാദം ഒരു
വലിയ പങ്കുവഹിച്ചു. അവരോടു സംസാരിക്കുന്നതിന്
ഗാന്ധി ഉപയോഗിച്ച ഏറെക്കുറെ മതപരമായ ഭാഷ, അദ്ദേ
ഹത്തിന്റെ ലളിതവും ആർഭാടരഹിതവും ആയ ജീവിതം,
അവരുടെ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നതിൽ
പ്രദർശിപ്പിച്ച വികാരവായ്പ് എന്നിവയെ എല്ലാംകൂടി കോടി
ക്കണക്കിന് സാധുക്കളായ ഗ്രാമീണരെ അദ്ദേഹത്തിന്റെ
നേർക്ക് ആകർഷിച്ചു. സ്വന്തം രക്ഷിതാവെന്ന നിലയിലും
തങ്ങൾ അകപ്പെട്ടിട്ടുള്ള ദയനീയ സ്ഥിതിയിൽ നിന്ന് തങ്ങളെ
ഉദ്ധരിക്കുന്നതിനെത്തിയ പുതിയ അവതാരമൂർത്തിയെന്ന
നിലയിലും അവർ അദ്ദേഹത്തെ കണ്ടു" - ഇ.എം.എസ്

ഇ.എം.എസ്. തന്റെ ലേഖനത്തിലൂടെ ഗാന്ധിയെ
ശ്ലാഘിക്കുകയാണ് ചെയ്തിട്ടുള്ളത്. ഖദറിൽ നെയ്ത കുപ്പാ
യങ്ങൾ ധരിക്കുന്നവർ യഥാർത്ഥഗാന്ധിയൻമാരാണെന്ന്
വാദിക്കുന്നതിൽ എന്തോ പിശകുണ്ട്. സ്വന്തം പാർട്ടി വിമർശി
ച്ചെങ്കിലും ഇ.എം.എസിന്റെ അഭിപ്രായങ്ങൾ നമ്മെ ഇരു
ത്തിച്ചിന്തിപ്പിക്കുന്നു. കരുണാകര പ്രഭൃതികൾ ഇ.എം.എ
സിനെ വിമർശിക്കുന്നതിനു പിന്നിലെ ഉദ്ദേശ ശുദ്ധി നാം
ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

രീകരിക്കാം. ഗാന്ധിജി മതത്തിൽ വിശ്വസിച്ചു. പക്ഷേ, ആ
മതത്തിനു സ്വന്തം നിർവചനംനൽകി. സത്യമാണു ദൈവം
എന്നദ്ദേഹം ദൈവത്തെ പുനർനിർവചിച്ചു. അദ്ദേഹത്തിന്റെ
മതം ഏതെങ്കിലും യാഥാസ്ഥിതിക മതമായിരുന്നില്ല. സത്യാ
ന്വേഷണ പരീക്ഷണമായിരുന്നു. മതത്തെ അദ്ദേഹം
പരീക്ഷണ വിധേയമാക്കി. ദൈവത്തെ പോലും"

"മതത്തിന് ഒരു ജനതയെ ഏകീകരിക്കാനാവില്ല എന്ന്
ഒട്ടേറെ ഉദാഹരണങ്ങളുന്നയിച്ച്, അതിവാചാലമായ ഭാഷ
യിൽ സക്കറിയ വീറോടെ വാദിക്കുന്നു. വാസ്തവത്തിൽ
ഇതൊരു നിഴൽയുദ്ധമാണ്. മതം ഒരു രാഷ്ട്രത്തെ വാർത്തെ
ടുക്കുമെന്ന് ആരും പറഞ്ഞിട്ടില്ല. ഗാന്ധിജിയോ ഹൂന്ദുത്വവാ
ദികളോ ആരും. വളരെ വ്യക്തമായി ഗാന്ധിജി പറഞ്ഞി
ട്ടുള്ളത് എത്ര വ്യക്തികളുണ്ടോ അത്രയും മതങ്ങളുമുണ്ട്
എന്നാണ്. മതങ്ങൾക്കതീതമായി ജനങ്ങളെ യോജിപ്പിക്കുന്ന
പൊതുസംസ്കാരത്തിൻമേലാണു ഗാന്ധിജിയും ഹിന്ദുത്വ
വാദികളും ഊന്നൽ കൊടുക്കുന്നത്. ഹിന്ദു-മുസ്ലീം ഐക്യ
ത്തിനു വേണ്ടി വാദിച്ചു ഗാന്ധിജി ഭാരതീയ സംസ്കാരത്തി
ന്റെയും ദേശീയതയുടെയും കുടക്കീഴിൽ വ്യത്യസ്ത മത
ക്കാരെ അണിനിരത്താനാണു ശ്രമിച്ചത്. ദേശാഭിമാനം
നൽകിയ കരുത്തുകൊണ്ടാണ്. അതില്ലാത്തതുകൊണ്ടാണ്
ഇന്ന് ഇന്ത്യ അമേരിക്കൻ അടിമത്തത്തെ ആശ്ലേഷിക്കുന്നത്.
നമുക്കില്ലാത്തത് ഐക്യവും അഭിമാനവുമാണ്. അതുണ്ടാ
ക്കാനുള്ള ശ്രമത്തിന്റെ പ്രതീകമാണ് രാമക്ഷേത്രം. രാമരാ
ജ്യസങ്കൽപം കൊണ്ടു ഗാന്ധിജി ചെയ്തതു തന്നെയാണ്
രാമക്ഷേത്രസങ്കൽപം കൊണ്ട് അശോക് സിംഗാൾ ചെയ്യാൻ
ശ്രമിക്കുന്നതും. ആ മാർഗം തെറ്റാണെന്നു സക്കറിയായ്ക്കു
വാദിക്കാം. ചപ്പാത്തിക്കു പകരമാണ് രാമക്ഷേത്രം എന്ന
വാദം സിംഗാളിന്റേതല്ല, സക്കറിയയുടേതാണ്." - പി പര
മേശ്വരൻ

"ഗാന്ധിജിയുടെ ആത്മാവ് പരീക്ഷണങ്ങളിലൂടെ
ഹിന്ദു മതത്തിനും അപ്പുറത്തുള്ള ഒരു സാർവജനീന മത
ത്തിന്റെ സത്യത്തെ മനസ്സിലാക്കിയിരുന്നു എന്നത് അദ്ദേഹ
ത്തിന്റെ നൂറു നൂറു പ്രസ്താവനകളെക്കൊണ്ടു സമർഥി
ക്കാവുന്നതാണ്. അവയെല്ലാം ഒരടിക്കു നിരാകരിച്ചുകൊണ്ട്,
ഗാന്ധിജി, രാഷ്ട്രീയ പ്രശ്നങ്ങൾക്കു പരിഹാരം ഹൈന്ദവ
ബോധമാണെന്നു പറഞ്ഞുവെന്ന് ഒഴുക്കനേ കുറ്റപ്പെടുത്തു
ന്നത് ഓർമ്മക്കേടുകൊണ്ടായാലും ക്ഷന്തവ്യമാവില്ല. ക്ഷന്ത
വ്യമാണെങ്കിൽ ഗാന്ധിജിയെ അപവദിച്ചുവെന്നു പറഞ്ഞു
ബഹളം കൂട്ടുന്ന അജ്ഞരായ ജനങ്ങളുടെ ക്ഷോഭവും
ക്ഷന്തവ്യമായിരിക്കണമല്ലോ'

'ഗാന്ധിജി മതത്തിന്റേതായി കണ്ട ആ സത്യത്തി
ലാണു തന്റെ മനുഷ്യസേവനത്തിന്റെ തത്വശാസ്ത്രത്തെ
കെട്ടിപ്പടുത്തത്. ഇതു വർഗ്ഗസമരസിദ്ധാന്തമല്ല; മനുഷ്യ

SACRED HEART COLLEGE, THEVARA

Principal's Annual Report, 1993-94

Fr. Varghese Palamattam
PRINCIPAL

25th February, 1994

Dr. Balaraman, the honorable Vice-Chancellor of Cochin University of Science and Technology, Dr. P.K. Abraham, the Managing Director of Rastra Deepika, Mr. Rajesh Varma, our college Union Chairman, members of the Parent Teacher Association, respected parents, guests, members of the faculty, members of the supporting staff, and my dear students.

Indeed it is a matter of gratification to be fortunate enough to present the fiftieth annual report of the Sacred Heart College Thevara, in a year of beautiful blessings from God and the Sacred Heart of Jesus.

ACADEMIC YEAR 1993-94

The college reopened on 2nd June, 1993, II P.D.C. classes were started on 15the June, second and third BA, BSc classes on 22nd June and II and III BCom classes on 5th July 1993.

On 9th July the admission process for first P.D.C. was over and saturday, the 10th of July 1993 was the 'New Comers' day. There were a lot of members to attend it and this includes the parents and students of I PDC and the staff of the college. The same feat was repeated for I DC on saturday, the 7th August 1993. Our 'New Comers' day' is an occasion for the parents, PTA executives, teachers and students to get together. This is a day of familiarisation among the parents, teachers and the institution.

THE STAFF

The faculty in the college now is 106, with 12 Ph.Ds and 23 M.Phils. During the year Mr. Chackochan joined us in the Dept. of Commerce and Messrs. T.J. Abraham of English, Paul Jose P of Commerce, Jose Karikunnel of Chemistry and Sabu Augustine of Maths left us for better pastures elsewhere.

During the year Fr. Varghese Palamattam, the Principal was awarded by the Maharaja Sayajirao University of Baroda the Degree of Doctor of Philosophy in Education. The topic of research was Educational Administration and the thesis was on the MANAGEMENT OF AUTONOMOUS COLLEGES IN INDIA WITH SPECIAL FOCUS ON INNOVATION AND CHANGE. Prof. C.D.Johny of the Dept. of Zoology and M.T. Mathew of Chemistry have successfully completed their M.Phil studies. 15 members of our faculty are at varying stages of completing their Ph.D. studies and 16 of them are doing their M.Phil.

FAREWELL TO...

